# വൈദികൻ

ഹൈന്ദവ സംസ്കാരത്തിൽ നിന്ന് കടം എടുത്ത വാക്ക്. സംസ്കൃത വാക്ക്. 'വേദം' എന്നതിനോട് 'ഈ' പ്രത്യയം ചേർത്ത് വൈദിക എന്ന പദം ഉണ്ടാകുന്നു. വേദത്തിലുള്ളവൻ എന്നർത്ഥം

വൈദിക - വേദത്തിലുള്ളത് അറിയാവുന്നവൻ
വേദത്തിലുള്ളത് പഠിക്കുന്നവൻ'

പാണിനീയം IV. 2,59

വേദം എന്നതിന് മതം (നിയമം) എന്നർത്ഥം. വേദജ്ഞാനി എന്ന അർത്ഥത്തിലും വൈദികൻ അറിയപ്പെടുന്നു.

വിശ്വാസികളുടെ പ്രതിനിധിയായി ദൈവോന്മുഖമായി നിന്ന് അർത്ഥിക്കുകയാണ് ഒരു വൈദികൻ ചെയ്യുന്നത്. ദൈവ സിംഹാസനത്തിൻ മുൻപാകെ നിന്നുകൊണ്ട് തന്റെ ജനത്തിന് ആചാര്യശുശ്രൂഷ ചെയ്യുന്നത് ഒരു പദവിയും ഉത്തരവാദിത്തവുമാകുന്നു. സർവ്വശക്തനായ ദൈവമുൻപാകെ ബലം കുറഞ്ഞവരും അശക്തരും അല്പകാല ജീവികളായ സകല ജനത്തിനും വേണ്ടി മദ്ധ്യസ്ഥത ചെയ്യുന്നതിന് തിരഞ്ഞെടുത്ത പുരോഹിത വർഗ്ഗമാണ് വിശ്വാസികളായ ജനങ്ങൾ. യിസ്രായേലിലെ മഹാപുരോഹിതന്മാരുടെ ഏഫോദിൽ പന്ത്രണ്ട് ഗോത്രങ്ങളുടേയും പേര് കൊത്തിവച്ചിരുന്നു. അത് വഹിച്ചുകൊണ്ടാണ് അവർ യഹോവയായ ദൈവസന്നിധിയിൽ പ്രവേശിച്ചിരുന്നത്. (പുറപ്പാട് 28:26) മദ്ധ്യസ്ഥ പ്രാർത്ഥന സഭയ്ക്ക് അനുവദിച്ചുകൊടുത്ത ഒരു വലിയ അനുഗ്രഹമാണ്.

'തുബ്ദേൻ' എന്നാൽ വീണ്ടും ഉള്ളത് (again then) എന്നർത്ഥം. വി. കുർബ്ബാനയുടെ കേന്ദ്രസ്ഥാനമായ ഈ മദ്ധ്യസ്ഥ പ്രാർത്ഥനയുടെ പ്രാധാന്യം സാധാരണയായി നാം ഓർക്കാറില്ല. അതുകൊണ്ടുതന്നെ ആദ്യത്തെയും അവസാനത്തേതുമായ പ്രാർത്ഥനകൾ നാം ചൊല്ലിത്തീർക്കുകയാണ്.

അഗ്നിമയനായ ദൈവസന്നിധിയിൽ കേവലം വൈക്കോലായ മനുഷ്യൻ അടുത്തുവരുന്നു. എനിക്ക് അടുക്കാൻ കഴിയില്ലല്ലോ ദൈവമേ എന്ന ചിന്ത മനുഷ്യനും പുരോഹിതനും ഉണ്ടായിരിക്കേണം. പുരോഹിതൻ എന്നാൽ മുൻപോട്ട് തിരിഞ്ഞു നിൽക്കുന്നവൻ (പുരോഭാഗത്തു നിൽക്കുന്നയാൾ) എന്ന് അർത്ഥം. പ്രാർത്ഥന എന്നാൽ-

സൃഷ്ടാവിനോട് സൃഷ്ടി പ്രാർത്ഥിക്കുന്നു.
പരിശുദ്ധനോട് പാപി സംവാദിക്കുന്നു.
ബലവാനോട് അശക്തൻ തർക്കിക്കുന്നു.
മരണമില്ലാത്തവനോട് വെറും നാലുവിരൽ നീളം ആയുസ്സുള്ളവൻ യാചിക്കുന്നു.

പ്രാർത്ഥന അപേക്ഷയാണ്. ഏററവും വലിയപ്രാർത്ഥന കുറിയേ-ലായിസ്സോൻ എന്നതാണ്. അതിന്റെ ആഴം അഗാധവും, അന്ത്യം മനോജ്ഞവും ആകുന്നു. കുറിയേ-ലായിസ്സോന്റെ ശബ്ദം കുറഞ്ഞതും, അർത്ഥം ലഘുവുമാണ്.

പ്രാർത്ഥന അർത്ഥവത്തും സാരസമ്പുഷ്ടവും ആയിരിക്കണം. അവ വിശ്വാസിയെ ഭൂമിയിൽ നിന്ന് സ്വർഗ്ഗത്തോളം ഉയർത്തുന്നതായിരിക്കണം. സ്വർഗ്ഗത്തിലെ ആരാധനയുടെ അതേ രൂപമാണ് താഴെ ഭൂമിയിലും. അച്ചടക്കവും ചിട്ടയും അതിനുണ്ടായിരിക്കണം. നമ്മുടെ കർത്താവ് എല്ലാം ഭംഗിയായും ക്രമമായും ചെയ്യുന്നതിന് താല്പര്യപ്പെടുന്നു. അതിനാലാണ് പർവതത്തിൽ കാണിച്ച മാതൃക പോലെ ആയിരിക്കണം സമാഗമന കൂടാരം ചമക്കേണ്ടത് എന്ന് കൽപ്പിച്ചത്. 5000 പേരെ പോഷിപ്പിക്കുന്നതിന് മുൻപ് ജനത്തെ പച്ചപ്പുല്ലിൽ പന്തിയായി, അൻപതു വീതം ഇരുത്തുന്നതിന് നിഷ്കർഷിച്ചിരുന്നു(വി.ലൂക്കോ: 9:14). ശേഷിച്ച ക്ഷണം ശേഖരിക്കുന്നതിനും ആവശ്യപ്പെട്ടു. എന്തെങ്കിലും നേടിയെടുക്കുന്നതല്ല പ്രാർത്ഥന. അത് ഭക്തിയുടെ അനുഭവത്തിനും ദൈവീക ചിന്തയുടെ വർദ്ധനവിനും സഹായകരമാണ്. ക്രിസ്തു എന്ന തലേയോളം വളരുന്നതിനുള്ള ഒരു അനുഭവം ആയിരിക്കണം പ്രാർത്ഥന.

പൗരസ്ത്യ ആരാധന കർത്താവിനെ അവിടുത്തെ മഹത്വത്തിൽ ദർശിക്കുന്നതിന് ആരാധകവൃന്ദത്തെ സഹായിക്കുന്നു. ദൈവപുത്രനായ യേശുവിന്റെ മനുഷ്യഗന്ധമുള്ള ജീവിതം സ്വർഗ്ഗതുല്യമായ അനുഭവത്തിന് ഓരോ വിശ്വാസിയേയും ഒരുക്കുന്നു. പിതാവിനോട് ഏകീഭവിപ്പിക്കുന്നു. തന്റെ നാമത്തിൽ ഒരേ ആത്മാവിൽ ആയിരിക്കുമ്പോൾ അവരുടെ മദ്ധ്യേ സന്നിഹിതനാകുന്നു. അനുതാപവും നുറുക്കവും ഇല്ലാതെ മഹത്വീകരണവും തേജസ്കരണവും പ്രാപിക്കാൻ കഴിയുകയില്ല. അതിനാലാണ് 51-ാം മസുമൂർ എല്ലാ പ്രാർത്ഥനയുടേയും,

കൂദാശകളുടേയും അവിഭാജ്യ ഘടകമായി മാറിയിരിക്കുന്നത്. പാപം ഏറ്റുപറഞ്ഞ് നിറവ് പ്രാപിക്കുന്നവർക്കു മാത്രമേ ദൈവമഹത്വത്തിൽ പങ്കാളിയാകുവാൻ കഴിയൂ.

വി. കുർബ്ബാനയിൽ തിരുപ്പിറവി മുതൽ പുനരുത്ഥാനം വരേയും സ്വർഗ്ഗാരോഹണവും രണ്ടാമത്തെ വരവും ഓർമ്മിപ്പിച്ചും ക്രിസ്തുചരിത്രം വർത്തമാനവൽക്കരിച്ചുകൊണ്ട് പ്രാർത്ഥനകൾ സഭ നടത്തുകയാണ്. ക്രിസ്തു സംഭവം വിശ്വാസിയെ ദൈവോന്മുഖമായി വളർത്തുന്നു, നിലനിർത്തുന്നു, ശക്തീകരിക്കുന്നു. വിരസത അശേഷം കൂടാതെ സഭാവിശ്വാസികൾ ഈ പ്രാർത്ഥനയിൽ ശരീരവും, മനസ്സും, ഹൃദയവും ഉറപ്പിച്ച് ഒന്നായി പങ്കുചേരുകയാണ്.

ത്രോണോസ് വൃത്തിയായും ഭംഗിയായും സൂക്ഷിക്കുന്നതിന് പട്ടക്കാർ പ്രത്യേകം ശ്രദ്ധിക്കണം. ഒരു തടി കുരിശ്ശ് നിർബന്ധമായും ത്രോണോസിൽ ഉണ്ടായിരിക്കണം. ഇരട്ടസംഖ്യാ ക്രമത്തിൽ മെഴുകുതിരിക്കാലുകൾ ഉള്ളത് അഭിലഷണീയമാണ്. വെളിച്ചം ദൈവസാന്നിദ്ധ്യം വെളിവാക്കുന്നു. 12 മെഴുകുതിരി 12 ശ്ലീഹന്മാരെ കുറിക്കുന്നു. മെഴുകുതിരി വെളിച്ചം ആദ്യ നൂറ്റണ്ടിലെ ഗുഹകളിലെ (Catacombs) ആരാധന ഓർമ്മിപ്പിക്കുന്നു. ഇപ്പോഴത്തെ ആരാധന അതിന്റെ പിന്തുടർച്ചയാണ്. മെഴുകുതിരികളും , കാലുകളും വൃത്തിയായിരിക്കണം. ത്രോണോസിൽ ഏറ്റവും ഉയർന്നത് കുരിശായിരിക്കണം. ക്രൂശിതരൂപമില്ലാത്ത കുരിശ് ഉയിർത്ത കർത്താവിന്റെ പ്രതീകമാണ്. പുഷ്പങ്ങൾ അർച്ചനയുടെ ഭാഗമാണ്. ഉണങ്ങിയ പുഷ്പങ്ങൾ നിർജ്ജീവ രൂപമാകയാൽ ത്രോണോസിൽ നിന്നും നീക്കിയിരിക്കണം. പുതിയവ വയ്ക്കണം. പ്ലാസ്റ്റിക് പൂക്കൾ വർജ്ജിക്കണം (പ്രതീകങ്ങൾക്ക് വീണ്ടും പ്രതീകം വരുമ്പോൾ അർത്ഥം ഇല്ലാതെയാകും). കുരിശ് നിലത്ത് വയ്ക്കാതെ പീഠത്തിൽ വയ്ക്കാൻ ശ്രദ്ധിക്കുക. മെഴുകുതിരിക്കു പകരം Blink ചെയ്യുന്ന വിളക്കുകൾ ഒഴിവാക്കണം.

ത്രോണോസ് "ജീവനുള്ള ദൈവത്തിന്റെ മേശ"എന്ന പദത്തിന് യോജിച്ചവ ആയിരിക്കണം അലങ്കാരങ്ങൾ. ദീപനാളം ജീവനെ കുറിക്കുന്നു. "വിരിച്ചൊരുക്കിയ മേശ"- എല്ലാ അർത്ഥത്തിലും അപ്രകാരം ആയിരിക്കണം.

## വൈദികരുടെ ഭാഷ

ഓരോരുത്തർ പ്രയോഗിക്കുന്ന ഭാഷാ പ്രയോഗത്തിലൂടേയും രീതിയിലൂടെയും ഭാവത്തിലൂടെയും ഒരാളുടെ ആളത്വത്തെ അളക്കുവാനും മനസ്സിലാക്കുവാനും കഴിയും. ഓരോസ്ഥാനീയർ ഉപയോഗിക്കുന്ന ഭാഷയെക്കുറിച്ച് ചില സങ്കൽപങ്ങൾ ഉണ്ട്. ഇന്നവിധം ആയിരിക്കണം എന്ന നിഷ്ഠയും നിഷ്കർഷയും ഉണ്ട്. അത് ലംഘിക്കുന്നവരെക്കുറിച്ച് നീരസവും.

പട്ടത്വസ്ഥാനീയരോടു ചേർന്ന് നില്ക്കുന്നതാണ് ബഹുമാനപ്പെട്ടത്. മേൽപ്പട്ടക്കാർക്ക് സഹചാരിയാണ് വന്ദ്യനും. ഒരേ സ്ഥാനീയരെങ്കിലും അന്യോന്യം സംസാരിക്കുമ്പോഴും മാന്യതയും ബഹുമാനവും കലർത്തണം. തമ്മിൽ കാണുമ്പോൾ എഴുന്നേറ്റ് ആദരിക്കുകയും തമ്മിൽ കൈയ്യസൂരി നൽകി സ്വീകരിക്കുകയും ചെയ്യണം. മേല്പ്പട്ടക്കാർ അനുവദിച്ചാൽ മാത്രം ഇരിക്കാം. അവർ ഇരുന്നു കഴിഞ്ഞു മാത്രമേ ഇരിക്കാവൂ.

അപ്പ വീഞ്ഞുകൾ വിശുദ്ധീകരിച്ച് സ്ഥാനീയ വചനങ്ങൾ ഉച്ചരിച്ചു കഴിഞ്ഞാൽ സാധാരണ പറയും പോലെ പിന്നീട് അപ്പം, വീഞ്ഞ് എന്നീ സംജ്ഞകൾ ഉപയോഗിക്കരുത്. വിശുദ്ധ ദ്രവ്യങ്ങൾ എന്നാണ് തക്സായിൽ പറഞ്ഞിരിക്കുന്നത്. അതിന്റെ പാത്രങ്ങളോടു ചേർന്ന് പ്രയോഗിക്കണം. പീലാസായിൽ നിന്ന്.............. കാസായിൽ നിന്ന്...............

## വി. കുർബ്ബാന അപ്പം ഉണ്ടാക്കുന്ന വിധം

നേർത്ത ഗോതമ്പുപൊടി, വെള്ളം, ഉപ്പ്, പുളിപ്പ്

പൗരസ്ത്യർ പുളിപ്പിച്ച അപ്പം ഉപയോഗിക്കുന്നു. ജീവനുണ്ടാക്കുന്ന അപ്പം എന്നു കാണിക്കുന്നതിന്. അതിനെ അമ്മീറാ എന്ന് വിളിക്കുന്നു. പാശ്ചാത്യസഭകൾ പുളിപ്പിക്കാത്ത അപ്പം ഉപയോഗിക്കുന്നു. അതിന് പത്തീറ എന്നു പറയുന്നു.

യോഹന്നാന്റെ സുവിശേഷം അനുസരിച്ച് ദേവാലയത്തിൽ പെസഹാ കുഞ്ഞാടിനെ അറുക്കുന്ന സമയം ക്രിസ്തു ക്രൂശിക്കപ്പെട്ടു (യോഹ. 19:14). അപ്പം മുറിച്ചു മാത്രമേ നാം കൊടുക്കാറുള്ളു.

അപ്പത്തിലുള്ള 12 ചെറിയ കുരിശ്, ഒരു വലിയ കുരിശ്, കർത്താവും പന്ത്രണ്ട് ശിഷ്യരും ചേർന്നുള്ള ഐക്യം - ഈ ഓർമ്മയിൽ ഒന്നാകുന്ന സഭ.

“മുറിക്കപ്പെടേണ്ട ശരീരം” - സഭ. ഒരു ചെറിയ അപ്പമാണെങ്കിലും അവ മുറിച്ച് മാത്രം നൽകേണം.

ബുധനാഴ്ച രാത്രിയാണ് യഥാർത്ഥ അന്ത്യ അത്താഴസമയം. വ്യാഴാഴ്ച രാത്രി വെള്ളിയാഴ്ചയുടെ ആദ്യ യാമങ്ങളാണ്.(6 pm, - 6 pm) വ്യാഴാഴ്ച മുതൽ പല കോടതികളിൽ യേശു വിസ്തരിക്കപ്പെട്ടു.

## വീഞ്ഞ്

1. ഉണക്ക മുന്തിരിങ്ങ കഴുകി പാത്രത്തിൽ ഇരട്ടി വെള്ളം ഒഴിച്ച് ഒരു രാത്രി വയ്ക്കുക. രാവിലെ പിഴിഞ്ഞ് എടുക്കുക. ആവശ്യമെങ്കിൽ മാത്രം വെള്ളം ചേർക്കുക.
2. കറുത്ത പച്ചമുന്തിരി കഴുകി വെള്ളം വാർന്ന ശേഷം ഭരണിയിൽ ഇടുക. പഞ്ചസാര ഇടയ്ക്ക് ഓരോ നിരയായി വിതറുക.

1 കിലോ മുന്തിരി = 1 കിലോ പഞ്ചസാര
മുറിക്കാത്ത വറ്റൽമുളക് 1
ഒരു നുള്ള് ഗോതമ്പ്
Preservative ചേർത്ത് ഭദ്രമായി സൂക്ഷിച്ചുവക്കുക
ഒരു മാസത്തിനു ശേഷം ഊറ്റിയെടുക്കുക.
പഞ്ചസാര അല്പാല്പം ചേർത്ത് ഓരോ ദിവസവും തവി കൊസ്ഥ് ഒരാഴ്ച ഇളക്കിക്കൊണ്ടിരിക്കണം.

ശ്രദ്ധിക്കുക - കഴിവതും കാസായും പീലാസായും മദ്ബഹായിൽ വച്ചു തന്നെ കഴുകി വെടിപ്പാക്കുക. പ്രതിഷ്ഠിച്ച സാധനങ്ങൾ നിലത്ത് തറയിൽ വയ്ക്കരുത്. പൂജ്യ പാത്രങ്ങൾ കഴുകുന്ന വെള്ളം അശ്രദ്ധമായി ഒഴിക്കരുത്. മനുഷ്യർ ചവിട്ടുന്ന സ്ഥലത്ത് വീഴ്ത്തരുത്.

വീഞ്ഞ്, കുപ്പിയിൽ നിന്ന് കാസായിലേക്ക് നേരെ പകരാതിരിക്കാൻ ശ്രദ്ധിക്കുക. മറ്റൊരു ചെറിയ കുപ്പി അതിനായി ക്രമീകരിക്കുക.

ത്രോണോസിൽ കഴിവതും അപ്പത്തിന്റെ കെട്ടും/പാത്രവും വീഞ്ഞിന്റെ കുപ്പിയും വയ്ക്കാതിരിക്കുക.

അപ്പവും വീഞ്ഞും കേടുപറ്റിയതല്ല എന്ന് ഉറപ്പുവരുത്തുക.

അപ്പം തണുത്ത് പോയാൽ ധൂപക്കുറ്റിയിലെ കനലിൽ വച്ച് ചൂടാക്കുക. ശുദ്ധീകരിച്ച അപ്പ വീഞ്ഞുകൾ പഴയവയോടു കൂടി കലർത്തരുത് - കലർത്തി സൂക്ഷിക്കേണ്ട. അവ അന്നന്നു തന്നെ ഭക്ഷിക്കേണ്ടതാണ്.

കാർമ്മികനും അന്ന് വിശുദ്ധ കുർബ്ബാനയിൽ പങ്കെടുത്ത വൈദീകരും ചേർന്ന് ബാക്കി വരുന്നവ ഭക്ഷിച്ചു കൊള്ളേണം. ഒട്ടും ശേഷിപ്പിക്കരുത്.

കാസാ, പീലാസ ഇവ കാർമ്മികൻ തന്നെ തുടച്ചു വെടിപ്പാക്കി, വിരിക്കൂട്ട് മടക്കി സ്തോത്ര പ്രാർത്ഥന നടത്തി ത്രോണോസിന് പിറകോട്ട് ഇറങ്ങി നട ഇറങ്ങണം.

വി. കുർബ്ബാന സ്തോത്രാർപ്പണമാകുന്നു. അതിനാൽ ദൈവസന്നിധിയിൽ കൈയ്യുടെ പ്രയത്നഫലമായ അപ്പവും ഭൂമിയുടെ വിളവായ മുന്തിരിയും, സമ്പാദ്യവും സ്തോത്രയാഗമായി സമർപ്പിക്കുന്നു എന്ന ചിന്തയിൽ അവ ഒരുക്കപ്പെടുന്നു.

## ധൂപാർപ്പണം

വൈദികർക്ക് മാത്രമുള്ള അവകാശമാണ് ധൂപാർപ്പണം. ഇടവേളയിൽ ശുശ്രൂഷക്കാരനെ അത് സൂക്ഷിക്കുന്നതായി ഏൽപ്പിക്കാവുന്നതാണ്. ജനങ്ങളും വൈദികരായി മാമോദീസാ മൂലം ക്രിസ്തുശരീരത്തോട് ബന്ധിതരായതിനാൽ ജനങ്ങളെ ധൂപം വീശി വണങ്ങണം. They are very special people redeemed by the blood of Jesus Christ.അവർ രാജകീയ പുരോഹിത വർഗ്ഗമാകുന്നു. ധൂപം ബഹുമാനസമം: ഒരേ സ്ഥാനിയിൽ ഉള്ളവർ ധൂപക്കുറ്റി കൈമാറുമ്പോൾ ഒരു കൈ കൊണ്ടും സ്ഥാനസ്ഥിതിയിൽ ഉയർന്നവർ കൈമാറുമ്പോൾ ഇരു കൈകൾ കൊണ്ടും സ്വീകരിക്കേണ്ടതാണ്/കൊടുക്കേണ്ടതാണ്.

മേല്പ്പട്ടക്കാരൻ മദ്ബഹയിൽ സന്നിഹിതനെങ്കിൽ ആദ്യം എക്ബോ തുടങ്ങുമ്പോഴും വിശ്വാസപ്രമാണത്തിനു മുമ്പ് കാദീശ് ആബോ കാദീശോ (പരിശുദ്ധനായ പിതാവ്) ചൊല്ലുമ്പോഴും ധൂപവർഗ്ഗം ഇടുന്നത് അഭികാമ്യമാണ്. പൗരോഹിത്യമുള്ള സഭയുടെ ഭാഗമായതിനാൽ ജനങ്ങളുടെ നേരെ വീശി വണങ്ങിയിരിക്കണം.

ശുശ്രൂഷയിൽ മേൽപ്പട്ടക്കാരൻ സന്നിഹിതനാണെങ്കിൽ ഒരാൾ ധൂപം ധൂപിക്കുന്നതിന് ശ്രദ്ധിക്കുക. മേല്പ്പട്ടക്കാർ വിശുദ്ധ കുർബ്ബാന അർപ്പിക്കുന്നുല്ലെങ്കിൽ ത്രോണോസിന്റെ ഇരു വശത്തും വീശി, മേല്പ്പട്ടക്കാരന്റെ അടുത്ത് വീശി വണങ്ങിയ ശേഷം ജനങ്ങളുടെ നേരെ വീശണം. നീതീകരിക്കുന്നവനും ശുദ്ധീകരിക്കുന്നവനും എന്ന ഹുസോയോ പ്രാർത്ഥന, വിശ്വാസപ്രമാണം ഇവക്ക് ധൂപം നാലു വശത്തും വീശി വണങ്ങണം. ധൂപക്കുറ്റിയിലെ ഉപയോഗശൂന്യമായ കരിയും കനലും വെറുതെ പുറത്ത് കളയരുത്. മനുഷ്യർ ചവിട്ടുന്ന വഴിയിൽ വിതറരുത്. അത് മണ്ണിൽ മറവു ചെയ്യുക.

ധൂപക്കുറ്റി നന്നായി പോളിഷ് ചെയ്ത് സൂക്ഷിക്കണം. പുളി, ഉമി, ഇവ ഉപയോഗിച്ച് വൃത്തിയാക്കാം. ചിരട്ട നന്നായി കത്തിച്ച് കനലാക്കി എടുക്കുക. മുഴുവൻ കത്തിത്തീരുന്നതിനു മുമ്പ് (പാട്ട കൊണ്ട് മൂടി) തീ അണയ്ക്കുക. വെള്ളം ഉപയോഗിച്ച് തീ അണച്ചാൽ കനൽ പിന്നീട് തീ കത്താൻ പ്രയാസമായിരിക്കും. ഒരു തുണി തിരി എണ്ണയിൽ മുക്കി നടുവിൽ വച്ച് ചുറ്റും ചിരട്ടക്കരി അടുക്കിവച്ച് തുണി തിരിയ്ക്ക് തീ കത്തിച്ചാൽ പ്രയാസം കൂടാതെ കരി മുഴുവൻ കത്തിക്കാം.

മണിക്കുന്തുരുക്കം ഉപയോഗിച്ചാൽ മണവും ധൂപവും ഒന്നിച്ചുണ്ടാകും. പുകയ്ക്കു പകരം ധൂപമുണ്ടാകും. എല്ലായിടത്തും നിറഞ്ഞു നില്ക്കുന്ന ദൈവസങ്കല്പത്തിന്റെ പ്രതീകമാണ് ധൂപം.

കഴിവതും കാർമ്മികൻ മാത്രമേ പദവിയിൽ കയറാവൂ. അംശവസ്ത്രങ്ങൾ പദവിയുടെ താഴെ നിന്ന് ധരിക്കണം.

കാപ്പയുടെ ഓരോ ഭാഗങ്ങൾ ധരിക്കുമ്പോഴും തക്സാ പ്രാർത്ഥന ചൊല്ലിയിരിക്കണം. പ്രാർത്ഥന കൂടാതെ അലസതയോ, മറ്റുള്ളവരോട് സംസാരിച്ചു കൊണ്ടോ കാപ്പ ധരിക്കരുത്. കാപ്പ ധരിച്ച ശേഷം സാധാരണ വർത്തമാനവും കളിവാക്കും ഒഴിവാക്കണം. മദ്ബഹായിൽ Episcopal Chair, കാർമ്മികരുടെ കസേര ഇവ മാത്രം മതിയാകും. വയോധികരും, ക്ഷീണിതരുമായ വൈദികർക്ക് മാത്രം കസേര ഉപയോഗിക്കാം. തുയാബാ ശുശ്രൂഷ കാർമ്മികൻ നടത്തിയിരിക്കണം. അവ പരസ്യമായും നടത്താവുന്നതാണ്. കുമ്പസാര പ്രാർത്ഥന ആദ്യം തന്നെ കാർമ്മികൻ സ്വയം നടത്തിയിരിക്കണം. മദ്ബഹായിലെ ശുശ്രൂഷകൾക്ക് ആദ്യമായി കടന്നു വരുന്നവരെ ശുശ്രൂഷ സംബന്ധിച്ച് വികാരി ഉദ്ബോധിപ്പിക്കണം. അവർ മുട്ടുകുത്തി സമർപ്പണ പ്രാർത്ഥന ചൊല്ലണം. വൈദികൻ തലയിൽ കൈവച്ച് പ്രാർത്ഥിച്ച് ഈ ശുശ്രൂഷയ്ക്ക് അവരെ നിയോഗിക്കേണ്ടതാണ്. കഴിവതും മോടിയായ വെള്ള വസ്ത്രം ധരിച്ച് ആരാധനയിൽ പങ്കെടുക്കാൻ നിഷ്കർഷിക്കുക.

## ത്രോണോസ് - സിംഹാസനം

Episcopal Chair-ഉം കാർമ്മികനായ വൈദികനുള്ള കസേരയും മദ്ബഹായിൽ വടക്കു നിന്ന് തെക്കോട്ട് മുഖമായി ഇടണം. സാധാരണയായി മറ്റു കസേരകൾ മദ്ബഹായിൽ ആവശ്യമില്ല. മേൽപ്പട്ടക്കാർക്കും പ്രായാധിക്യമുള്ള വൈദികർക്കും ഇരിക്കാം. അത്മായർക്ക് മദ്ബഹായിൽ ഇരിപ്പിടം അനുവദിച്ചിട്ടില്ല. മേൽപ്പട്ടക്കാർ ഉള്ളപ്പോൾ വൈദികർക്ക് പുൽപ്പായ താഴെ ക്രമീകരിച്ചിടണം

ഹൈക്കലായിൽ ഇരിപ്പിടങ്ങൾ മീറ്റിംഗുകൾക്ക് ക്രമീകരിക്കുമ്പോൾ മേൽപ്പട്ടക്കാർക്ക് മദ്ധ്യഭാഗത്ത് പടിഞ്ഞാറോട്ട് തിരിഞ്ഞ് ഇരിപ്പിടങ്ങൾ നൽകാം. പൊതു സമ്മേളനങ്ങൾക്ക് പള്ളി ഉപയോഗിക്കുന്നുവെങ്കിൽ പരസ്യം, പ്രസംഗം ഇവ തെക്ക് വശത്തു നിന്നായിരിക്കണം. (തിരശ്ശീല ഇട്ടിരിക്കണം)

തിരശ്ശീല മദ്ബഹായും ഹൈക്കലായും തമ്മിൽ വേർതിരിക്കുന്നു. സ്വർഗ്ഗവും ഭൂമിയും ആകാശവിതാനത്തിൽ വേർതിരിക്കപ്പെട്ടതുപോലെ. മദ്ബഹായുടെ പ്രാകാരം ∩ ചക്രവാളത്തെ സൂചിപ്പിക്കുന്നു. മദ്ബഹാ വാതിൽ (arch) മുഴുവൻ മറയ്ക്കേണ്ടതില്ല. പകുതി മതിയാകും.

തിരശ്ശീലയ്ക്ക് നാലു വശത്തും ബോർഡർ നല്ലതാണ്. സ്വർഗ്ഗം വെളിപ്പാട് പുസ്തകത്തിൽ വീതി + ഉയരം + ആഴം - സമചതുരം എന്ന് കാണിച്ചിരിക്കുന്നു. മദ്ധ്യഭാഗത്ത് കുരിശ്. വിവിധ നിറങ്ങൾക്ക് വ്യത്യസ്ഥ അർത്ഥം.

മെറൂൺ നിറം - രക്തത്താൽ പ്രവേശം വിശുദ്ധ മന്ദിരത്തിലേക്ക്
നല്ല നീല - ആകാശ നീലിമ - ജീവൻ
ബോർഡർ മഞ്ഞ (മരണത്തിൽ നിന്നു വിടുതൽ)

മദ്ബഹായിലേക്ക് പ്രവേശനം മദ്ബഹായുടെ വലതുവശം വഴി (തെക്കുവശം)

തിരശ്ശീല മാറ്റുമ്പോൾ തെക്കു നിന്നും വടക്കോട്ട് നീക്കണം. ഇടുമ്പോൾ വടക്കു നിന്ന് തെക്കോട്ട് നീക്കണം. വലതുവശം വഴി കയറുകയും വലതുവശം വഴി ഇറങ്ങുകയും ചെയ്യണം. ത്രോണോസിന് പിൻവശം Space ഉണ്ടെങ്കിൽ അത് ഉപയോഗിക്കുക. തിരികൾ വടക്കു നിന്ന് തെക്കോട്ട് ത്രോണോസിന്റെ പിന്നിലൂടെ കത്തിക്കുക. എപ്പോഴൊക്കെ തിരശ്ശീല നീക്കുന്നുവോ അപ്പോഴൊക്കെ എല്ലാവരും എഴുന്നേൽക്കണം. മ്ശിഹാ കർത്താവിന്റെ സിംഹാസനം (Throne) എല്ലാവർക്കും ഒരുപോലെ തന്റെ സജീവ സാന്നിദ്ധ്യം വെളിപ്പെടുത്തുന്നതായിരിക്കണം. മദ്ബഹായിൽ ഒരു വിളക്കെങ്കിലും അപ്പോൾ തെളിയിച്ചിരിക്കണം. മദ്ബഹാ ഇരുട്ടിൽ ആയിരിക്കുന്നത് അഭിലക്ഷണീയമല്ല. തിരശ്ശീല നീക്കുമ്പോൾ കുരിശ്ശ്, മെഴുകുതിരി കാലുകൾ, മെഴുകുതിരി ഇവ യഥാസ്ഥാനത്ത് ഉണ്ട് എന്ന ഉറപ്പാക്കിയിരിക്കണം. മദ്ബഹായിൽ ഭക്ഷണം വിളമ്പുന്നതും കഴിക്കുന്നതും ഒഴിവാക്കുക. തിരശ്ശീല നീക്കിക്കഴിഞ്ഞാൽ കഴിവതും ത്രോണോസിന്റെ മുൻപിലൂടെ നടക്കാതിരിക്കാൻ (cross walk) ശ്രദ്ധിക്കുക. ത്രോണോസിന്റെ പിമ്പിലൂടെ വേണം cross ചെയ്യാൻ

ത്രോണോസ്സിനകത്ത് സാധനങ്ങൾ സൂക്ഷിക്കുന്നതിന് അറകൾ ഉണ്ടാക്കുന്നത് നിരുത്സാഹപ്പെടുത്തുക. ഒരിക്കലും അത് വൃത്തിയായി സൂക്ഷിക്കുവാൻ കഴിയുന്നതല്ല. തോണോസ്സിന്റെ ഉദ്ദേശ്യവും പഠിപ്പുകൾക്കും ഇവ എതിരാണ്. സിംഹാസനത്തിന് multi purpose ഇല്ല എന്നും സഭ കാണിച്ചു കൊടുക്കണം. കിഴക്കുവശത്തുള്ള ഭിത്തിയിൽ നിന്നും 2 അടി എങ്കിലും വിട്ടു വേണം ത്രോണോസ് പണിയാൻ. കസേര ഭിത്തിയോടു ചേർന്നു കിടക്കാതെ അൽപം മാറി കിടക്കുന്നതാണ് കസേരയ്ക്കും, മുറിയ്ക്കും ഇരിക്കുന്ന ആൾക്കും ഭംഗി. ത്രോണോസ്സ് ഹൈക്കലായിൽ നിന്നും മാറിയിരിക്കാതെ അടുത്തു വരുന്തോറും ഏതു കോണിൽ നിന്നും ആളുകൾക്ക് പ്രാപ്യം (Visible) ആയിരിക്കണം.

ത്രോണോസ്സിന്റെ പടിയിൽ വൈദിക സ്ഥാനികൾ മാത്രമേ നിൽക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ളൂ. ശുശ്രൂഷാ കുപ്പായങ്ങൾ മടക്കി വയ്ക്കുന്നവർ കഴിവതും താഴെ നിന്നോ, നിലത്ത് വിരിച്ചോ അത് ചെയ്യേണ്ടതാണ്. മദ്ബഹായിൽ പിന്നീട് പെയിന്റിംഗ്, വൈറ്റ് വാഷ് എന്നിവ ചെയ്തു കഴിയുമ്പോൾ വികാരി, ശുശ്രൂഷകൻ, ആത്മായ ശുശ്രൂഷകൻ ഇവർ ചേർന്ന് ഒരു ശുദ്ധീകരണ പ്രാർത്ഥന ചെയ്ത് ശുശ്രൂഷക്ക് ഉപയുക്തമാക്കേണ്ടത് നല്ല ഒരു പതിവായിരിക്കും. അതുപോലെ മദ്ബഹായിലേയോ, പള്ളിയുടെയോ ഉപയോഗത്തിനായി ലഭിക്കുന്ന ഏത് ഉപകരണവും വസ്തുക്കളും ഒരു പ്രാർത്ഥനയോടും(സ്തോത്ര-ശുദ്ധീകരണ) ആശിർവ്വാദത്തോടും കൂടി സ്വീകരിച്ച് പ്രതിഷ്ഠിക്കണം.ത്രോണോസ് വൃത്തിയായും ഭംഗിയായും സൂക്ഷിക്കുക. ജീവനുള്ള കർത്താവ് വാസ്തവമായി എഴുന്നള്ളിയിരിക്കുന്നു എന്ന ബോദ്ധ്യത്തിൽ ശുശ്രൂഷകൾ അനുഷ്ഠിക്കണം. അത് യാഥാർത്ഥ്യവും സത്യവുമായി ഉൾക്കൊള്ളണം.

6 അടി നീളം, 20 ഇഞ്ച് വീതി 3 അടി പൊക്കം (നിലത്തു നിന്നും). 6 ഇഞ്ച് വീതിയുള്ള 3 പടികൾ. 15 ഇഞ്ച് വീതിയും 3 ഇഞ്ച് പോക്കവും ഉള്ള 6 ആടി നീളമുള്ള പദവി. 20-22" വീതിയുള്ള തബ്ലീത്താ വക്കുന്ന പ്ലാറ്റ് ഫോം തടി കൊണ്ടോ, മേൽത്തരമായ കല്ലുകൊണ്ടോ ത്രോണോസ് നിർമ്മിക്കാം. എന്നാൽ ആരാധനാ സമയം ചിത്തോല കെട്ടി വിരിച്ചിരിക്കണം

വിരിക്കൂട്ട് : അതിനുള്ളിൽ മേൽപ്പട്ടക്കാരൻ കൂദാശ ചെയ്ത തബ്ലീത്തയും ഉണ്ടായിരിക്കണം

## തബ്ലീത്ത (*Portable Alter*)

പച്ച, ചുവപ്പ്, വെള്ള ഇവ വിരിക്കൂട്ട് വർണ്ണങ്ങൾ, ലോകം (പച്ച) തന്റെ രക്തത്താൽ (ചുവപ്പ്) പവിത്രീകരിച്ചു (വെള്ള) എന്ന ദൈവീക മർമ്മം പഠിപ്പിക്കുന്നതിന് വർണ്ണങ്ങൾ ഉപയോഗിക്കുന്നു. ത്രോണോസ് ചിത്തോല കൊണ്ട് മറച്ചിരിക്കണം. നഗ്നമായി ഇടരുത്. ചിത്തോല മൂന്നു കളങ്ങളായി പച്ച, ചുവപ്പ് നിറങ്ങളാലും ഗോതമ്പ് കതിരും, മുന്തിരി കുലകളാലും നിറഞ്ഞതായിരിക്കണം. കൈയ്യുടെ പ്രയത്നഫലമായ അപ്പവും ഭൂമിയുടെ വിളവും യാഗപീഠത്തിൽ കാഴ്ച അർപ്പിക്കുന്നു. അവ കർത്താവിന്റെ ശരീരങ്ങളായി രൂപാന്തരപ്പെടുത്തുന്നതിനാൽ കാസായും പീലാസായും പ്രതിരൂപകങ്ങളായി കാണിച്ചിരിക്കണം.

## വിരിക്കൂട്ട്


വിവിധ നിറങ്ങൾ - 3 നിറം, Liturgical colours

പച്ച നിറം ഭൂമിയേയും, ചുവപ്പു നിറം ക്രൂശിലെ രക്തത്തേയും, വെള്ള നിറം വീണ്ടെടുപ്പിനേയും കുറിക്കുന്നു.

## തബ്ലീത്ത

തബ്ലീത്ത മേൽപ്പട്ടക്കാർ കൂദാശ ചെയ്ത് നൽകുന്നു. സാധാരണ, വിശുദ്ധ കുർബ്ബാനക്കു ശേഷം തബ്ലീത്ത പലക തൈലം കൂടാതെ റൂശ്മാ ചെയ്ത്, മൂറോൻ കൊണ്ട് 3 പ്രാവശ്യം ത്രിത്വ നാമത്തിൽ ശുദ്ധീകരിച്ച് പ്രതിഷ്ഠിക്കണം. "സാരാംശത്തിൽ ഏകമായിരിക്കുന്ന പരിശുദ്ധ ത്രിത്വത്തിന്റെ സ്തുതിക്കും പുകഴ്ചക്കും ബഹുമാനത്തിനും പ്രാബല്യത്തിനും പുകഴ്ച്ചക്കും ദൈവത്തിന്റെ തിരുസഭയുടെ സമാധാനത്തിനും കെട്ടുപണിക്കും തന്നെ" എന്നു പറഞ്ഞ് തബ്ലീത്ത കൈകളിൽ എടുത്ത് ആഘോഷിച്ച് ശുശ്രൂഷ അവസാനിപ്പിക്കണം. കുറഞ്ഞത് വികാരിയും ശുശ്രൂഷക്കാരനും കൂടെ ഉണ്ടായിരിക്കണം. (വൈദികരെയും ജനങ്ങളെയും പ്രതിനിധീകരിച്ച്). കത്തിച്ച ദീപം വേണം.

തബ്ലീത്താമേൽ മേൽപ്പട്ടക്കരൻ കുരിശ് രൂപത്തിൽ എഴുതുക.



തബ്‌ലീത്താ കൂടാതെ വിശുദ്ധ കൂദാശ അണയ്ക്കുന്നതിന് ആർക്കും അനുവാദമില്ല. ഉപയോഗിക്കുന്ന പലക കൂദാശ ചെയ്തിട്ടുണ്ടോ എന്ന് ബോദ്ധ്യം വരുത്തണം. Portable Alter എന്ന നിലയിൽ അവ പള്ളിയില്ലാത്ത സ്ഥലത്ത് വി. കുർബ്ബാന അർപ്പിക്കുന്നതിന് വൈദികരെ അനുവദിക്കുന്നു. കൂദാശയുടെ ഐക്യം കാണിക്കുന്നതിനും മരത്തിൽ നടന്ന യാഗം അനുസ്മരിപ്പിക്കുന്നതിനും ഇവ ഉപയോഗിക്കുന്നു.

(Wooden Altar) ശുദ്ധീകരിക്കപ്പെട്ട അപ്പവീഞ്ഞുകൾ തബ്‌ലീത്തായുടെ പുറത്തു മാത്രമേ വയ്ക്കാവൂ. അതിനു പകരം ശോശപ്പയുടെ പുറത്തു വയ്ക്കുന്നത് ഉചിതമല്ല. കൂടുതൽ ആളുകൾ വി. കുർബ്ബാനക്ക് വരുമ്പോൾ ഹൈക്കലായിൽ മേശപ്പുറത്ത് വിരിക്കൂട്ട് വിരിച്ച് കാസാ, പീലാസാ അതിൽ വച്ച്, കബലാന കൊണ്ട് മറയ്ക്കുന്ന രീതിയാണ് അഭികാമ്യം. ഞായറാഴ്ചകളിലും മോറോനായ പെരുനാളുകളിലും വൈദീകർ വിശുദ്ധ കുർബ്ബാന അണച്ചിരിക്കണം. പെസഹാ ബുധൻ, വ്യാഴം രാത്രികളൊഴിച്ച് / വിശുദ്ധ കുർബ്ബാന ചൊല്ലേണ്ട / രാത്രിയിൽ സന്ദർഭങ്ങളിൽ ഇടവക എപ്പിസ്ക്കോപ്പായുടെ അനുവാദം വാങ്ങിയിരിക്കണം. പ്രതിഷ്ഠിക്കപ്പെടാത്ത സ്ഥലങ്ങളിൽ പ്രത്യേക അനുവാദം വാങ്ങി കുർബ്ബാന അനുഷ്ഠിക്കേണ്ടതാണ്. മുൻ കാലങ്ങളിൽ തബലീത്തായിലെ ലിഖിതം ഇപ്രകാരമായിരുന്നു.

The Holy Trinity Through the hands of_____________,
Name

Consecrated this Tablet for the _____________
Church

On ________________ in the year of our Lord
day-month-year

Glory be to the Father + the Son + the Holy Spirit

## കുർബ്ബാന സമയം, വൈദികരുടെ സ്ഥാനം, ക്രമം

മദ്ബഹായിൽ മൂപ്പുള്ള വൈദികർ വടക്കു ഭാഗത്തും പ്രായം കുറഞ്ഞവർ തെക്കു ഭാഗത്തും നിൽക്കേണ്ടതാണ്. അതു ചന്തമായും നിരയായും നിൽക്കുന്നത് അഭികാമ്യം. മദ്ബഹായിൽ പ്രവേശിക്കുന്ന ഏവരും "ദൈവമേ നിന്റെ ഭവനത്തിൽ ഞാൻ പ്രവേശിച്ചു" എന്നു തുടങ്ങുന്ന പ്രാർത്ഥന ചൊല്ലി പ്രവേശിക്കേണ്ടതാണ്. ആരാധന സമയത്ത് അംശവടി പിടിക്കുന്ന വൈദികൻ മദ്ബഹായുടെ തെക്കുവശം കാർമ്മികനോടു ചേർന്നു നിൽക്കുകയാണ് വേണ്ടത്. കാർമ്മികൻ ജനത്തിന് അഭിമുഖമായി നില്ക്കുമ്പോൾ വൈദികർ വടക്കുഭാഗത്തുള്ളവർ തെക്കോട്ടും തെക്കുഭാഗത്തുള്ളവർ വടക്കോട്ടും തിരിഞ്ഞു നിൽക്കണം. വൈദികർ അംശവടി ഇരു കരം ചേർത്ത് പിടിക്കണം. മേൽപ്പട്ടക്കാരൻ പടിഞ്ഞാറോട്ട് തിരിയുമ്പോൾ ഇടതുവശം ചേർന്ന് വൈദികർ അംശവടി പിടിച്ചു നിൽക്കണം. മേൽപ്പട്ടക്കാർ ഇടതു കൈയ്യിലാണ് അംശവടി പിടിക്കാറുള്ളത്. ആദ്യത്തെ എക്ബോ-കൌമാ വരെയും ഏവൻഗേലിയോൻ, വിശ്വാസപ്രമാണം, തുബ്ദേൻ പ്രാർത്ഥന, 4-ാം റൂശ്മാ എന്നീ സമയത്തും പട്ടക്കാരൻ അംശവടി പിടിച്ചിരിക്കണം. അംശവടി വഹിക്കുന്ന ആൾ തുബ്ദേനിലെ ആദ്യ പ്രാർത്ഥന ചൊല്ലുന്നതാണ് അഭികാമ്യം.

ഹൈക്കലയിൽ നിന്നുള്ള ആരാധനയിൽ കാർമ്മികന്റെ വലതു വശത്ത് പട്ടത്വ മൂപ്പുള്ള വൈദികരും ഇടതു വശത്ത് മറ്റു പട്ടക്കാരും ശെമ്മാശന്മാരും നിലകൊള്ളണം.

കൌമ്മാ, പ്രോമ്യോൻ, സെദറാ തുടങ്ങിയ അവസരത്തിൽ ഇടതുവശം ചേർന്ന് കിഴക്കോട്ട് തിരിയണം. മദ്ബഹായുടെ പദവിയിൽ നിന്ന് റൂശ്മാ ചെയ്യുമ്പോൾ വലതുവശം ചേർന്ന് പടിഞ്ഞാറേക്ക് തിരിഞ്ഞ് റൂശ്മാ ചെയ്യണം (All procession are anti-clockwise) Left to Right. വിശുദ്ധ രഹസ്യങ്ങൾ വഹിച്ചുകൊണ്ട് തിരിയുന്നത് എല്ലാം ഇടതുവശം ചേർന്ന് പടിഞ്ഞാറേക്ക് തിരിയേണ്ടതാണ്. കിഴക്കോട്ട് തിരിയുന്നത് ഇടതുവശം ചേർന്നുതന്നെ. പട്ടത്വ മൂപ്പുള്ള വൈദികർ മദ്ബഹായിൽ ഉണ്ടെങ്കിൽ പട്ടക്കാരനായ കാർമ്മികൻ (പാദത്തിന്റെ പകുതി) ഓരോ റൂശ്മായുടെ സമയത്തും ഇറക്കി വയ്ക്കേണ്ടതാണ്. മേൽപ്പട്ടക്കാരൻ സന്നിഹിതനാണെങ്കിൽ പട്ടക്കാരൻ ദർഗയിൽ നിന്നും (ഇരു കാലുകളും) ഇറങ്ങി വേണം റൂശ്മാ ചെയ്യുവാൻ.

## കുമ്പസാരം

വൈദികസ്ഥാനീകർ മാത്രം കുമ്പസാരം ചൊല്ലി കൊടുക്കേണ്ടതാണ്. ശെമ്മാശന്മാർക്ക് കുമ്പസാരിപ്പിക്കുന്നതിന് അനുവാദമില്ല. പട്ടത്വസ്ഥാനികൾക്ക് മദ്ബഹായിൽ കുമ്പസാരിക്കാം. അയ്മേനികൾ ഹൈക്കലായിൽ നിന്ന് കുമ്പസാരിക്കണം. കുമ്പസാരിക്കാതെ വി. കുർബ്ബാന അനുഭവിപ്പാൻ ആർക്കും അനുവാദമില്ല. ശുശ്രൂഷയിൽ സംബന്ധിക്കുന്ന എല്ലാവരും കുമ്പസാരിക്കേണ്ടതാണ്. കുമ്പസരിച്ചതുകൊണ്ട് കുർബ്ബാന കൊള്ളണമെന്ന് നിർബന്ധമില്ല. കുമ്പസാരം ഒരു കൂദാശയാകുന്നു. ദൈവകൃപയുടെ അനുഭവം. അതിനാൽ ഒരു കൂദാശ എന്ന ബോധത്തിൽ പട്ടക്കാർ അത് വിവിധ പ്രാർത്ഥനകളും വേദവായനയും ചേർത്ത് പുഷ്ടിപ്പെടുത്തി ഓരോ ആഴ്ച മാറി മാറി ഉപയോഗിക്കണം. കുമ്പസാര ക്രമത്തിലെ ആദ്യ പ്രാർത്ഥന തുടർന്ന് ചൊല്ലിക്കൊടുക്കുക. രണ്ടാമത്തേത് കുർബ്ബാന സ്വീകരണത്തിനു ശേഷമുള്ള faith affermation ആണ്.

കുമ്പസാര പ്രാർത്ഥനയ്ക്കു ശേഷം പാപമോചന പ്രഖ്യാപനം പട്ടക്കാരൻ നടത്തണം. കുമ്പസാരത്തിന്റെ ഒരാഴ്ച്ചത്തേക്കുള്ള പ്രാർത്ഥനയും (നമസ്ക്കാരക്രമം Page:78-105) അനുതാപത്തിന്റെ മസുമൂറും വീടുകളിൽ വച്ച് ചെയ്ത് മനസ്സും, ശരീരവും, ഹൃദയവും ഒരുക്കേണ്ടതാണ്. എല്ലാ പാപങ്ങളുടെയും അടിസ്ഥാനം അഹന്തയാണ്, അഹങ്കാരമാണ്. അതുപോലെ എല്ലാ പുണ്യങ്ങളുടേയും വിളനിലം എളിമയുമാണ്. ഓരോ പ്രാവശ്യവും ദൈവമുൻപാകെ നാം കുമ്പസാരിക്കുമ്പോൾ എളിമപ്പെടാനുള്ള വൈമനസ്യമാണ് കുമ്പസാരം ഒഴിവാക്കാൻ പലരേയും പ്രേരിപ്പിക്കുന്നത്. എളിമപ്പെടുന്നവന്റെ മുന്നിൽ സാത്താൻ പരാജയപ്പെടും. "പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രീയേക ദൈവം നിന്റെ പാപങ്ങൾ മോചിച്ചിരിക്കുന്നു". എന്ന വൈദികന്റെ വാക്കുകൾ അനുതാപത്തിൽ നൽകുന്ന ആശ്വാസം നിസ്സാരമല്ല. ദൈവം പാപം ക്ഷമിച്ചു എന്നു നൽകുന്ന ഉറപ്പ് ഭാവി ജീവിതം ക്രമപ്പെടുത്തുന്നതിന് വിശ്വാസിക്ക് സഹായകരമാണ്. കുമ്പസാരം ഒരു കൃപാ മുഖാന്തിരമായതിനാൽ നഷ്ടപ്പെട്ട ആത്മീയ ജീവൻ വിശ്വാസിക്ക് തിരികെ ലഭിക്കാൻ സഹായിക്കുന്നു. മനഃസാക്ഷിയുടെ കുറ്റപ്പെടുത്തൽ ജീവിതത്തിന്റെ സന്തോഷവും ശക്തിയും ചോർത്തിക്കളയും. കുറ്റബോധം, നിരാശ, ശൂന്യത ഇവ മനോരോഗങ്ങൾക്കു മാത്രമല്ല ശാരീരിക രോഗങ്ങൾക്കു പോലും കാരണമാകാം. പാപം എന്നൊന്നില്ല എന്ന ചിന്ത സ്വയം ന്യായീകരണത്തിനുള്ള ശ്രമമാണ്. പാപം എപ്പോഴും പാപം തന്നെ. അത് ആത്മാവിനേയും മനസ്സിനേയും, ശരീരത്തേയും ദുർബലമാക്കുക തന്നെ ചെയ്യും. സങ്കീർത്തനക്കാരൻ പ്രാർത്ഥിക്കുന്നു. "ലംഘനം ക്ഷമിച്ചും പാപം മറച്ചും കിട്ടിയവൻ ഭാഗ്യവാൻ". യഹോവ അകൃത്യം കണക്കിടാതെയിരിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ.

## വൈദികൻ വിശുദ്ധ കുർബ്ബാന അനുഷ്ഠിക്കുകയും മേൽപ്പട്ടക്കാരൻ സന്നിഹിതനാവുകയും ചെയ്യുന്ന ആരാധന.

മേൽപ്പട്ടക്കാരന്റെ കൈ മുത്തി അംശവസ്ത്രം ധരിക്കണം. കാപ്പാ ധരിച്ച ശേഷം ചിലർ വന്ന് കൈമുത്തുന്നത് ക്രമത്തിലല്ല. ശുശ്രൂഷയ്ക്ക് മുമ്പ് ആരാധന സംബന്ധിച്ച് ഇരുവരും തമ്മിൽ ഒരു പൊതു ധാരണ ഉണ്ടായിരിക്കണം. വിശ്വാസ പ്രമാണം, കർത്താവിന്റെ പ്രാർത്ഥന, സ്തോത്രകാഴ്ചയുടെ സമർപ്പണ പ്രാർത്ഥന, "മനുഷ്യന്റെ ദിവസങ്ങൾ പുല്ലു പോലെയാകുന്നു" എന്ന കുക്കിലിയോനു ശേഷമുള്ള പിതാവിനും പുത്രനും എന്ന പ്രാർത്ഥന, കാസായും പീലാസായും എടുത്ത് ജനത്തിനു നേരെ തിരിഞ്ഞ് - "കടങ്ങളുടെ പരിഹാരത്തിനും"- എന്നു തുടങ്ങുന്ന പ്രാർത്ഥന- ഇവയെല്ലാം മേൽപ്പട്ടക്കാർ സാധാരണ നടത്താറുണ്ട്. സമാധാനത്തിന്റെ പ്രാർത്ഥനയുടെ കൈയ്യസൂരി മേൽപ്പട്ടക്കാരൻ, കാർമ്മികൻ, വൈദികർ, ശുശ്രൂഷകർ, ജനങ്ങൾ എന്ന നിലയിൽ പോകണം. എന്നാൽ വിശുദ്ധ കുർബ്ബാനയുടെ അനുഭവം ആദ്യം കാർമ്മികൻ തന്നെ അനുഭവിക്കേണ്ടതാണ്. തുടർന്ന് പീലാസായിൽ നിന്നും മറ്റുള്ളവർക്ക് കൊടുക്കുന്നത് മേൽപ്പട്ടക്കാരൻ തന്നെ ആയിരിക്കും. അംശവസ്ത്രം ധരിച്ച പട്ടക്കാർ മാത്രമേ പീലാസായിൽ നിന്ന് കൊടുക്കാവൂ. വൈദികർ എന്റെ സഹോദരങ്ങളേ......... പിതാവ് മക്കളോട് എന്ന ഹുസായോ പ്രാർത്ഥനയ്ക്കു ശേഷം മുട്ടുകുത്തി പ്രാർത്ഥിക്കുന്നത് പദവിയിൽ നിന്നും താഴെ ഇറങ്ങിയായിരിക്കണം. കാസാ ഇരു കൈകളും കൊണ്ട് വാങ്ങണം. കാസാ കൈകളിൽ വഹിക്കുമ്പോൾ സംസാരത്തിൽ നിന്ന് ഒഴിഞ്ഞിരിക്കണം.

## വിശുദ്ധ കുർബ്ബാന രോഗികൾക്ക് (അത്യാസനസ്ഥർക്കും) നൽകുന്നതിന് പള്ളിയിൽ ചൊല്ലി വീടുകളിലേക്ക് കൊണ്ടുപോകുമ്പോൾ

കാപ്പാ ഒഴിച്ചുള്ള തിരുവസ്ത്രങ്ങൾ അണിഞ്ഞിരിക്കണം. കാസായുടെ മുകളിൽ പീലാസായും സ്പൂണും വച്ച് ശോശപ്പാ കൊണ്ട് മൂടി ഇടതു കൈ കൊണ്ട് കാസയും വലതു കൈ കൊണ്ട് പീലാസായും ചേർത്ത് വി. ദ്രവ്യങ്ങൾ ഭദ്രമായി പിടിച്ചിരിക്കണം. കാപ്പയും വിരിക്കൂട്ടും ധൂപക്കുറ്റിയും അടങ്ങുന്ന പെട്ടിയുമായി ശുശ്രൂഷകൻ കാർമ്മികനു മുമ്പായി പോകണം. വഴിയിൽ വ്യഥാ സംസാരം അരുത്. യാത്ര വാഹനത്തിൽ എങ്കിൽ കുറേ കൂടി ഭദ്രം. ചെല്ലുന്ന

വീട്ടിൽ വെള്ളവിരി വിരിച്ച മേശയിൽ വിരിക്കൂട്ട് തുറന്ന് കബലാനാകൾ ഇരുവശത്തുമായി വിരിക്കണം. കാസാ, പീലാസാ അവയിൽ വക്കുക. കുരിശ്, മെഴുകുതിരികാലുകൾ ഇവ യഥാസ്ഥാനം വക്കുക. ഒരു പള്ളിയുടെ ആരാധന രോഗിക്ക് അനുഭവേദ്യമാകുന്നതിനു വേണ്ടിയാണ് ദീപവും ധൂപവും കുരിശും മുറിയിൽ ക്രമീകരിക്കുന്നത്.

രോഗിയുടെ അടുത്ത് ഉപദേശവും കുമ്പസാരവും രോഗീലേപനവും നടത്താം. Absolution തലയിൽ കൈവച്ചു കൊണ്ട് നടത്തണം. വിശുദ്ധ കുർബ്ബാന അനുഭവിക്കുന്നതിന് മറ്റ് ആളുകൾ ഉണ്ടെങ്കിൽ പൊതു കുമ്പസാരം നടത്തണം. രോഗിയെ ക്രിസ്തുവിൽ ധൈര്യപ്പെടുത്തണം. ധൂപം വച്ചുകൊണ്ട് മൂന്നാമത്തെ റൂശ്മാക്കു ശേഷമുള്ള ഭാഗം ആരംഭിക്കേണം. നാലാമത്തെ റൂശ്മാ കഴിഞ്ഞ് കൈയ്യസൂരിയോടെ ശുശ്രൂഷ അവസാനിപ്പിക്കുക.

വൈദികർ സഹകാർമ്മികരായി മേൽപ്പട്ടക്കാരോട് ചേർന്ന് നില്ക്കുമ്പോൾ കാപ്പധരിക്കുന്നതിനു മുമ്പ് കൈമുത്തി അവ ധരിക്കേണ്ടതാണ്. ശുശ്രൂഷയിൽ വൈദികർ മാത്രമേ ഉള്ളു എങ്കിൽ തമ്മിൽ കൈയ്യസൂരി വാങ്ങി കാപ്പാ ധരിക്കുന്നത് ഉചിതം. അതുപോലെ കാർമ്മികൻ അവസാന ആശിർവ്വാദം നൽകുമ്പോഴും പട്ടക്കാർ തമ്മിൽ സമാധാനം സ്വീകരിച്ച ശേഷം ആശിർവാദം പറയുന്നത് അഭികാമ്യം. ത്രോണോസ്സിന്റെ കുരിശിന്റെ മുമ്പിൽ നിന്നു മാത്രം കാപ്പ ധരിക്കണം. പട്ടക്കാർ പ്രത്യേക പ്രാർത്ഥനക്കായി മറ്റൊരു വൈദികന്റെ മുമ്പിൽ മുട്ടുകുത്തി നില്ക്കുമ്പോൾ കാർമ്മികൻ മുട്ടുകുത്തി നില്ക്കുന്ന വൈദികനോട് കൈയ്യസൂരി വാങ്ങിയശേഷം തലയിൽ കൈ വച്ച് പ്രാർത്ഥിക്കാം. പ്രാർത്ഥന കഴിഞ്ഞ് വീണ്ടും കൈയ്യസൂരി നൽകി അംഗീകരിക്കണം. പരസ്പരം വൈദിക സ്ഥാനത്തെ അംഗീകരിക്കുകയും ഉൾക്കൊള്ളുകയും ചെയ്യുന്ന. അനുവാദത്തോടെ തന്റെ വൈദിക ശുശ്രൂഷ നിർവ്വഹിക്കുന്നു എന്നതിനുവേണ്ടി കാർമ്മികൻ രണ്ടു പ്രാവശ്യം കൈയ്യസൂരി വാങ്ങുന്നു. മേൽപ്പട്ടക്കാർ തമ്മിലും ഇതു തന്നെ മാതൃക.

## കൈമുത്ത്

ശുശ്രൂഷയിൽ പങ്കെടുത്ത ആളുകളെ നേരിട്ട് മുഖാമുഖമായി കണ്ട് ദൈവീകാനുഗ്രഹം പങ്കുവയ്ക്കുന്ന സന്ദർഭമാണ് കൈമുത്തിന്റേത്. ഇത് പരസ്പര സ്നേഹ, വിശ്വാസ, വിധേയത്വത്തിന്റെ മുദ്രയാണ്. ഞാൻ അങ്ങയെ സ്നേഹിക്കുന്നു, ബഹുമാനിക്കുന്നു, കർത്താവിന്റെ പ്രതിനിധിയായി അംഗീകരിക്കുന്നു. എനിക്കു വേണ്ടി പ്രാർത്ഥിക്കുക എന്നു പറഞ്ഞ് സഭാംഗം വരുമ്പോൾ, "മക്കളേ നിങ്ങളെ ഞാനും സ്നേഹിക്കുന്നു, നിങ്ങളുടെ പ്രാർത്ഥന എനിക്കും വളരെ ആവശ്യം, ഉയർത്തെഴുന്ന കർത്താവ് നിങ്ങളെ അനുഗ്രഹിക്കട്ടെ"- രണ്ടു കൂട്ടരുടെയും പ്രാർത്ഥനയുടെ സമ്മേളന രംഗമായിരിക്കണം കൈ മുത്തുന്ന സമയം.

കിഴക്കോട്ടു തിരിഞ്ഞ് ത്രോണോസിനെ അഭിമുഖീകരിച്ചായിരിക്കണം ജനങ്ങൾ മുമ്പോട്ട് വന്ന് ദൈവത്തിന്റെ ആശിർവ്വാദം സ്വീകരിക്കേണ്ടത്.

## സാധാരണ സന്ദർഭങ്ങൾ, പട്ടക്കാരുടെ ശുശ്രൂഷാരംഭം

ചെറിയ പ്രാർത്ഥനാ കൂട്ടങ്ങളിൽ ഇരുന്നു കൊണ്ട് പാടി, പ്രാർത്ഥിച്ച്, പ്രസംഗിക്കുന്നതിൽ തെറ്റില്ല. എന്നാൽ ആശിർവ്വാദം കഴിവതും എഴുന്നേറ്റ് നടത്തണം. (കർത്താവിന്റെ നാമത്തിൽ അവ നൽകുന്നതിനാൽ)

കൌമ്മാ കഴിവതും സീനിയർ പട്ടക്കാരൻ കാർമ്മികന്റെ നിർദ്ദേശപ്രകാരം ആരംഭിക്കേണ്ടതാണ്. എന്നാൽ കാർമ്മികൻ ആശിർവ്വാദം പറയേണ്ടതാണ്. 'ബഹുമാനമുള്ള' പട്ടക്കാർ 'വന്ദ്യ' പിതാവ് എന്ന ആരാധനയിലെ സംബോധന പൊതുവേദിയിലും സംബോധനയിൽ ഉപയോഗിക്കണം.

ഭദ്രാസന എപ്പിസ്ക്കോപ്പ, മെത്രാപ്പോലീത്താ ഇവർ "ക്ഷണപ്രകാരം" വന്നു എന്നു പറയാതെ അവർ വന്നതിൽ ഇടവകയുടെ സ്നേഹവും ബഹുമാനവും ആദരവും ഭക്തിയും അറിയിക്കുന്നു എന്നു പറയുന്നതാണ് യുക്തിയും ഭംഗിയും.

ഭദ്രാസനത്തോട് ബന്ധപ്പെട്ട യോഗമാണെങ്കിൽ സ്വാഗതവും കൃതജ്ഞതയും ഭദ്രാസന എപ്പിസ്ക്കോപ്പായുടെ പേരിൽ പറയുന്നതാണ് കരണീയം. ഇടവക സന്ദർശന വേളയിൽ സെക്രട്ടറിക്ക് ഇടം കൊടുക്കാതെ എപ്പിസ്ക്കോപ്പായുടെ പ്രതിനിധി വികാരിയച്ചൻ തന്നെ അത് നിർവ്വഹിക്കുന്നതാണ് ഉചിതം. എപ്പിസ്ക്കോപ്പൽ വിസിറ്റ് നേരത്തെ അറിഞ്ഞാൽ പള്ളിയും പരിസരവും വൃത്തിയാക്കിയിടണം. മെത്രാന്റെ വരവു കണക്കാക്കി വികാരിയും ചുമതലക്കാരും ജനങ്ങളും നേരത്തെ ഹാജരായിരിക്കണം. എപ്പിസ്ക്കോപ്പാ പള്ളിയിൽ പ്രവേശിക്കുമ്പോൾ ജനം എഴുന്നേറ്റ് നിൽക്കണം. എപ്പിസ്ക്കോപ്പായോട് ചേർന്ന് ലുത്തിനിയ- P.89 കർത്താവേ നിൻ ബസ്ഗാസായിൻ വാതിലിൽ മുട്ടി P.69 മാർത്തോമ്മാ മംഗളഗാനം P.105 (നീതിപുണ്യം), കർത്താവിന്റെ പ്രാർത്ഥന, ആശിർവ്വാദം ഇവ

നടത്തേണ്ടതാണ്. ഗായകസംഘം ഈ ഗാനങ്ങൾ പരിചിതമാക്കി വച്ചാൽ സഹായകമായിടും. ചിലയിടങ്ങളിൽ പള്ളിമണി മുഴക്കി മെത്രാന്റെ സന്ദർശന വിവരം അറിയിക്കാറുണ്ട്.

പള്ളി മണി അടിക്കുന്നത് ആരാധനക്ക് ആളുകളെ ക്ഷണിക്കുന്നതു പോലെയാകണം. ഒന്നാം മണി ഒന്നടിച്ച് പിന്നീട് രണ്ടും രണ്ടാം മണി രണ്ടു വീതവും മൂന്നാം മണി മൂന്നുവീതവും അടിക്കണം. അവസാനം കൂട്ടമണി അടിക്കേണ്ടതില്ല. അത് അഭംഗിയുമാണ്.

ശവമണി മൃതദേഹം പള്ളിയിൽ എത്തുന്ന മുറയ്ക്ക് കുറച്ചു സമയം അടിച്ചുകൊണ്ടിരിക്കണം. ദുഃഖസാന്ദ്രമായ രീതിയിൽ വേണം അടിക്കാൻ.

മെത്രാന്മാർ കാലം ചെയ്തു എന്നറിഞ്ഞാൽ ഉടനെ തന്നെ എല്ലാ പള്ളികളിലും കുറച്ച് നേരത്തേക്ക് ദുഃഖമണി അടിക്കണം. വികാരിയച്ചൻ പള്ളിയിൽ വന്ന് ആശ്വാസഗീതങ്ങൾ, കൌമ്മാ, പ്രാർത്ഥന, വേദവായന ഇവയും പ്രസ്താവനയും നടത്തണം. കബറടക്ക സമയത്തും ദുഃഖമണി മുഴക്കേണ്ടതാണ്.

ഇടവകയിലെ ഒരു വൈദികൻ ചരമപ്പെട്ടാൽ വികാരി ഉടനെ മെത്രാപ്പോലീത്താ, ഭദ്രാസന എപ്പിസ്ക്കോപ്പാ, സഭാ സെക്രട്ടറി എന്നിവരെ വിവരം അറിയിക്കണം. ആ സെന്ററിലെ അച്ചന്മാരെ വിളിച്ചു വരുത്തി മൃതദേഹം വെടിപ്പാക്കി, അംഗവസ്ത്രങ്ങൾ ധരിക്കണം, കഹനൈത്ത ക്രമം ഒന്നാം ഭഗം താമസിയാതെ ചൊല്ലണം. രണ്ടാം ഭാഗവും അന്നത്തെ യാമപ്രാർത്ഥനയോടെ നടത്തേണ്ടതാണ്. കാലിന് ചെരുപ്പ്, കൈകൾക്ക് വെള്ള ഗ്ലൗസ് കൈയ്യിൽ ചുറ്റുന്നതിന് ഒരു ശോശപ്പാ, മുഖം മറയ്ക്കുവാൻ മറ്റൊരു ശോശപ്പാ ഇവ കരുതണം. യാത്ര പറയുന്നതും, ചുംബനം കൊടുക്കുന്നതും കൈയ്യിലെ ശോശപ്പായിൽ ചുംബിച്ചുകൊണ്ടാണ്.

മെത്രാന്മാർ അയ്മേനികളുടെ ശവസംസ്ക്കാരത്തിനു വരുമ്പോൾ മൃതദേഹത്തിൽ മണ്ണിടുന്നതിനു വേണ്ടി ഒരു പ്ലേറ്റിൽ അൽപ്പം മണലും കുന്തുരുക്കവും ചേർത്ത് വയ്ക്കണം. ചിലർ ശവക്കോട്ടയിലെ പച്ചമണ്ണ് തോണ്ടിയെടുത്ത് കൊടുക്കാറുണ്ട്. അത് ഉചിതമല്ല.

വൈദികരുടെ ശവസംസ്കാരത്തിന് ഒരു പാത്രത്തിൽ കുറച്ച് കുന്തുരുക്കം കരുതി വക്കുക. കുന്തുരുക്കം വിതറുന്ന സമയം വൈദികർ എല്ലാവരും അതിൽ പങ്കെടുക്കണം.

മൃതദേഹത്തിൽ മണ്ണ് ദൂരെ നിന്ന് വലിച്ചെറിയുന്നത് ശരിയല്ല. മണൽ സാവകാശം ബഹുമാനപുരസ്കരം മൃതദേഹത്തിൽ വിതറേണ്ടതാണ്.

ഒരിക്കൽ മൃതദേഹം ശോശപ്പ കൊണ്ട് മൂടി മണൽ കൊണ്ട് റൂശ്മാ ചെയ്തു കഴിഞ്ഞാൽ വീണ്ടും മുഖം കാഴ്ചയ്ക്ക് വയ്ക്കരുത്. അത്യാവശ്യം എന്നു വരികിൽ കാർമ്മികൻ തന്നെ മുഖം കാണുന്നതിന് തുറന്നുകൊടുക്കേണ്ടതാണ്. അതിനു ശേഷം നേരത്തെ മുഖം ആവരണം ചെയ്തതുപോലെ വീണ്ടും ഭക്തിയോടെ അതു ചെയ്യേണ്ടതാകുന്നു.

## വിവിധ കൂദാശകളിലെ പങ്കാളിത്തം, ഒരുക്കം

## വിശുദ്ധ മാമോദീസാ

മാമോദീസാ ശുശ്രൂഷയ്ക്ക് കാർമ്മികനും, മാതാപിതാക്കളും, സ്ഥാനാർത്ഥിയും ഒരുങ്ങണം. സ്ഥാനാർത്ഥി മുതിർന്നവരെങ്കിൽ അവരെ കാര്യങ്ങൾ പറഞ്ഞ് ഗ്രഹിപ്പിക്കണം. ആരാധന സംബന്ധിച്ച കാര്യങ്ങൾ പറഞ്ഞ് മനസ്സിലാക്കണം. ശിശുക്കളെങ്കിൽ അവരുടെ വസ്ത്രങ്ങൾ എല്ലാം അഴിച്ചു വയ്പ്പിക്കണം. മാല, കൊലുസ്സ് തുടങ്ങിയവ പോലും. മുതിർന്ന കുട്ടികൾ സോക്സ് തുടങ്ങിയവ അഴിച്ചു മാറ്റണം. ഉടുപ്പ് ആകാം. കൂടുതൽ സ്ഥാനാർത്ഥികൾ ഉണ്ടെങ്കിൽ മൂപ്പ് മുറ നോക്കേണ്ടതാണ്. കുട്ടിയെ ആദ്യഭാഗം ശുശ്രൂഷക്ക് മാതാപിതാക്കൾ കൊണ്ടുവരേണ്ടതാണ്. സ്വീകരണ വാചകം ചൊല്ലുമ്പോൾ സ്ഥാനാർത്ഥിയുടെ മുഖം കിഴക്കോട്ട് ആയിരിക്കണം.

ശിശുക്കളെ സൈത്ത് പൂശുമ്പോൾ, തല വടക്കുവശത്തും മൂറോന്റെ ശുശ്രൂഷയ്ക്ക് തല തെക്കു വശത്തും വരത്തക്ക വിധം പിടിച്ചിരിക്കണം. മാതാപിതാക്കളുടെ കൈയ്യിൽ നിന്നും പട്ടക്കാരൻ കുട്ടിയെ മാമോദീസാ സമയം സ്വീകരിക്കേണ്ടതാണ്. മാമോദീസായ്ക്കു ശേഷം തല തൊടുന്നയാൾ കാർമ്മികനിൽ നിന്നും വാങ്ങണം. മൂറോന്റെ അഭിഷേകം വരെ അവർ കുട്ടിയെ പിടിച്ചിരിക്കണം. മാമോദീസാ തൊട്ടിക്ക് സമീപം കുട്ടിയുടെ മുഖം കിഴക്കോട്ടും കാർമ്മികൻ പടിഞ്ഞാറോട്ടും തിരിഞ്ഞ് നിൽക്കണം. മേൽപ്പട്ടക്കാരൻ സന്നിഹിതനെങ്കിൽ കുട്ടിയുടെ മാതാവിന്റെ

കൈയിൽ നിന്നും കാപ്പ ധരിച്ച പട്ടക്കാരൻ കുട്ടിയെ വാങ്ങി കിഴക്കോട്ട് തിരിച്ച് ഇരുത്തണം. മുതിർന്നവരുടെ സ്നാന സമയം മാമോദീസാ തൊട്ടിയിലേക്ക് കുനിഞ്ഞ് നിൽക്കേണ്ടതാണ്. കാർമ്മികൻ തലയിലും, മുഖത്തും, ഇരു കൈകളിലും, ഇരു കാലിന്റെ പത്തിയിലും മാമോദീസാ വെള്ളം തളിക്കേണ്ടതാണ്. ദേഹം മുഴുവൻ മുഴുകുന്ന എന്ന അർത്ഥത്തിൽ.

മുതിർന്നവർക്ക് മൂറോൻ അഭിഷേകം നൽകുമ്പോൾ നെറ്റിയിലും, തൊണ്ണക്കുഴിയിലും ഇരു കൈകളുടെ പുറത്തും അവ പൂശേണ്ടത്.

കുട്ടികളുടെ മൂറോൻ അഭിഷേകം - കുട്ടികൾക്ക് - നെറ്റി, തൊണ്ണ, കൈവെള്ള, കാൽ വെള്ള, മാമോദീസാ മുക്കിക്കഴിഞ്ഞ് ഒരു ഘോഷയാത്രയായി ക്രമീകരിക്കുന്നത് അഭിലക്ഷണീയമാണ്. മൂറോന്റെ അഭിഷേകം കഴിഞ്ഞ് ശിശുവിനെ കാർമ്മികൻ കൈകളിലെടുത്ത് സഭയ്ക്കു വേണ്ടി സ്വീകരിച്ച് (കിഴക്കോട്ട് അഭിമുഖമായി) പ്രാർത്ഥിക്കുന്നത് അഭിലക്ഷണീയമാണ്.

കുട്ടികൾ, സ്ത്രീകൾ, പുരുഷന്മാർ, ശുശ്രൂഷകർ, വൈദികർ, മാതാപിതാക്കൾ, കുട്ടികളേയും വഹിച്ച തല തൊട്ടയാൾ, കാർമ്മികൻ ഇങ്ങനെ ഒന്നായി - "കർത്താവേ അനുഗ്രഹിക്ക" എന്ന ഗീതം പാടി മുൻപോട്ട് പോകണം. സ്നാനത്തെക്കുറിച്ച് ഒരു പ്രബോധനം ആഗ്രഹിക്കത്തക്കതാണ്. അർത്ഥവത്തായ പേരിടാൻ നിർബന്ധിക്കുക. തല തൊടുന്നവരുടേയോ, വലിയ മാതാപിതാക്കളുടേയോ (Grand Parents) പേര് ഒഴിവാക്കാതിരിക്കുക.

അത്യാവശ്യ സന്ദർഭങ്ങത്തിൽ വിട്ട് മാമോദീസാ വീട്, ഹോസ്പിറ്റൽ ഇവിടങ്ങളിൽ വച്ച് നടത്താം. മൂറോൻ അഭിഷേകം പിന്നീട് പള്ളിയിൽ വച്ച് നടത്തിയാൽ മതി. രോഗം മൂർച്ഛിച്ച സ്ഥാനാർത്ഥിയെങ്കിൽ - ശുദ്ധീകരിച്ച വെള്ളത്തിൽ മുക്കിയ കൈ കൊണ്ട് ശിശുവിന്റെ തലയിൽ തൊട്ട് സ്നാപന വാക്യം ചൊല്ലുക. രജിസ്റ്ററിൽ പേര് ചേർക്കണം. Remarks കോളത്തിൽ എഴുതുക. മറ്റ് ഇടവകകളിൽ മാമോദീസാ കഴിഞ്ഞു വരുന്നവർ ബാപ്റ്റിസം സർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ അവരുടേയും പേര് മാമോദീസാ രജിസ്റ്ററിൽ ചേർക്കണം. സർട്ടിഫിക്കറ്റ് ഫയലിൽ സൂക്ഷിക്കണം.

## പ്രസവ സ്തോത്രം

മാതാവിനോടൊപ്പം പിതാവും സ്തോത്ര പ്രാർത്ഥനയ്ക്ക് മുട്ടുകുത്തുന്നത് അഭിലക്ഷണീയമാണ്. "നിൻ ദാനം ഞാൻ അനുഭവിച്ചു........" അല്ലെങ്കിൽ അതുപോലെ സന്ദർഭോചിതമായ പാട്ട് പാടുന്നത് അർത്ഥവത്താണ്. പ്രസവസ്തോത്ര സ്തോത്രകാഴ്ച്ച ആദ്യത്തെ പാട്ടിന്റെ സമയം സമർപ്പിച്ചുകൊണ്ട് അമ്മ മുട്ടുകുത്തുന്നതാണ് നല്ലത്. സ്തോത്ര കാഴ്ച്ചയുമായി ദൈവ സന്നിധിയിൽ സമർപ്പിക്കുന്നു. അച്ചന്മാരുടെ കൈയ്യിലോ, ട്രസ്റ്റിയുടെ കൈയ്യിലോ തുക നേരത്തെ കൊടുത്ത് രസീത് വാങ്ങുന്ന സമ്പ്രദായം നിരുത്സാഹപ്പെടുത്തുക. Still baby-യെ പ്രസവിച്ച അമ്മമാരും പ്രസവം കഴിഞ്ഞ് ആദ്യം പള്ളിയിൽ വരുമ്പോൾ വികാരിയോടു പറഞ്ഞ് ഒരു പ്രാർത്ഥന നടത്തുന്നതിന് ഉത്സാഹിപ്പിക്കുക.

മാതാപിതാക്കൾ ആവശ്യപ്പെട്ടാൽ പ്രസവ സ്തോത്രം മാത്രമായി അവരവർ കൂടി നടക്കുന്ന പള്ളിയിൽ വച്ച് നടത്താവുന്നതാണ്. മാമോദീസാ സൗകര്യാർത്ഥം മറ്റൊരു പള്ളിയിലും നടത്താം.

വി. മൂറോൻ, വി. സൈത്ത് എന്നിവ നല്ല ചെറിയ കുപ്പികളിൽ സൂക്ഷിക്കണം. ശുശ്രൂഷാ വേളയിൽ മൂറോൻ കഴിവതും പട്ടക്കാരന്റെ കൈകളിൽ തന്നെ ആയിരിക്കണം. എപ്പോഴും നല്ല മാന്യമായ സ്ഥലത്ത് അവ വച്ചിരിക്കണം. ഈ എണ്ണകൾ തീരുന്നതിനു മുമ്പ് തന്നെ പുതിയവ അവയോടു ചേർക്കേണ്ടതാണ്.

സൈത്ത് വർദ്ധിപ്പിക്കുന്നതിന് സൈത്തിന്റെ കുപ്പിയിൽ ഒലിവെണ്ണ ചേർത്ത് വി. കുർബ്ബാനയുടെ മദ്ധ്യേ തബ്ലീത്തായിൽ വച്ച് പ്രത്യേക പ്രാർത്ഥന നടത്തി ഉപയോഗിക്കേണ്ടതാണ്. (മൂറോന് അത് വേണ്ട). വി. മാമോദീസ, രോഗീലേപനം, ഭവന പ്രതിഷ്ഠ എന്നീ വേളകളിൽ സൈത്ത് ഉപയോഗിക്കുന്നു.

പള്ളിക്ക് കല്ലിടീൽ, പള്ളി കൂദാശ, വി. മാമോദീസായുടെ രണ്ടാം ഭാഗം എന്നീ വേളകളിൽ വി. മൂറോൻ ഉപയോഗിക്കുന്നു. മൂറോൻ ഒരിക്കൽ മാത്രമേ ഒരു വ്യക്തിയിലും സ്ഥലത്തും ലേപനം നടത്താറുള്ളു.

# വിശുദ്ധ കുർബ്ബാന

വിശുദ്ധ കുർബ്ബാനയ്ക്കു വേണ്ടി വൈദികർ ഒരാഴ്ച്ച ഒരുങ്ങണം. കുമ്പസാരത്തിന്റെ ഒരാഴ്ച്ച ക്രമം ഉപയോഗിക്കുക. അതാത് ആഴ്ച്ചയ്ക്ക് നിശ്ചയിക്കപ്പെട്ട Lectionary - ൽ നിന്ന് പ്രസംഗത്തിന് ഒരുങ്ങുക. പാട്ടുകൾ തിരഞ്ഞെടുക്കുക. പള്ളിയിൽ വന്ന് ആദ്യം കുമ്പസാര പ്രാർത്ഥന ചൊല്ലുക. തുയാബായുടെ ശുശ്രൂഷ തനിച്ചോ ശുശ്രൂഷകർ ചേർന്നോ നടത്തുക. പള്ളിയും ഉപകരണങ്ങളും ഭംഗിയായി ക്രമീകരിക്കുക. വൃത്തിയായി സൂക്ഷിക്കുക. പരസ്യാരാധന ആത്മായ ശുശ്രൂഷകരോട് ചേർന്ന് നേതൃത്വം നൽകുക. പരസ്യാരാധന ഉപേക്ഷിക്കുന്നതിന് അനുവാദമില്ല. എന്നാൽ ആരാധനയിൽ ക്രമീകരണം നടത്താൻ അനുവാദമുണ്ട്. ഒഴിവാക്കൽ പതിവാക്കരുത് എന്നു മാത്രം.

ആദ്യമായി മദ്ബഹായിലെ ശുശ്രൂഷക്ക് വരുന്നവരെ ഒരു പ്രാർത്ഥന ചൊല്ലി അതിൽ പ്രവേശിപ്പിക്കണം. മദ്ബഹായിൽ യോഗ്യമായും മാന്യമായും പെരുമാറാൻ എല്ലാവരേയും പഠിപ്പിക്കുക. അപ്പവീഞ്ഞുകൾ ത്രോണോസ്സിൽ ക്രമീകരിച്ചു കഴിഞ്ഞാൽ ത്രോണോസ് cross ചെയ്ത് യാത്ര ഒഴിവാക്കുക. യാത്ര ത്രോണോസിന് പിന്നിലൂടെ നിഷ്കർഷിക്കുക.

ജന്മദിനം, വിവാഹ വാർഷികം മുതലായ സ്തോത്രപ്രാർത്ഥനയ്ക്ക് സ്തോത്ര കാഴ്ചകൾ കാർമ്മികൻ നേരിട്ട് സ്വീകരിക്കണം. തലയിൽ കൈവച്ച് പ്രാർത്ഥിച്ച ശേഷം സ്തോത്രകാഴ്ച സ്വീകരിക്കുന്ന പതിവും, മറ്റ് ആളുകൾ അത് collect ചെയ്യുന്ന രീതിയും ചേർന്നതല്ല. അനുഗ്രഹം പ്രാപിച്ച് നന്ദി പറയുകയല്ല ഒരു കാഴ്ചയുമായി വന്ന് നന്ദി പറയുകയാണ് വേണ്ടത്. പ്രസംഗം കഴിവതും ഒരു point കേന്ദ്രീകരിച്ചായിരിക്കണം. ക്രിസ്തു കേന്ദ്രീകൃതമായിരിക്കണം. ജനത്തെ മുറിപ്പെടുത്തുന്നതോ, പകപോക്കുന്നതോ ആയിരിക്കരുത്. മുൻ വിധിയോടും അരുത്. കേൾവിക്കാരെ മാന്യരായി കണക്കാക്കണം. അതിനാലാണ് ധൂപം അവരുടെ നേരെ വീശി വണങ്ങുന്നത്. നിങ്ങൾ ദൈവജനം അവിടുത്തെ രക്തത്താൽ വീണ്ടെടുക്കപ്പെട്ടവർ, പുരോഹിത വർഗ്ഗം, ക്രിസ്തു ശരീരത്തിന്റെ ഭാഗം എന്നു സാരം. വിവാഹ സ്തോത്രത്തിന് മാതാപിതാക്കളോടൊപ്പം മക്കളും ചേർന്ന് വരുന്നതിന് ഉത്സാഹിപ്പിക്കുക. കുമ്പസാര പ്രാർത്ഥന കഴിഞ്ഞ് വീണ്ടും ആരെങ്കിലും വി. കുർബ്ബാനക്ക് വരികയോ, താത്പര്യപ്പെടുകയോ ചെയ്താൽ വീണ്ടും കുമ്പസാര പ്രാർത്ഥന ചൊല്ലിക്കൊടുക്കുക. മേൽപട്ടക്കാർ വി. കുർബ്ബാന ചൊല്ലുമ്പോൾ അവരുടെ കൈയ്ക്ക് വെള്ളം ഒഴിച്ചു കൊടുക്കേണ്ടതും അപ്പ വീഞ്ഞുകൾ ക്രമീകരിച്ചു കൊടുക്കേണ്ടതും കൈയ്യസൂരി സമയം വന്ന് കൈമുത്തി അവ സ്വീകരിക്കേണ്ടതും വൈദികരുടെ ചുമതലയാകുന്നു.

വിശുദ്ധ കുർബ്ബാനയുടെ അനുഭവത്തിന് ജനം വന്നു മുട്ടു കുത്തുമ്പോൾ സഹ കാർമ്മികർ കാർമ്മികനിൽ നിന്ന് ഇരു കൈകളും ചേർന്ന് വി. ദ്രവ്യങ്ങൾ സ്വീകരിക്കേണ്ടതാണ്. എന്നാൽ മേൽപട്ടക്കാർ തബ്ലീത്തായിൽ നിന്ന് നേരിട്ട് എടുക്കുകയും തിരിച്ചു വക്കുകയും ചെയ്യാവുന്നതാണ്. വിശുദ്ധ കുർബ്ബാനയുടെ നാലാം റൂശ്മാക്കു ശേഷം മിച്ചം വരുന്ന വി. ദ്രവ്യങ്ങൾ ഭക്ഷിച്ച് കാസാ, പീലാസാ ഇവ കാർമ്മികൻ തന്നെ തുടച്ച് വെടിപ്പാക്കണം. പരസ്യം നടത്തുന്നതിനും മറ്റും പോയി മറന്നു പോകാതിരിക്കുന്നതിനു വേണ്ടി പാത്രങ്ങൾ തുടച്ചു വെടിപ്പാക്കിയ ശേഷം മെഴുകുതിരികൾ അണച്ചാൽ മതിയെന്ന് നിഷ്കർഷിക്കുക. ശുശ്രൂഷാ മദ്ധ്യേ കാർമ്മികൻ കാസായിൽ നിന്ന് അനുഭവിച്ചശേഷം സ്പൂൺ പീലാസായിൽ തന്നെ വക്കുന്നതിന് ശ്രദ്ധിക്കണം. തലവണയിലല്ല. അശ്രദ്ധയോ അവിചാരിതമായോ എന്തെങ്കിലും വി. ശുശ്രൂഷയിൽ സംഭവിച്ചാൽ കുറ്റം ഏറ്റെടുത്ത് മാന്യമായും, യോഗ്യമായും അത് പരിഹരിക്കുക. ഏതെങ്കിലും വ്യക്തി മൂലം സംഭവിച്ചാൽ അവരുടെ തലയിൽ കൈ വച്ച് പ്രാർത്ഥിക്കുക.

ശുശ്രൂഷയുടെ ക്രമീകരണത്തിന്റെ എല്ലാ ഉത്തരവാദിത്തം വികാരി അച്ചനു മാത്രമായിരിക്കും. തക്സായിലെ ഭാഗങ്ങൾ ക്രമമായി വിട്ടുകളയുന്നതിന് പട്ടക്കാർക്ക് അനുവാദമില്ല

ഇടവക ജനങ്ങൾ ആവശ്യപ്പെട്ടാൽ ഇടദിവസങ്ങളിൽ വി. കുർബ്ബാന അനുഷ്ഠിച്ചു കൊടുക്കുന്നതിന് വികാരിക്ക് അനുവാദമുണ്ട്. എന്നാൽ എന്തെങ്കിലും ആഘോഷത്തിന്റെ ഭാഗമായി വീടുകളിൽ ചൊല്ലിക്കൊടുക്കാൻ അനുവാദമില്ല. വി. കുർബ്ബാനയുടെ അനുഷ്ഠാനം, പൊതു ആരാധന, രാത്രി കാലങ്ങളിലുള്ള വി. കുർബ്ബാനയുടെ അനുഷ്ഠാനം ഇവ പൊതു സ്ഥലത്തു വച്ച് നടത്തുന്നതിനു മുമ്പ് മേലധികാരത്തിൽ നിന്ന് അനുവാദം വാങ്ങിയിരിക്കണം.

വി. കുർബ്ബാനയ്ക്കു മുമ്പ് കഴിവതും രണ്ടു മണിക്കൂർ എങ്കിലും ഉപവാസം ആചരിക്കണം. ദഹനക്കുറവ്, പുളിച്ച് തികട്ടൽ, ഇവയെല്ലാം കാർമ്മികന്റെ ശരീരം, മനസ്സ്, ശ്രദ്ധ ഇവയെ തളർത്തി കളയാൻ ഇടയാകും. ഉന്മേഷക്കുറവും വരുത്തി തീർക്കും. Celebration - ൽ നിന്ന് ശ്രദ്ധ മാറി രോഗലക്ഷണങ്ങളിലേക്ക് തിരിയുമ്പോൾ

അനുഷ്ഠാനത്തിൽ നിന്ന് നാം വളരെ പിന്നിലേക്ക് തള്ളപ്പെടാം. അത് ഒഴിവാക്കുന്നതിനാണ് ഈ ക്രമീകരണം. ശരീരത്തിന്റെ ശക്തിയും മനസ്സിന്റെ ബലവും വർജ്ജനത്തിലാണ് നേടിയെടുക്കേണ്ടത്.

## കുമ്പസാരം

കുമ്പസാരിക്കുന്നവർ പലതരത്തിലുള്ളവർ :- എല്ലാവരും കുമ്പസാരിക്കുന്നതു കാണുമ്പോൾ എങ്കിൽ ഞാനും ഒന്നു കുമ്പസാരിച്ചേക്കാം എന്നു വിചാരിച്ച് കുമ്പസാരിക്കുന്നവർ. സഭയുടെ നിയമമായതിനാലും നാട്ടുനടപ്പായതിനാലും ആണ്ടിലൊരിക്കലെങ്കിലും കുമ്പസാരിക്കേണ്ടേ എന്നു വിചാരിച്ച് കുമ്പസാരിക്കുന്നവരും ഉണ്ട്. ഇവർക്കെല്ലാം കുമ്പസാരം എളുപ്പമാണ്. എന്നാൽ നിരന്തരം വിശുദ്ധിയിൽ വളരാനാഗ്രഹിക്കുകയും സ്നേഹവാനായ ദൈവവുമായി നിരന്തരം അനുരഞ്ജനപ്പെടാൻ കൊതിക്കുകയും ചെയ്യുന്നവർക്ക് കുമ്പസാരം അത്ര നിസ്സാരമല്ല. കുമ്പസാരത്തിലൂടെ സന്തോഷവും സമാധാനവും സ്വാതന്ത്ര്യവും നമുക്കനുഭവിക്കാം. എങ്ങനെ നമുക്ക് നല്ലൊരു കുമ്പസാരം നടത്താം. അതിന് പരിശുദ്ധാത്മാവിന്റെ സഹായം കൂടിയേ തീരൂ. അവിടുന്നാണ് ശരിയായ പാപബോധം നൽകുന്നത്. പാപബോധമില്ലാതെ പശ്ചാത്താപമോ, ഏറ്റുപറച്ചിലോ, പാപവിമോചനമോ ലഭിക്കുക സാദ്ധ്യമല്ല. അതിനാൽ സ്വന്തമനസ്സാക്ഷിയെ പരിശോധിച്ചറിയുവാനും കുമ്പസാരത്തിലൂടെ ലഭ്യമാകുന്ന വരപ്രസാദം സ്വന്തമാക്കുവാനും നാം ശീലിക്കണം.

പ്രാർത്ഥനയോടെ ഈ കൂദാശയ്ക്കായി ഒരുങ്ങണം. പാപബോധവും പശ്ചാത്തലവും നാം മനസ്സിലാക്കണം. ഭയവും ലജ്ജയും നമ്മെ മൂടി വയ്ക്കാനുള്ള തടസ്സങ്ങൾ സൃഷ്ടിക്കും. എളിമയ്ക്കായി പ്രാർത്ഥിക്കുക. പാപങ്ങൾ പൊറുക്കുന്ന യേശുവിലുള്ള വിശ്വാസം പഴയ പാപങ്ങൾ ഓർക്കാത്ത കർത്താവ്. മനുഷ്യ ബുദ്ധിക്കും യുക്തിക്കും അതീതമായി പ്രവർത്തിക്കുന്ന യേശു. പാപമോചനം സമാധനത്തിനായുള്ള കൂദാശയാണ്. അനുരഞ്ജനത്തിലൂടെയാണ് അത് ലഭിക്കുന്നത്. പാപം വഴി ദൈവവുമായി, സഹോദരനുമായി ഉള്ള ബന്ധം നഷ്ടപ്പെടുന്നു. അത് ഏറ്റു വാങ്ങി പശ്ചാത്തപിക്കുമ്പോൾ ദൈവം നഷ്ടപ്പെട്ട ബന്ധം പുനഃസ്ഥാപിക്കും.

പാപം ഏറ്റു പറയാത്ത വ്യക്തിയുടെ മനസ്സിൽ തെറ്റുകൾ ക്ഷമിക്കപ്പെട്ടില്ല എന്ന ചിന്ത ഉണ്ടായിരിക്കും. ദൈവം ശിക്ഷിക്കുമോ എന്ന ഭയവും തകർച്ചകളും ശിക്ഷകളും പാപത്തിന്റെ ശിക്ഷയാണ് എന്ന വേദന കുറ്റബോധം, നിരാശ, ആത്മവിശ്വാസക്കുറവ് ഇവയെല്ലാം സമാധാനം കെടുത്തും. കുമ്പസാരത്തോടെ ആത്മാവ് വിശുദ്ധീകരിക്കപ്പെടും. ദൈവവുമായി രമ്യത പുനഃസ്ഥാപിക്കപ്പെടുന്നു. ദൈവശിക്ഷയിൽ നിന്ന് മോചനം നേടുന്ന ആത്മീക സൗഖ്യം, ശാന്തി, സമാധാനം, വലിയ സന്തോഷം ഇവ ലഭിക്കുന്നു.

പാപവും പ്രശ്നവും തമ്മിൽ വ്യത്യാസമുണ്ട്. പാപമുള്ളിടത്ത് പാപമോചനം, പ്രശ്നമുള്ളിടത്ത് പരിഹാരം ആണ് ആവശ്യം. എനിക്ക് മുൻ കോപമുണ്ട്, ക്ഷമിക്കാൻ പറ്റുന്നില്ല, ഇവ പ്രശ്നങ്ങളാണ്. അതിനാൽ പാപമോചനം ലഭിക്കാൻ കഴിയുകയില്ല. ഇത്തരം പ്രശ്നങ്ങൾ നമ്മെ പാപത്തിലേക്ക് നയിക്കാം.

## എങ്ങനെ കുമ്പസാരിക്കണം

1. ആത്മ പരിശോധന ചെയ്യുക. ചെയ്തു പോയ പാപങ്ങൾ നാം കണ്ടെത്തണം. പ്രവൃത്തി കൊണ്ടും ഉപേക്ഷ കൊണ്ടും പാപം ചെയ്തിരിക്കാം. ദൈവം പാടില്ല എന്നു പറഞ്ഞിരിക്കുന്നത് ചെയ്യുന്നതും പാപമാണ്. ചെയ്യണം എന്നു പറഞ്ഞിരിക്കുന്നത് ചെയ്യാതിരിക്കുന്നതും പാപമാണ്. ചെയ്ത തെറ്റുകളും ചെയ്യാത്ത നന്മകളും നാം കണ്ടെത്തണം.

2. ചെയ്ത പാപങ്ങൾ ഓർത്ത് നാം അനുതപിക്കണം. അനുതാപമാണ് പാപവിമോചനത്തിന് അടിസ്ഥാനം. ന്യായവാദങ്ങൾ ഉപേക്ഷിച്ച്, കർത്താവേ പാപിയായ എന്നോട് ക്ഷമിക്കേണമേ എന്ന പ്രാർത്ഥന ചൊല്ലുക.

3. പാപങ്ങൾ ദൈവത്തോട് ഏറ്റു പറയണം. ബുദ്ധികൊണ്ടും യുക്തി കൊണ്ടും കുമ്പസാരത്തെ കാണേണ്ട. വിശ്വാസം കൊണ്ട് കാണണം. ദൈവകൃപയിലേക്ക് ചൊരിയപ്പെടുന്ന ദിവ്യമായ തപസ്യയായി ഈ കൂദാശയെ വിശ്വാസത്തിന്റെ കണ്ണുകൾ കൊണ്ട് നാം നോക്കി കാണണം. അപ്പോൾ ലഭിക്കുന്ന ശാന്തത, സമാധാനം, സൗഖ്യം, പാപം ക്ഷമിക്കപ്പെട്ടു എന്ന ബോധ്യം ഇവയെല്ലാം നമുക്ക് ലഭ്യമാകുന്നു.

# വിശുദ്ധ വിവാഹം

മണവാളനേയും മണവാട്ടിയേയും വിവാഹത്തിന് ഒരുക്കേണ്ട ചുമതല അവരവരുടെ വികാരി അച്ചന്മാരുടേതാകുന്നു. Pre-Marital Counselling-ന് യുവജനങ്ങളെ ഒരുക്കേണ്ടതാണ്. വിവാഹ ശുശ്രൂഷയെക്കുറിച്ചും, ആരാധനയെക്കുറിച്ചും പഠിപ്പിക്കുക. ശുശ്രൂഷാരംഭം ആരാധനയെക്കുറിച്ച് പ്രസ്താവിക്കുക. പ്രബോധന സമയം വിവാഹ ജീവിതത്തെക്കുറിച്ച് പറയുക. പള്ളിയിൽ കൊടുക്കേണ്ട തുകകളും വിവിധ ഇനങ്ങളും നേരത്തെ വീട്ടുകാർക്ക് അറിവുകൊടുത്ത് വിവാഹത്തിനു മുമ്പ് ധാരണ ഉളവാക്കിയിരിക്കണം. ആരാധന സമയം പണത്തിന് കണക്കു പറഞ്ഞ് വിഷമാവസ്ഥ സൃഷ്ടിക്കാതിരിക്കുന്നത് ഉചിതമായിരിക്കും.


മണവാട്ടി Veil, കിരീടം ഇവ ധരിച്ചു വരേണ്ടതില്ല എന്ന് നേരത്തെ നിഷ്കർഷിച്ചിരിക്കണം. വിവാഹ നിശ്ചയത്തിന് (Engagement) മോതിരം ആശിർവ്വദിച്ചു കൊടുക്കുന്ന പതിവ് നമുക്കില്ല. ദേവാലയത്തിൽ വച്ച്, വിവാഹ ശുശ്രൂഷയുടെ ഒന്നാംഭാഗം അതാണ്. വിവാഹശുശ്രൂഷയിലെ ഭാഷ ഉപമാലങ്കാരത്തിൽ എഴുതപ്പെട്ടിരിക്കുന്നു എന്നും സ്നേഹം നിറഞ്ഞ മണവാളനായ മ്ശിഹാ തന്റെ മണവാട്ടിയായ സഭയെ എത്രമാത്രം സ്നേഹിച്ചു എന്നതിനാൽ അവ എല്ലാ സ്നേഹത്തിനും ഉദാത്തമായ ഉദാഹരണമാണെന്നും പ്രസ്താവിക്കുക.

ശുശ്രൂഷാരംഭത്തിനു മുൻപ് വധൂവരന്മാരെ കൊണ്ട് ഒപ്പിടുവിച്ചു കൊള്ളണം. സമ്മത രജിസ്റ്റർ, Affidavit etc.

കൌമ്മാ, പ്രോമിയോൻ, സെദറാ ഇവ കിഴക്കോട്ട് തിരിഞ്ഞ് നടത്തേണ്ടതാണ്.

ഏവൻഗേലിയോൻ വായിക്കുന്നതിനു മുമ്പ് മണവാളന്റെയും മണവാട്ടിയുടേയും വലതു കരങ്ങൾ തമ്മിൽ കാർമ്മികൻ ചേർത്തു പിടിപ്പിച്ചിരിക്കണം.

തലയിൽ കിരീടം ഓരോ ചരണം പാടുമ്പോഴും മൂന്നു പ്രാവശ്യം കിരീടം കുരിശാകൃതിയിൽ ആഘോഷിക്കണം. (2 പ്രാവശ്യം clock wise, 1 പ്രാവശ്യം anti clock wise)



കാർമ്മികൻ ദമ്പതികളുടെ മോതിര വിരലിൽ മോതിരം നൽകുമ്പോൾ ആ വിരലിൽ വേറൊരു മോതിരം ഉണ്ടായിരിക്കരുത്. മണവാളനേയും മണവാട്ടിയേയും റൂശ്മാ ചെയ്ത് അനുഗ്രഹിച്ച് ചൊല്ലുമ്പോഴെല്ലാം അവർ കുരിശ് വരച്ച് വണങ്ങേണ്ടതാണ്. അത് ആരാധനയ്ക്ക് മുമ്പേ അവരെ ബോദ്ധ്യപ്പെടുത്തണം.

കാർമ്മികൻ വൈദികനായിരുന്നാൽ മിന്ന് ആദ്യം സ്വയം ത്രിത്വ നാമത്തിൽ വാഴ്ത്തിയ ശേഷം സഹ കാർമ്മികരായ വൈദികരെ കൊണ്ട് വാഴ്ത്തിക്കുന്നത് ഉചിതമായ കീഴ്നടപടിയാകുന്നു. വൈദീക സംഘം ഒന്നിച്ച് ചെയ്യുന്ന ഒരു ആശിർവ്വാദം ഐക്യത്തിന്റെയും പ്രാർത്ഥനയുടേയും expression ആയിരിക്കും. എന്നാൽ പ്രധാന കാർമ്മികനായി മേൽപട്ടക്കാരൻ ഉള്ളപ്പോൾ സഹകാർമ്മികനായ വൈദികൻ അവ (മിന്ന്) വലതു കൈയ്യിൽ എടുത്ത് വടക്കോട്ട് തിരിഞ്ഞു നില്ക്കുമ്പോൾ മേൽപട്ടക്കാരൻ തെക്കോട്ട് തിരിഞ്ഞ് സ്ലീബാ കൊണ്ട് മിന്ന് ആശിർവ്വദിക്കും. ത്രോണോസ്സിന് എതിരായി തിരിഞ്ഞു നിന്ന് ആശിർവ്വാദം വേണ്ട എന്നതിനാൽ മേൽപട്ടക്കാരൻ ആശിർവ്വദിച്ചശേഷം മിന്ന് മറ്റ് വൈദികർ ആശിർവ്വദിക്കേണ്ടതില്ല.

കാർമ്മികൻ മിന്ന് ഇടതു കൈയ്യിൽ ചൂണ്ടുവിരലും തള്ള വിരലും ചേർത്ത് നൂൽ സഹിതം പിടിച്ച് വലതു കൈകൊണ്ട് മണവാളന്റെ വലതു കൈയ്യിലും വലതു കൈ കൊണ്ട് ഇടതു കൈയ്യിലും നൂല് കൊടുക്കണം. പിന്നീട് മിന്നും നൂലും വലതു കൈ കൊണ്ട് പിടിച്ച്, മണവാളൻ കെട്ടി മുറുക്കി എന്നു ബോദ്ധ്യപ്പെട്ട ശേഷമേ മിന്നിൽ നിന്ന് കാർമ്മികൻ പിടി വിടാവൂ.

മന്ത്രകോടി കുരിശു വരച്ച് വാഴ്ത്തിയ ശേഷം മണവാട്ടിയുടെ തലയിൽ, പിന്നിൽ നിൽക്കുന്ന മണവാളന്റെ സഹായത്തോടെ കാർമ്മികൻ തന്നെ ഇട്ടുകൊടുക്കേണ്ടതാണ്. മോതിരം ഇടുന്ന കാർമ്മികന് മന്ത്രകോടിയും ഇടുവിക്കാം. സർവ്വാഭരണവിഭൂഷണയായി മണവാട്ടിയെ മണവാളന് ഏൽപ്പിച്ചു കൊടുക്കുന്നു എന്നു സാരം.

(വെളിപ്പാടു പുസ്തകത്തിലെ മണവാട്ടി). ഏവൻഗേലിയോൻ വായിക്കുന്ന സമയം ജനം എഴുന്നേറ്റ് നിൽക്കേണ്ടതാണ്. കർത്താവിന്റെ അതേ വാക്കുകൾ വായിച്ചു കേൾക്കുകയാണ്. വചനമാണ് കൂദാശയ്ക്ക് അടിസ്ഥാനവും സാധൂകരണവും നൽകുന്നത്. ശ്ലീഹാ വായിക്കുന്നതും വായിക്കുന്നവരും ആരാധനയുടെ പ്രധാന ഘടകം തന്നെ എന്നു വൈദികൻ മനസ്സിലാക്കുക. വിവാഹ ശുശ്രൂഷ യാതൊരു വിധത്തിലും അലങ്കോലപ്പെടുത്തുന്ന ഒന്നായി തീരാതിരിക്കാൻ വികാരിമാർ ശ്രദ്ധിക്കുക. അഴിയ്ക്കകത്ത് വൈദികരും താഴെ ഒരു പുൽപ്പായ് വിരിച്ച് അതിൽ വധൂവരന്മാരും. കിരീടം വാഴ്വിന് ഇതാണ് സഹായകരമായ position. ഇന്ന് പള്ളിയിൽ അവർക്ക് ചെരിപ്പ് ധരിക്കാം.

Camera, Video Camera ഇവ ഉപയോഗിക്കുന്നവർ അശ്രദ്ധയായി പെരുമാറുന്നത് കർശനമായി നിയന്ത്രിക്കുക. പ്രാർത്ഥനാ സമയം പള്ളിക്കുള്ളിൽ നടന്ന് ജനങ്ങളുടെ പടം എടുപ്പിക്കരുത്. എന്നാൽ ഗായക സംഘം പാടുമ്പോൾ ആവാം. ശുശ്രൂഷക്ക് മണവാളനേയും മണവാട്ടിയേയും നിർത്തി കഴിഞ്ഞാൽ അവരുടെ മുമ്പിൽ കൂടി നടക്കുന്നതിന് ആരെയും അനുവദിക്കരുത്.

ഗായക സംഘം ഒരു പാട്ടു പാടുമ്പോൾ മണവാളനും മണവാട്ടിയും പള്ളിക്കുള്ളിൽ പ്രവേശിക്കുകയും ആ സമയം ജനങ്ങൾ എഴുന്നേറ്റ് നിൽക്കുകയും ചെയ്യുമ്പോൾ തിരശ്ശീല മാറ്റേണ്ടതാണ്. അത് അവരെ ആദരിക്കുന്നതിനും സ്വർഗ്ഗീയ മണവാളനായ കർത്താവിന്റെ കുരിശും സിംഹാസനവും അവരെ എതിരേല്ക്കുന്നു എന്ന് അറിയിക്കുന്നതിനും അത്രെ. മറയിടുമ്പോൾ തുടർന്ന് ജനങ്ങൾ ഇരിക്കണം. അപ്പോൾ വിവാഹ സമ്മതം എന്ന ചടങ്ങ് നടക്കുന്ന വിവരം വികാരി ജനത്തെ അറിയിക്കുന്നത് നല്ലതാണ്. വിവാഹ സമ്മതം കഴിഞ്ഞ് വികാരിയോ അദ്ദേഹം നിർദ്ദേശിക്കുന്ന പട്ടക്കാരോ മണവാളനേയും മണവാട്ടിയെയും കുമ്പസാരിപ്പിക്കണം. വിവാഹ കൂദാശക്കായി ഒരുക്കുന്ന ശുശ്രൂഷ (പ്രാർത്ഥന). തെറ്റുകൾ ഏറ്റുപറഞ്ഞ് പുത്തൻ കൃപകൾ പ്രാപിക്കുന്ന സമയം എന്നവരെ ഓർമ്മിക്കുക.

മേൽപ്പട്ടക്കാർ ആശിർവ്വാദത്തിനു ശേഷം മണവാളനെയും മണവാട്ടിയെയും കൈമുത്തിച്ച് തിരികെ മദ്ബഹായിൽ പ്രവേശിച്ച് മറയിട്ടശേഷം മാത്രമേ വൈദികർ അവരുടെ സ്ഥാനങ്ങളിൽ നിന്നും മാറാവൂ. ഇതൊരു നിബന്ധനയല്ല, പിന്നെയോ ഒരു ചിട്ടയായ ക്രമത്തിന്റെ ഭംഗി എന്നു മാത്രം. ജനങ്ങളും അപ്രകാരമാണല്ലോ ചെയ്തു വരുന്നത്. (പള്ളിയിലെ അവരുടെ ഇരിപ്പിടത്തു നിന്നും മാറുന്നത്)

വിവാഹത്തിന്റെ ഗീതങ്ങൾ എല്ലാം രണ്ട് പാട്ടു സംഘങ്ങൾ ചേർന്ന് നടത്തുന്ന കാവ്യാത്മകമായ discourses ആണ്. Choir ഉള്ളപ്പോൾ പട്ടക്കാർ ആദ്യത്തെ Stanza യും choir പ്രതിവാക്യവും ചൊല്ലണം. കാർമ്മികനും തന്റെ വലതു ഭാഗത്തുള്ള വൈദികരും, സഹകാർമ്മികരും ഇടതുഭാഗത്തുള്ള വൈദികരും ശുശ്രൂഷക്കാരും ഗായകസംഘവും ചേർന്നുള്ള ഈ സംഘ ഗാനാലാപം ഏറ്റവും ഹൃദ്യവും മനോജ്ഞവും ആയിരിക്കണം. ഗായകസംഘക്കാരെ കൊണ്ട് ഇവ പാടിപ്പിച്ച് വൈദികർ നിസ്സംഗരായി നില്ക്കുന്ന നിർജ്ജീവാവസ്ഥ വിവാഹ കൂദാശയെ ബാധിക്കാതിരിപ്പാൻ ശ്രദ്ധിക്കുക. രജിസ്റ്ററിൽ വധൂവരന്മാരുടെ പേര് capital letter - ൽ എഴുതണം. സാക്ഷികളുടെ വിലാസം പൂർണ്ണമായും കാണിച്ചിരിക്കണം. രജിസ്റ്ററിൽ ബന്ധപ്പെട്ടവർ മാത്രം ഒപ്പു വക്കുക. എഴുത്തുകളെല്ലാം വികാരി ആയിരിക്കണം.

## പട്ടം കൊടുക്കൽ (പട്ടാഭിഷേക) ശുശ്രൂഷ

പട്ടം ഏൽക്കുന്ന സ്ഥാനാർത്ഥിയെ വീട്ടിൽ നിന്നും പ്രാർത്ഥിച്ച് സഭക്കു വേണ്ടി വികാരി അച്ചന്മാർ അവരെ സ്വീകരിക്കണം. തുടർന്ന് അവരെ കൊണ്ടുപോയി മെത്രാന്മാരെ ഭരമേൽപ്പിക്കണം. പട്ടം കൊടുക്കുന്നവരും സ്ഥാനാർത്ഥികളും ഒരുമിച്ച് പ്രാർത്ഥനയ്ക്കും, ധ്യാനത്തിനും, ഉപവാസത്തിനും സമയം ക്രമപ്പെടുത്തേണ്ടതാണ്. മൽപാന്മാർ ഏറെയും ഉപദേഷ്ടാക്കന്മാർ പലരും ഉണ്ടെങ്കിൽ ഒരു വികാരിയുടെ കരുതലും സ്നേഹവും ശിക്ഷണവും അനുഭവിച്ചവരായിരിക്കണം വൈദിക സ്ഥാനാർത്ഥികൾ. യൗവ്വനക്കാരേ സഭാ ശുശ്രൂഷയ്ക്ക് പ്രേരിപ്പിക്കേണ്ടതും പ്രോത്സാഹിപ്പിക്കേണ്ടതും വികാരിയുടെ ചുമതലയാണ്. പട്ടംകൊട ശുശ്രൂഷയിലെ എല്ലാ കാര്യങ്ങളും മെത്രാന്റെ ആലോചനപ്രകാരം ചിട്ടയായും ചന്തമായും ക്രമീകരിക്കേണ്ടത് വികാരിയാണ്. പട്ടം കൊടുക്കൽ ശുശ്രൂഷയുടെ തലേ ദിവസത്തെ ഭക്ഷണവും താമസവും കാർമ്മികനും സ്ഥാനാർത്ഥികളും കഴിവതും പള്ളിയിൽ തന്നെ ആയിരിക്കണം. അമിത ഭക്ഷണം, rich food ഇവ ഒഴിവാക്കണം. ആരാധനയിലെ അച്ചടക്കം, ശ്രദ്ധ ഇവ നഷ്ടപ്പെടാതിരിക്കും. ആവശ്യമെങ്കിൽ ഫോട്ടോ എടുക്കാം. ശുശ്രൂഷക്കു ശേഷം പട്ടം കൊടുക്കപ്പെട്ടവരുടെ മാതാപിതാക്കളേയും സഹോദരങ്ങളേയും സഭയ്ക്കു വേണ്ടി പ്രധാന കാർമ്മികൻ അഭിനന്ദിക്കുക.

## തൈലാഭിഷേകം

രണ്ടു ഭാഗമായി ഈ ശുശ്രൂഷ നിർവ്വഹിക്കപ്പെടുന്നു.

ഒന്നാം ഭാഗം :- രോഗശാന്തിക്ക്, സൗഖ്യമാക്കുന്ന ശുശ്രൂഷ ഒരു ദൈവീക വരദാനം. അത് സഭയ്ക്ക് നൽകപ്പെട്ടിരിക്കുന്നു. അവ കർത്താവിൽ നിന്ന് പ്രാപിച്ച് ജനത്തിന് പ്രാപ്യമാക്കേണ്ട ചുമതല വൈദികരുടേതാണ്. നീറുന്ന ആത്മാക്കൾക്ക് ശാരീരിക, മാനസിക, ആത്മീയ സൗഖ്യം നേടിക്കൊടുക്കുന്നതിന് വൈദികർ ഉറ്റിരിക്കണം. ശരീരം + മനസ്സ് + ആത്മാവ് ഇവയുടെ അനൈക്യമാണ് രോഗം. ഒന്ന് ഒന്നിനോട് ബന്ധപ്പെട്ടിരിക്കുന്നു. ഞായറാഴ്ച ആരാധന കഴിഞ്ഞ് രോഗികളായവർക്കുള്ള പ്രത്യേക പ്രാർത്ഥനാ ശുശ്രൂഷ ആഗ്രഹിക്കത്തക്കതാണ്. തലയിൽ തൊട്ട്, എണ്ണ പൂശി ദൈവ കരുണക്കു വേണ്ടി മുട്ടിപ്പായി പ്രാർത്ഥിക്കണം. വിശ്വാസത്തോടെ പള്ളി ആരാധന കഴിഞ്ഞ് പ്രാർത്ഥനയക്ക് ആവശ്യമുള്ളവർ മുമ്പോട്ട് വരുന്നതിന് ആവശ്യപ്പെടുക. അവരുടെ രോഗം അറിഞ്ഞ് അവരോട് ചേർന്ന് പ്രാർത്ഥിക്കുക. സൈത്ത് എണ്ണ പൂശി സൗഖ്യത്തിനായി പ്രാർത്ഥിക്കുക. രോഗം മൂലം ഏറിയ നാളുകളായി പള്ളിയാരാധനയിൽ പങ്കെടുക്കാത്തവരെ സന്ദർശിച്ച് രോഗീലേപനം നടത്തി വിശുദ്ധ കുർബ്ബാനയിൽ പങ്കെടുപ്പിക്കുക.

രണ്ടാം ഭാഗം :- അത്യാസന നിലയിൽ ഉള്ളവർക്കാണ്. മരണത്തിന്റെ തീവ്രത കാണിച്ചു തുടങ്ങുന്നവർക്കും തൈലാഭിഷേകം നടത്തണം. ഭയപ്പെടാതിരിക്കുന്നതിന് ആവശ്യമായ പ്രബോധനം നൽകുക. കിടക്കയിൽ ആയിരിക്കുന്നവരുടെ കാൽഭാഗത്ത് മേശയും ദീപവും കുരിശും വയ്ക്കുന്നതാണ് ഉത്തമം. കാർമ്മികൻ രോഗിയോട് ചേർന്നു നിന്ന് ആരാധന എടുക്കുക. രോഗിക്ക് അവ കാണാൻ കഴിയും. ധൂപം ഉപയോഗിച്ചാൽ കാഴ്ച മറഞ്ഞവർക്ക് ഘ്രാണ ശക്തി ചിലപ്പോൾ ഇരട്ടിച്ചേക്കാം. ആരാധനയിൽ പങ്കാളിയാകുന്നു എന്ന ബോധ്യം ഉണ്ടാവാം. ബോധം ഇല്ല എന്ന് നമുക്ക് തോന്നിയാലും അന്തർഗതം നന്നായി പ്രവർത്തിച്ചു എന്നു വരാം. അതിനാൽ രോഗിയുടെ മനസ്സിനെ ക്ലേശിപ്പിക്കുന്ന സംസാരം ഒഴിവാക്കണം. പാട്ടു പാടുന്നവർ ഏറ്റം സാവകാശത്തിൽ പാടുക. കുറച്ചുപേർ ചേർന്ന് മൃദുസ്വരത്തിൽ പാടാൻ പറയുക. വൈദികർ കാപ്പയോ പുറം ഉോഹയോ ധരിച്ചിരിക്കണം. വിശുദ്ധ കുർബ്ബാന ഇറക്കാൻ പ്രയാസം ഉണ്ടെന്നു തോന്നിയാൽ സ്പൂണിൽ ഉള്ള ശുദ്ധീകരിച്ച വീഞ്ഞിനോടൊപ്പം വാഴ്ത്തിയ അപ്പം പൊടിച്ചു ചേർത്ത് കൊടുക്കാം. ആരോഗ്യനില മനസ്സിലാക്കി ഒന്നും രണ്ടും ഭാഗങ്ങൾ നടത്തിയിരിക്കണം. സ്വന്തമായി കുമ്പസാര പ്രാർത്ഥനയോ, തൈലാഭിഷേകത്തിന്റെ അനുതാപ പ്രാർത്ഥനയോ ചൊല്ലാൻ ബുദ്ധിമുട്ടുണ്ടെങ്കിൽ മക്കളിൽ ഒരാളോ, വൈദികൻ തന്നെയോ രോഗിയുടെ കൈ പിടിച്ചു കൊണ്ട് ആ പ്രാർത്ഥനകൾ ചൊല്ലേണ്ടതാണ്. പ്രാർത്ഥനക്കു ശേഷം എല്ലാവരും കൈയ്യസൂരി കൊടുത്ത് പ്രാർത്ഥന അവസാനിപ്പിക്കണം.

രോഗിയുടെ ഭവനത്തിൽ വ്യഥാ സംസാരം, കളിതമാശ, ഉച്ചത്തിലുള്ള വർത്തമാനം ഇവ ഒഴിവാകുക. അനുതാപത്തിന്റെ മസുമൂറുകൾ ചൊല്ലി കേൾപ്പിക്കുന്നതിന് ക്രമീകരിക്കുക. സങ്കീർത്തനം 6, 32, 38, 51, 102, 130, 143. രോഗിയുടെ മുറിയിൽ വെളിച്ചം, വായൂ സഞ്ചാരം ഇവ ലഭ്യമാക്കുന്നതിന് ശ്രദ്ധിക്കുക. നിത്യതയെക്കുറിച്ചുള്ള നിശ്ചയവും ഉയിർപ്പിനെക്കുറിച്ചുള്ള പ്രത്യാശയും, മരണം ജയിച്ച കർത്താവിലുള്ള ആശ്രയവും, പാപക്ഷമ, ക്രൂശിന്റെ ജയം ഇവയും മനസ്സിലാക്കുന്ന വിധത്തിൽ പാട്ട്, പ്രബോധനം, പ്രാർത്ഥന ഇവ നടത്തേണ്ടതാണ്.

## ശവസംസ്ക്കാരം

ശവസംസ്ക്കാരത്തിന്റെ പൂർണ്ണ ചുമതല വികാരിയുടേതാണ്. ഒരാൾ മരണമടഞ്ഞാൽ വീട്ടുകാർ ഉടനെ വികാരിയച്ചനെ വിവരമറിയിച്ചിരിക്കണം. വിവരം അറിഞ്ഞാൽ ഉടനെ മരിച്ച വീട്ടിൽ വികാരിയെത്തി കൌമ്മാ ചൊല്ലി പ്രാർത്ഥന നടത്തണം. എല്ലാ കാര്യത്തിലും ഒരു മേൽനോട്ടം, ആലോചന ഇവ ഉണ്ടായിരിക്കണം. മൃതദേഹം മോർച്ചറിയിൽ വയ്ക്കുന്നതിന് ഉദ്ദേശിക്കുന്നു എങ്കിൽ അതിനു മുൻപ് പ്രാർത്ഥന നടത്തിയിരിക്കണം മോർച്ചറിയിൽ നിന്നും മൃതദേഹം കൊണ്ടുവരുന്ന സമയത്തും വീട്ടിൽ വികാരിയുടെ സാന്നിദ്ധ്യം നല്ലതു തന്നെ. ചരമപ്രസംഗം, അനുശോചനം ഇവ സന്ദർഭം അനുസരിച്ച് നടത്തണം. വീട്ടിൽ വച്ചുള്ള ആദ്യ ശുശ്രൂഷ മൃതദേഹത്തിന്റെ പിന്നിൽ (തലയുടെ ഭാഗത്തു നിന്ന്) കിഴക്കോട്ട് തിരിഞ്ഞു നിന്ന് നടത്തേണ്ടതാണ്.

മൃതദേഹം വഹിച്ചുകൊണ്ടുള്ള യാത്രയിൽ മുൻപിൽ ഒരു കുരിശ്, ഗായകസംഘം, വൈദികർ, മൃതദേഹ മഞ്ചൽ, ജനങ്ങൾ ഈ ക്രമത്തിൽ ആയിരിക്കേണ്ടതാണ്. മൃതദേഹം പള്ളിയിൽ എത്തുമ്പോൾ ദുഃഖമണി മുഴക്കേണ്ടതാണ്. ആരാധനയ്ക്കു മുമ്പ് തിരശ്ശീല മാറ്റേണ്ടതാണ്. പള്ളിയിൽ മൃതദേഹം കിഴക്കോട്ട് തിരിച്ച് വയ്ക്കണം. തലയുടെ ഭാഗത്ത് മേശയിട്ട് അതിൽ കുരിശും രണ്ടു കത്തിച്ച മെഴുകുതിരിയും വയ്ക്കണം. നമസ്ക്കാര മേശക്കു സമീപം പടിഞ്ഞാറേക്ക് അഭിമുഖമായി കാർമ്മികൻ നിൽക്കേണ്ടതാണ്. പുനരുദ്ധാന ജീവിതത്തെ അധികരിച്ച് ഒരു സന്ദേശം നൽകുന്നത് ഉത്തമമാണ്. ഇടവകയുടെ അനുശോചനവും അറിയിക്കുക. അത് എല്ലാവർക്കും ഒരുപോലെ ബാധകമായിരിക്കണം.

പള്ളിയിലെ ആരാധന കഴിഞ്ഞ് മൃതദേഹം ശവപ്പെട്ടിയിലെ പടികൾ ഇറക്കി താഴേക്ക് പള്ളിയിൽ വച്ചു തന്നെ ഇറക്കി വയ്ക്കുന്നതിന് ശ്രദ്ധിക്കുക. പള്ളിയിൽ നിന്ന് മൃതദേഹം U turn എടുത്ത് കാൽ മുമ്പിലാക്കി Porch - ൽ നിന്ന് ഇടതുവശം ചേർന്ന് സെമിത്തേരിയിൽ കൊണ്ടുവരണം. പള്ളി മുതൽ സെമിത്തേരി വരെ യാത്രാഗീതങ്ങൾ ഉപയോഗിക്കുക. മൃതദേഹം സെമിത്തേരിയിൽ കിഴക്കോട്ട് മുഖമായി വയ്ക്കണം. കാർമ്മികൻ കാൽക്കൽ പടിഞ്ഞാറോട്ടു തിരിഞ്ഞ് ശുശ്രൂഷ നിർവ്വഹിക്കണം. "മോറോനീശോ മ്ശിഹാ" തുടങ്ങിയ പ്രാർത്ഥന, വിശ്വാസപ്രമാണം, കൌമ്മാ, ഹുത്താമ്മ ഇവ കിഴക്കോട്ട് തിരിഞ്ഞ് നടത്തി ആശിർവ്വാദത്തിന് പടിഞ്ഞാറേക്ക് തിരിഞ്ഞ് വരണം.

## പള്ളികൂദാശ

പള്ളികൂദാശക്കു വരുന്ന മെത്രാപ്പോലീത്തായെ എതിരേറ്റു കൊണ്ടു വരുന്നതാണ് പള്ളി കൂദാശയുടെ ആദ്യപടി. Processional dress അരകാപ്പയും മുതലവായൻ മുടിയും ധരിച്ചുവരുന്ന മെത്രാപ്പോലീത്തായെ പള്ളിക്കു ചുറ്റും പ്രദക്ഷിണം വച്ച് (anti clockwise) പള്ളി ശുശ്രൂഷക്ക് ആനയിക്കുന്നു.


കുരിശ്, തുറന്ന വേദപുസ്തകം ഇവ പിടിച്ചുകൊണ്ട് ഘോഷയാത്ര. കുട്ടികൾ, സ്ത്രീകൾ, കൈസ്ഥാന സമിതി, പള്ളിപണി കമ്മറ്റി, ഗായകസംഘം, ശെമ്മാശന്മാർ, വൈദികർ, അംശവടി ഏന്തുന്നവർ, മെത്രാപ്പോലീത്താ എന്നീ ക്രമത്തിൽ പള്ളി മുറിയിൽ നിന്ന് പ്രാർത്ഥിച്ച് നേരേ പടിഞ്ഞാറോട്ട് തിരിച്ച് ഇടതുവശം ചേർന്ന് കിഴക്കോട്ട് വഴി ഒരു വലതു വച്ച് പടിഞ്ഞാറു വശം ചേർന്ന് നിൽക്കണം. ട്രസ്റ്റി കൈമുത്തി ഉടമ്പടി വായിച്ച് മെത്രാപ്പോലീത്താക്ക് ഒരു താലത്തിൽ സമർപ്പിക്കുന്നു. തുടർന്ന് 24-ാം സങ്കീർത്തനം വികാരി പടിഞ്ഞാറേക്ക് തിരിഞ്ഞ് വായിക്കുന്നു. പള്ളിയുടെ താക്കോൽ ഒരു താലത്തിൽ വച്ച് ട്രസ്റ്റി മെത്രാപ്പോലീത്തായെ ഏൽപ്പിക്കണം. മെത്രാപ്പോലീത്താ താക്കോൽ ഇടവക വികാരിയെ ഏൽപ്പിക്കുന്നു.

സേനയിൽ യഹോവയെ 19 or 326, 327 "പരനേശുവേ..." എന്ന ഗാനമോ പാടിക്കൊണ്ട് ആദ്യം മെത്രാപ്പോലീത്താ, വൈദികർ, ഗായകസംഘം, ജനങ്ങൾ, എന്നീ ക്രമത്തിൽ പള്ളിയിൽ പ്രവേശിക്കണം. തിരശ്ശീല മാറ്റിയിരിക്കണം. ലുത്തിനിയാ, കർത്താവേ നിൻ ബസ്ഗാസാ - ഇവ ഹൈക്കലായിൽ നിന്ന് ചൊല്ലിയശേഷം, മദ്ബഹായിൽ കാർമ്മികൻ പ്രവേശിച്ച ശേഷം കുരിശ് പ്രതിഷ്ഠ നടത്തുന്നു. പുതിയ പള്ളിയെങ്കിൽ പള്ളി ഇന്ന വിശുദ്ധന്റെ പേരിൽ പ്രതിഷ്ഠിക്കുന്നു എന്നു പറയണം. ത്രോണോസ്സ് ഒഴിഞ്ഞിരിക്കണം. യാതൊന്നും അവിടെ വച്ചുകൂടാ. ചിത്തോല മടക്കി ത്രോണോസ്സിന്റെ platform - ൽ വച്ചിരിക്കണം. ത്രോണോസ്സിൽ വയ്ക്കേണ്ട തടിക്കുരിശ്, മെഴുകുതിരിക്കാലുകൾ, കുന്തുരുക്കപ്പാത്രം, കാസാ, പീലാസാ തുടങ്ങിയവയെല്ലാം വെള്ള വിരിച്ച ആ മേശയിൽ തെക്കു വടക്കായി ക്രമീകരിച്ചിരിക്കണം.

കുരിശിന്റെ മാഹാത്മ്യം പറഞ്ഞ് പള്ളി പ്രതിഷ്ഠയെക്കുറിച്ച് ഉദ്ബോധിപ്പിച്ച് "തെശു ബുഹത്തോ ലീക്കാറോ" - ചൊല്ലി (സാരാംശത്തിൽ ഏകമായിരിക്കുന്ന......) കുരിശ് ത്രോണോസ്സിന്റെ ഉയർന്ന പടിയിൽ പ്രതിഷ്ഠിക്കുന്നു. തുടർന്ന് കത്തിച്ച മെഴുകുതിരി വികാരിയുടെ സഹായത്താൽ കാർമ്മികൻ ത്രോണോസ്സിൽ പ്രതിഷ്ഠിക്കുന്നു. (ആദ്യം രണ്ടു തിരി-കൂദാശ കഴിഞ്ഞ് ബാക്കി വയ്ക്കുന്നതാണ് ഉചിതം). ധൂപം വച്ചുകൊണ്ട് "വെളിവു നിറഞ്ഞ രക്ഷകനേ നിൻ....." എന്ന ഗീതം പാടുന്നു. തുടർന്ന് കൌമ്മാ, തുടർന്ന് ആദ്യഭാഗം ശുശ്രൂഷ.

രണ്ടു പാഠങ്ങൾ വായിച്ച ശേഷം ഏവൻഗേലിയോൻ, തുടർന്ന് വചനത്തിൽ നിന്ന് പ്രസംഗിക്കണം. സ്തോത്രകാഴ്ച്ച, പ്രസംഗം ഇവ സമയോചിതം പോലെ പിന്നാലെയും ആകാം. പ്രോമ്യോൻ പ്രാർത്ഥനകൾക്കെല്ലാം ധൂപം വയ്ക്കണം. ത്രോണോസ്സും ജനങ്ങളും ധൂപിക്കപ്പെടണം. ഒരു വൈദികൻ തന്നെ ധൂപം വീശുന്നതാണ് കരണീയം. 3 പ്രാവശ്യം ത്രോണോസ്സ് സ്ലീബായുടെ അടയാളം വരച്ച് മുദ്രയിടുമ്പോൾ കാർമ്മികൻ കഴിയുമെങ്കിൽ മുട്ടിന്മേൽ നിന്ന് പ്രതിഷ്ഠിക്കുന്നതാണ് ഉത്തമം. ദൈവത്രോണോസ്സകുന്നു എന്ന ചിന്ത കാർമ്മികനും ജനങ്ങൾക്കും ഉണ്ടായിരിക്കണം. കുനിഞ്ഞു നിന്ന് വരക്കുന്നതിലും ഉചിതമായിട്ടുള്ളത് മുട്ടിന്മേൽ നില്ക്കുന്നതാണ്. ത്രോണോസ്സിൽ 3, ത്രോണോസ്സിന് ഇരുവശവും, മദ്ബഹായുടെ കിഴക്കേ ഭിത്തിയിൽ ആദ്യം ഇടത്തും പിന്നീട് വലത്തും അവിടെ നിന്ന് ഇറങ്ങി അഴിയ്ക്കകത്ത് ഇടത്തും വലത്തും അവിടെ നിന്ന് വൈദികർ, ധൂപം, അംശവടി ഏന്തിയവർ, കാർമ്മികൻ എന്നീ ക്രമത്തിൽ പടിഞ്ഞാറേ ഭിത്തിയിൽ ആദ്യം വലത്തും പിന്നീട് ഇടത്തും (as earlier) വി. മൂറോൻ കൊണ്ട് സ്ലീബായുടെ അടയാളം മൂന്നു പ്രാവശ്യം വരച്ച് മുദ്രയിടണം. കുരിശ് വരക്കേണ്ടത് ഓരോ പ്രാവശ്യം പേര് ഉച്ചരികുമ്പോൾ തന്നെ ആയിരിക്കണം. പിതാവിനും + പുത്രനും + പരിശുദ്ധ റൂഹാക്കും. മുകളിൽ നിന്ന് താഴേക്കും ഇടത്തു നിന്ന് വലത്തേക്കും. മാമോദീസാ തൊട്ടി പ്രതിഷ്ഠിച്ച ശേഷം സ്തോത്രത്തിന്റെയും നന്ദിയുടേയും സ്തുതിയുടേയും ഒരു ഗീതം പാടി ആദ്യം ഇറങ്ങി വന്ന അതേ രീതിയിൽ തിരികെ പ്രവേശിക്കുക.

ഇപ്പോൾ ചിത്തോല വിരിച്ച് വിരികൾ ഇട്ട് ബാക്കി മെഴുകുതിരികൾ കത്തിച്ച് additional കുരിശുകൾ വയ്ക്കാനുണ്ടെങ്കിൽ അതും വച്ച ശേഷം പട്ടക്കാരൻ ധൂപം ത്രോണോസ്സിന്റെ മദ്ധ്യഭാഗത്തും ഇരുവശത്തും ഇടത്തും മദ്ധ്യത്തിലും ജനത്തിന് വലത്തും ഇടത്തും വീശി തെക്കുഭാഗത്തും വീശി വണങ്ങണം. തുടർന്ന് ഇടവക വികാരി ധൂപാർപ്പണം ത്രോണോസ്സിന് ഇരുവശത്തും വൈദികർക്കും ജനങ്ങൾക്കും നടത്തി ഹൈക്കലായുടെ പടിഞ്ഞാറേ അറ്റം വരെ വീശണം. ഹുത്താമ്മാ, ആശിർവ്വാദം ഇവ കഴിഞ്ഞ് കൈമുത്തും നടത്തി ശുശ്രൂഷ അവസാനിപ്പിക്കാം.




പള്ളി കൂദാശയോടു ചേർന്ന് വി. കുർബ്ബാന നടത്തിയിരിക്കണം. കഴിവതും കൂദാശ ചെയ്യുന്ന മേൽപ്പട്ടക്കാരൻ തന്നെ അതു നിർവ്വഹിക്കണം. തുടർന്ന് (അന്നോ പിറ്റേ ദിവസമോ) പൊതുയോഗമുണ്ടെങ്കിൽ കൈമുത്ത് മാറ്റി വയ്ക്കാം. എന്നാൽ പകരം കൈയ്യസൂരിയാകാം. കൂദാശയ്ക്കു ശേഷം കാപ്പി സൽക്കാരം ഉണ്ടെങ്കിൽ കഴിവതും മദ്ബഹാ, പള്ളി ഇവയ്ക്കു പുറത്തു നൽകാൻ ശ്രദ്ധിക്കുക. Side room, porch ഇവിടങ്ങളിലാകാം. പൊതുയോഗമുണ്ടെങ്കിൽ തിരശ്ശീലയിട്ട് അഴിയ്ക്കകത്ത് കസേരകൾ ക്രമീകരിക്കാം. മദ്ബഹായിലൂടെ വൃഥാ യാത്രകൾ കർശനമായി വികാരിമാർ നിയന്ത്രിക്കണം. അത് ആദ്യം മുതലേ ഒരു രീതിയും ചട്ടവും ചിട്ടയും ആക്കി തീർക്കണം.

ജനം പള്ളിയ്ക്കകത്ത് ചെരുപ്പ് ഉപയോഗിക്കുന്നത് അനഭിലക്ഷണീയമാണെന്ന് ജനത്തെ ഓർമ്മിപ്പിക്കണം. ചെരുപ്പ് സൂക്ഷിക്കാൻ പറ്റിയ സ്ഥലം ജനത്തിന് കാണിച്ചു കൊടുക്കണം. പള്ളികൾ ഭംഗിയായും ചാരുതയോടും മോടിയായും പണിയണം. എന്നാൽ ധാരാളിത്തവും ധൂർത്തും ഒഴിവാക്കണം. ഹൈക്കലായുടെ തറ കഴിവതും സിമന്റ് ഇട്ട് കയറ്റുപായ് വിരിക്കുക. Marble, mosaic ഇവ ഒഴിവാക്കുക. ദീർഘ സമയം ആരാധനയിൽ പങ്കെടുക്കുന്നവർക്ക് കാലിന് തണുപ്പ് ബാധിച്ച് രോഗികളായി തീരാൻ സാദ്ധ്യതയുണ്ട്. അതുപോലെ ചെരുപ്പിനകത്ത് നിന്നാലും Marble മുകളിൽ ബെഞ്ച് ഇടുന്നത് നികൃഷ്ടമായ ഒരു രീതിയാണ്. അത് ഉദ്ദേശിച്ചിട്ടില്ല. മദ്ബഹാ വെള്ള മാർബിളിൽ എങ്കിൽ നല്ല hard colour ഉള്ള thick carpets ഇടാം. contra colour ഭംഗി വർദ്ധിപ്പിക്കും. വൃത്തിയാക്കാൻ എളുപ്പം. തുടച്ചു വെടിപ്പാക്കാനും മതിയാകും.

കരി, കുന്തുരുക്കം, മെഴുകുതിരിയും, wax-ഉം ഒക്കെ ഇട്ടു വക്കുന്നതിന് നല്ല ടിന്നുകൾ ഉണ്ടായിരിക്കണം. വെള്ളം എടുക്കുന്നതിന് നല്ല ജാറുകളും. കാസായിൽ ഒഴിക്കുന്ന വെള്ളം കൈ കഴുകാൻ എടുക്കരുത്. അങ്ങനെ തിരിച്ചും. രണ്ടിനും പ്രത്യേക പാത്രങ്ങൾ ഉണ്ടായിരിക്കണം. കൈ തുടയ്ക്കുന്നതിനും കാസാ, പീലാസാ, സ്പൂൺ ഇവ തുടയ്ക്കുന്നതിനും പ്രത്യേക തൂവാലകൾ ഉണ്ടായിരിക്കണം. ഓരോ ആഴ്ചയിലും അവ വൃത്തിയായി കഴുകി, തേച്ച് തിരികെ കൊണ്ടുവരുവാൻ ക്രമീകരിക്കണം. സേവികാസംഘം, ബസ്ക്കിയാമ്മമാർ ഇവരെ ഭരമേൽപ്പിക്കാം.

മെഴുകുതിരികൾ ഊതി കെടുത്താതിരിക്കുക. കോൺ ആകൃതിയിൽ തണ്ടിന്മേൽ ഉള്ള പ്രത്യേക വടികൾ ഇതിനു ലഭ്യമാക്കുക. അല്ലെന്നു വരികിൽ കുന്തുരുക്കം ഇടുന്ന സ്പൂൺ കൊണ്ട് നാളം അണയ്ക്കുക. തിരി കെടുത്തുമ്പോഴുള്ള അധിക പുകയിൽ നിന്ന് രക്ഷപെടാം. ഇതിന് അൽപ്പം മാന്യമായ പെരുമാറ്റം ഉണ്ടുതാനും



ചിത്തോലയും വിരിക്കൂട്ടും ത്രോണോസ്സിൽ ഇരിക്കുന്നതാണ് നല്ലത്. എടുത്തു മാറ്റി വയ്ക്കുന്നത് ആവശ്യമെങ്കിൽ ഒരു സാധാരണ കോട്ടൻ തുണി കൊണ്ട് നടുക്ക് ഒരു കുരിശ് തയ്പിച്ച് ഒരു വിരി വിരിച്ചിരിക്കണം. ദൈവത്തിന്റെ ത്രോണോസ്സ് നഗ്നമായി ഇട്ടുകൂടാ. മദ്ബഹായിൽ carpet വിരിക്കുന്നത് നല്ലതു തന്നെ എന്നാൽ

കാർമ്മികന് നിൽക്കാനും മുട്ടുകുത്താനും ത്രോണോസ്സിന്റെ നീളത്തിലും മദ്ബഹായുടെ വീതിയിലും ഒരു പ്രത്യേക കാർപ്പറ്റോ വിരിയോ അതിനു മീതെ ഉണ്ടായിരിക്കണം. പള്ളിക്കൂദാശയ്ക്ക് ക്ഷണിച്ചു വരുന്ന വൈദികർക്ക്, പണികളിൽ സഹകരിച്ചവർക്ക് ഒക്കെ ഏതെങ്കിലും വിധത്തിൽ ഒരു token of love express ചെയ്യാൻ വികാരിമാർ ഉത്സാഹിക്കേണ്ടതാണ്. വികാരിമാരെ ആദരിക്കാൻ ഇടവകക്കാരും ശ്രദ്ധിക്കുക.

## Liturgical Colours

| | | | | |
|---|---|---|---|---|
| Red | - വീണ്ടെടുപ്പ് | - Redemption thru Sacrifice | | |
| White | - പരിശുദ്ധി | - Cleaned | - സ്വർഗ്ഗം | - വേർതിരിക്കപ്പെട്ടത് |
| മഞ്ഞ | - മരണം | | | |
| നീല | - ജീവൻ | - പുതുക്കം | | |
| Black | - തീവ്രത | - ദൃഢത | - വിശ്വാസം | |
| പച്ച | - ഭൂമിയും ഭൂവാസികളും, Universe - ജീവൻ | | | |

## ഭവന വാഴ്വ്

എല്ലവരും വന്നു ചേരുന്ന Living Room - ൽ തന്നെ മേശയിൽ വെള്ള വിരിച്ച് അതിൽ കുരിശും മെഴുകുതിരികൾ ക്രമീകരിക്കുക. ധൂപം വയ്ക്കുന്നതിന് കരിയും കുന്തുരുക്കവും തീയും കരുതി വയ്ക്കുക. കഴിവതും കിഴക്കോട്ട് ദർശനമായി മേശ ക്രമീകരിക്കുക. കാർമ്മികൻ നിൽക്കുന്നതിന് മേശയുടെ അടുത്ത് പായോ, വിരിയോ വിരിച്ചിടണം. ഒരു പാട്ടോടു കൂടി ശുശ്രൂഷ ആരംഭിക്കുക. വീട്, കുടുംബ ജീവിതം ഇവ ആസ്പദമാക്കി ഒരു പ്രബോധനം നടത്തുക.

ബശ്മുൽക്കോ ഗാനങ്ങൾ പാടുമ്പോൾ കാർമ്മികൻ കിഴക്കോട്ടും പിന്നീട് ജനങ്ങളേയും ധൂപം വീശി വണങ്ങണം. ഗൃഹനാഥനേയും കുടുംബാംഗങ്ങളേയും മുൻ നിരയിൽ വിളിച്ച് ഒരു ഗുണദോഷം നൽകി പ്രാർത്ഥിച്ച് പ്രതിഷ്ഠിക്കുന്നത് നല്ലതാണ്. ശുശ്രൂഷ കൈയ്യസൂരിയോടെ അവസാനിപ്പിക്കുക. നിസ്സഹായരുടെ വീടുപണിയ്ക്കു വേണ്ടി ഗൃനാഥൻ എല്ലാവരും കാൺകെ ഒരു താലത്തിൽ ഒരു തുക കാർമ്മികനെ ഏൽപ്പിക്കുന്നതിന് അഭ്യസിപ്പിക്കുക.

## പള്ളി പണി

പള്ളി പണിയുന്നതിനു മുൻപ് ഉപവാസത്തോടും പ്രാർത്ഥനയോടും കൂടി വികാരിയും ജനങ്ങളും ഒരുങ്ങണം. എന്തു പണിയുന്നു, എന്തിനു പണിയുന്നു, എങ്ങനെ പണിയുന്നു ഇതിനെല്ലാം ഉത്തരം കണ്ടെത്തണം, സ്വയം ചോദിക്കണം.

പല പള്ളികൾ ഇതിനു വേണ്ടി തന്നെ പോയി കാണണം. ഓരോന്നിന്റെയും നന്മയും കുറവും കണ്ട് ഗ്രഹിക്കണം. എല്ലാം നിഷ്ഠയോടും നിശ്ചയത്തോടും മാതൃകയോടും ചെയ്യണം. ഓരോ കല്ലു വയ്ക്കുമ്പോഴും വികാരിയുടെ ശ്രദ്ധയും സാന്നിദ്ധ്യവും വേണം. അളവിനും പ്ലാനിനും വ്യത്യാസമുണ്ടാകുമ്പോൾ എപ്പിസ്ക്കോപ്പായെ അറിയിക്കണം. എപ്പിസ്ക്കോപ്പാമാരെ ഇടയ്ക്ക് പള്ളി കാണുന്നതിന് ഉത്സാഹിപ്പിച്ചു കൊണ്ടുവരണം. പണിക്കിടയ്ക്കുണ്ടാകുന്ന തെറ്റിധാരണ, പ്രശ്നങ്ങൾ ഇവ മാറുന്നതിന് അത് സഹായിക്കും. വാർക്ക, കട്ടിള വെയ്പ്പ്, ഉത്തരം വെയ്പ്പ് ഇവയെല്ലാം ജനങ്ങളെ അറിയിച്ച് പ്രാർത്ഥനയോടെ നടത്തണം. പള്ളിയുടെ മുകളിലത്തെ കുരിശ് താഴെ നിന്ന് പ്രാർത്ഥിച്ച്, റൂശ്മാ ചെയ്ത്, ത്രിത്വനാമത്തിൽ പ്രതിഷ്ഠിച്ച് വയ്ക്കേണ്ടതാണ്.

പള്ളി കൂദാശയ്ക്ക് മുൻപ് വികാരിയും ജനങ്ങളും പ്രാർത്ഥനയ്ക്കും പ്രതിഷ്ഠക്കുമായി പുതിയ പള്ളിയിൽ കൂടേണ്ടതാണ്. വീടുകളും ഒരു ദിവസം വേർ തിരിച്ച് പള്ളി പ്രതിഷ്ഠയ്ക്ക് ഒരുങ്ങേണ്ടതാണ്. കഴിവതും രണ്ട് side room മദ്ബഹായുടെ ഇരുവശവും പണിയാതിരിക്കുക. പണിതാൽ മദ്ബഹായുടെ ഉള്ളിലൂടെ അനാവശ്യമായ യാത്ര വർദ്ധിക്കാനിടയുണ്ട്. ഒഴിവാക്കാൻ ശ്രമിക്കുക. ഹൈക്കലായുടെ ഇരുവശത്തും മുറികൾ വിസ്തൃതിപ്പെടുത്തിയാൽ ഇടതുവശം ഗായകസംഘത്തിനും വലതു വശം മാമോദീസാ മുറിയും ആക്കാം.

## പള്ളിക്ക് കല്ലിടീൽ

പഴയ പള്ളിയിൽ ആരാധനയ്ക്കു ശേഷം :-

ഹൈക്കലായിൽ മേശമേൽ കല്ല് വച്ച്, രണ്ട് മെഴുകുതിരി, കുരിശ്, കിഴക്കോട്ട് തിരിഞ്ഞ് കൌമ്മാ ചൊല്ലി പ്രാരംഭ പ്രാർത്ഥന. പടിഞ്ഞാറേക്ക് തിരിഞ്ഞ് - സങ്കീർത്തനം 127, ഉൽപത്തി 28: 10-22, ഏവൻഗേലിയോൻ mt. 16:16f കിഴക്കോട്ട് തിരിഞ്ഞ് കല്ല് തൈലം കൂടാതെയും, മൂറോൻ പൂശിക്കൊണ്ടും 3 പ്രാവശ്യം ത്രിത്വ നാമത്തിൽ വാഴ്ത്തി ഘോഷയാത്രയായി കല്ലിടുന്ന സ്ഥലത്തേക്ക് പോകുന്നു. വിശ്വാസപ്രമാണം, കർത്താവിന്റെ പ്രാർത്ഥന, ആശിർവ്വാദം ഇവ നടത്തി കൈയ്യസൂരിയോടെ ശുശ്രൂഷ അവസാനിപ്പിക്കുന്നു.

## കൂദാശകളുടെ അനുഷ്ഠാനം

ഹൃദയം, മനസ്സ്, ശരീരം ഇവ ഏകമായി തീരണം. ഏകാഗ്രത നഷ്ടപ്പെടുമ്പോൾ ദൈവീക ചിന്തയും സാന്നിദ്ധ്യവും അകന്നു പോകും. അപ്പോൾ സ്വയം ജൽപനത്തിന് ശക്തി കൂടും. അനുഷ്ഠാനത്തിൽ ഒന്നും സംഭവിക്കുന്നുമില്ല. ചിലമ്പുന്ന കൈത്താളം എന്ന് അപ്പോസ്തലൻ പറയുന്നതിന്റെ അർത്ഥം അതാണ്. ദൈവീക ചൈതന്യത്തെ വൈദികൻ സാമാന്യ ജനത്തിന് പ്രാപ്യമാക്കി കൊടുക്കുന്ന ഒരു വലിയ അനുഭവത്തിലേക്ക് പ്രവേശിക്കുന്നു എന്ന ചിന്ത ആദ്യം തന്നെ പട്ടക്കാർക്കുണ്ടായിരിക്കണം. ഇതൊരു മൽപ്പിടുത്തം പോലെയാണ്. യാബോക്ക് കടവിൽ വച്ച് യിസ്രായേൽ ദൈവവുമായുള്ള അനുഗ്രഹത്തിനുവേണ്ടിയുള്ള ഉൾക്കടമായ ആഗ്രഹവും അതിന്റെ പൂർത്തീകരണവും.

കർമ്മേൽ പർവ്വതത്തിൽ വച്ച് ദീർഘ ദർശിയായ ഏലിയാവിന് തന്റെ ദൈവത്തിലുള്ള ആശ്രയവും പ്രത്യാശയും ശക്തിയും വെളിപ്പെടുത്തുന്നതിനുള്ള അദമ്യമായ അനുഭവം ആയിരിക്കണം. തീഷ്ണതയേറിയ ഭക്തിയുടെ നിറവായിരിക്കണം. celebrant - ൽ നിഴലിച്ച് കാണേണ്ടത്. ഉയർത്തെഴുന്നേറ്റ് ജീവിക്കുന്ന കർത്താവായ യേശുവിന്റെ പുനരുദ്ധാനത്തിന്റെ ശക്തി "ആവാഹിച്ചെടുത്ത യജ്ഞത്തിന്റെ യജമാനനായിരിക്കണം" പുരോഹിതൻ. ഈ യജ്ഞത്തിന് സഹകാരികളാണ് മദ്ബഹായിലെ ശുശ്രൂഷകർ. അവർക്കും ഇതേ ഒരുക്കവും ഇതേ ജാഗ്രതയും ആവശ്യമാണ്. പ്രാർത്ഥനയോടുള്ള ഒരുക്കം ദൈവസാന്നിദ്ധ്യം അനുഭവിക്കണം എന്ന് അദമ്യമായ ആഗ്രഹം. നിന്നെ എനിക്ക് കാണിച്ചു തരണം എന്ന മോശയുടെ അടങ്ങാത്ത ആഗ്രഹത്തിനു പിന്നിൽ ദൈവത്തിനു മറുത്തു പറയുവാൻ കഴിയുകയില്ല. ആ വ്യക്തി പ്രഭാവത്തിന്റെ മുന്നും പിന്നും മോശയ്ക്ക് ഒരുപോലെയായിരുന്നു. ആ തിരു സാന്നിദ്ധ്യം ഞങ്ങളിൽ നിന്ന് മറയ്ക്കരുതേ എന്ന മോശയുടെ പ്രാർത്ഥനയുടെ ആഴം അവിടെയാണ് നമുക്ക് ഗ്രഹിക്കാൻ കഴിയുന്നത്. പകൽ മേഘസ്തംഭവും രാത്രി അഗ്നിസ്തംഭവും ദൈവീക സാന്നിദ്ധ്യത്തിന്റെ മറപൊരുളും ശക്തിയും കോട്ടയും ആയി അവർക്ക് അനുഭവപ്പെട്ടു. ഇത് ഇന്നു നമുക്കും ഒരു യാദാർത്ഥ്യവും അനുഭവവുമായി തീരണം. നമ്മുടെ ആരാധനയിലൂടെ നാം നേടേണ്ടതും ഇപ്പോഴത്തെ ആരാധനയിൽ നമുക്ക് നഷ്ടമായിക്കോണ്ടിരിക്കുന്നതും ഇതാണ്. മസ്ക്കൻ സബ്നാ (സമാഗമന കൂടാരം) യിൽ തിങ്ങി നിറഞ്ഞു നിന്ന ദൈവീക ചൈതന്യം ഇന്നു നമുക്ക് അവകാശപ്പെട്ടതാണ്. അജ്ഞതയും അവിശ്വാസവും നമുക്ക് കൂടെപ്പിറപ്പായതിനാൽ ആശ്രയത്തിന്റെ അനന്ത സന്തോഷം നമുക്ക് അപരിചിതമായിരിക്കുന്നു. കുറെ പൊള്ളയായ പ്രാർത്ഥനയിലൂടെ നാം സായൂജ്യം അടയുമ്പോൾ നഷ്ടമാകുന്നത് ദൈവീക അനുഭവമാണ്. ആരാധനയ്ക്ക് ഇടയിലുള്ള മൗനം മൂലം ലഭിക്കുന്ന വാചാലത നമുക്ക് അപ്രാപ്യമായിരിക്കുന്നു.

അശ്രദ്ധയോടെയുള്ള നടപ്പ്, സംസാരം, ഏകാഗ്രമല്ലാത്ത മനസ്സ്, പല പരിപാടികളുടെ വിഴിപ്പു ഭാണ്ഡവുമായുള്ള ചിന്താ മണ്ഡലം ഇവയെല്ലാം ആരാധനയുടെ സൗകുമാര്യം നഷ്ടപ്പെടുത്തിക്കളയുന്നു. മനസ്സും, ശരീരവും ഹൃദയവും ഒന്നിപ്പിക്കുന്നതിൽ നാം വിജയിക്കണം. മറ്റു പരിപാടികൾ എല്ലാം വിട്ട് ഏകാഗ്രതയിലേക്ക് നാം പ്രവേശിക്കണം. മറ്റുള്ളവരുടെ ഏകാഗ്രത നശിപ്പിക്കാതെയിരിക്കണം. പ്രസംഗം, വായനാഭാഗങ്ങൾ, പരസ്യങ്ങൾ, പാട്ട് ഇവ നേരത്തേ തയ്യാറക്കുക. നേരത്തേ പ്രസംഗിച്ച ഭാഗങ്ങൾ ആണെങ്കിൽ കൂടി വീണ്ടും വേദഭാഗവും പഴയ നോട്ടും ആവർത്തിക്കുക. പുതിയ ചിന്ത ലഭിക്കാതിരിക്കില്ല. പഴയ നോട്ടിൽ അതും ചേർക്കുക. പ്രസംഗം ത്രിത്വത്തിന്റെയും പരിശുദ്ധാത്മ നിയോഗത്തിലുമായിരിക്കണം.

ശനിയാഴ്ച സന്ധ്യ മുതൽ ഞായറാഴ്ച തുടങ്ങി എന്ന് ഓർത്തിരിക്കുക. കുടുംബപ്രാർത്ഥന, നമസ്ക്കാരം ഇവ കഴിഞ്ഞ് തുയാബാ ഒന്നാം ഭാഗം നടത്തണം. മൽകി സദേക്കിന്റെ ക്രമം എന്ന് ഈ ഭാഗത്തിന് പറയാറുണ്ട്. പരസ്യാരാധന നടത്തുക പലപ്പോഴും അവ വിട്ടു കളയുന്ന പ്രവണത വളർന്നു വരുന്നു. 15 മിനിറ്റ് നീക്കി വയ്ക്കുക. നിർബന്ധമായി, എന്തെന്നാൽ

1. ആരാധനയിൽ സംബന്ധിക്കാൻ നിഷ്ഠയോടെ വരുന്നവർ അവിചാരിതമായി 5മിനിറ്റ് താമസിച്ചാലും പരസ്വരാധന അവർക്കു സഹായമായി നിൽക്കും.
2. പലയിടങ്ങളിൽ നിന്ന് ഓടി വരുന്നവർക്ക് സാവകാശമായി വി. കുർബ്ബാനയിലേക്ക് പ്രവേശിക്കാം.
3. കന്യകമറിയാമിന്റെ പാട്ട്, മാലാഖമാരുടെ ഗീതം, ദാവീദിന്റെ ഗീതം ഇവയെല്ലാം തലമുറകളായി പാടി വരുന്നത് ഒരിക്കൽ കൂടെ പാടി ആ വലിയ പാട്ടു സംഘത്തിന്റെ തുടർച്ചക്കാരായി ഈ തലമുറയിലും നമുക്ക് നിൽക്കാൻ കഴിയുന്ന ഭാഗ്യകരമായ അനുഭവത്തിന്റെ പങ്കുചേരൽ.

ഈ പ്രാർത്ഥനകളെല്ലാം വി. കുർബ്ബാനയിൽ ഏകാഗ്രത ലഭിക്കുന്നതിനുള്ള തപസ്സിന്റെ ഭാഗമായി കണക്കാക്കുക. "സകല ബുദ്ധിയേയും കവിയുന്ന" - തുടങ്ങുന്ന ആശിർവ്വാദം പൊതു ആരാധനയുടെ പരിസമാപ്തി കുറിക്കുന്നു. ഇനിയുള്ള ആരാധന മാമോദീസാ സ്വികരിച്ച് വി. കുർബ്ബാനയുടെ അനുഭവക്കാർക്ക് മാത്രമുള്ളതാണ്. ധ്യതി കുറഞ്ഞവരും മനസ്സ് വി. കുർബ്ബാനയ്ക്കു മാത്രം തുറന്നവർക്കും വേണ്ടിയുള്ള ശുശ്രൂഷ.

തുയാബായുടെ രണ്ടാം ഭാഗം ഇവിടെ നടത്താം. ഇതിന് അഹരോന്റെ ക്രമം എന്നു പറയാറുണ്ട്. അംശവസ്ത്രങ്ങൾ പ്രാർത്ഥനയോടു തന്നെ ധരിക്കണം. മൗനമായ വാചാലതയാണ് പ്രതീക്ഷിക്കുന്നത്. തക്സായിലെ ക്രമം പോലെ തന്നെ വച്ച് വിരിച്ച് അപ്പവീഞ്ഞുകൾ ക്രമീകരിക്കണം. ത്രോണോസിൽ ഏവൻഗേലിയോൻ, തക്സാ, ധൂപവർഗ്ഗം ഇവ ഒഴിച്ചുള്ള എല്ലാം നീക്കിയിരിക്കുന്നതാണ് ഉത്തമം. കുടിക്കുവാനുള്ള വെള്ളം, വാച്ച്, ടൈംപീസ്, ചീപ്പ് ഇങ്ങനെ ശ്രദ്ധ പിടിച്ചു പറ്റാൻ ഉപകരിക്കുന്നതെല്ലാം മാറ്റുക. സ്വയംഭാവം സൃഷ്ടിക്കാൻ ഇവ ഉപകരിക്കും. ദൈവ സന്നിധിയിൽ കൃത്യനിഷ്ഠ സ്വയം ആർജ്ജിച്ചെടുക്കണം. ശരിയായ പ്രതിഷ്ഠയിൽ നിന്ന് കണ്ണും കാതും പറിക്കാതിരിക്കണം.

ശുശ്രൂഷയ്ക്കു സഹായമായ ആളുകൾ അർത്ഥവും വൃത്തിയുള്ളതും അതിലേക്ക് ഒരുങ്ങിയവർ ആയിരിക്കണം. പാത്രങ്ങൾ വെടിപ്പുള്ളതും ശുചിയുള്ളതുമായിരിക്കണം. കൈ കഴുകുന്ന വെള്ളം അതിനു മാത്രം. കൈ തുടക്കുന്ന തുണി അതിനു മാത്രം. കാസായിൽ ഒഴിക്കുന്ന ജലം അതിനു മാത്രം. കാസാ പീലാസാ തുടക്കുന്ന തുണി അതിലേക്ക് യോജിച്ചവ മാത്രമായിരിക്കണം. കൈ കഴുകുന്ന ജലം വെറുതെ നിലത്തൊഴിച്ചായിരിക്കരുത്, ഒരു പാത്രത്തിൽ നിന്ന് ഒഴിച്ചുകൊടുക്കണം. താഴെ പോകാതെ മറ്റൊരു താലത്തിൽ അവ സ്വീകരിക്കണം. കൈ കഴുകിക്കളഞ്ഞാൽ ഉടനെ ജനലിലേക്ക് തേമ്പിക്കളയരുത്. സാവകാശം ചെയ്യുക. ചില സ്ഥലങ്ങളിൽ ബേസിൻ ക്രമീകരിച്ചു വച്ചിട്ടുള്ളത് ആശാസ്യമല്ല. വെള്ളം നിറഞ്ഞ ബേസനിൽ കൈ കഴുകി വരരുത്. പീലാത്തോസ് കൈ കഴുകിയതു പോലെ ഈ ജനത്തിന്റെ അതിക്രമത്തിൽ എനിയ്ക്കു പങ്കില്ല എന്നു പട്ടക്കാരൻ ചെയ്യുന്നതിനുവേണ്ടിയാണ് ഈ കർമ്മം എന്ന് പറയാതിരിക്കുന്നതിനുവേണ്ടി ഇതു ചെയ്യാതിരിക്കുക. പെസഹാ ഭക്ഷിക്കുന്നതിനു മുൻപ് കർത്താവ് ചെയ്ത കാൽ കഴുകൽ ശുശ്രൂഷയുടെ ഓർമ്മയിലാണ് ഈ ശുശ്രൂഷ നിർവ്വഹിക്കപ്പെടേണ്ടത്. ശുശ്രൂഷക്കാരൻ വടക്കോട്ട് തിരിഞ്ഞു നിന്ന് (കാർമ്മികന് അഭിമുഖമായി) ഇടതു കൈയ്യിൽ വെള്ളം സ്വീകരിക്കാനുള്ള താലവും വലതു കൈയ്യിൽ വെള്ളം നിറഞ്ഞ കിണ്ടിയും പിടിച്ച് വെള്ളം കൈയ്യ്ക്ക് ഒഴിച്ചുകൊടിക്കണം. ശുശ്രൂഷകന്റെ ഇടതു കൈത്തണ്ടിൽ ഒരു ടവ്വൽ ഇട്ടിരുന്നാൽ കൈ കഴുകിക്കഴിഞ്ഞ് തുവർത്തുന്നതിന് സഹായകരമായിരിക്കും.

അമിതമായ ഭക്തി, ഭക്തി പ്രകടനങ്ങൾ, സ്വരം, ഭാവഭേദാദികൾ, കൈ ക്രിയകൾ, ആരോഹണാവരോഹണ രിതിയിലുള്ള ശബ്ദവിന്യാസം ഇവയെല്ലാം സ്വന്തം പ്രാഗത്ഭ്യം തെളിയിക്കുന്നതിന് ഉപയോഗിക്കുന്നതിനുള്ള ഉപകരണമായിത്തീരാം. ഉദാഹരണത്തിന് റൂശ്മാ, എപ്പിക്ലീസീസ്, "കർത്താവേ ഞങ്ങളോട് ഉത്തരമരുളി ചെയ്യേണമേ" എന്നു തുടങ്ങുന പ്രാർത്ഥനയുടെ സമയം. ദൈവം ജനങ്ങൾക്കു കൊടുത്തിരിക്കുന്ന വിശേഷ വിവേചനാ വരത്തിലൂടെ അവർ അത് മനസ്സിലാക്കി ദൈവ സന്നിധിയിലേക്കുള്ള ഒന്നിച്ചുള്ള യാത്രയിൽ കാർമ്മികനെ തനിച്ചാക്കി നിർത്താൻ ഇടയുണ്ട്. വിശേഷ ബുദ്ധി ദൈവം വൈദികർക്കും തരുന്നത് ഉടനെ ഗ്രഹിച്ച് ദൈവത്തോടുള്ള ക്ഷമ ചോദിച്ച് ഉത്സവമാചരിക്കുന്ന പുരുഷാരത്തിന്റെ സന്തോഷവും സ്തോത്രവുമാകുന്ന സ്വരത്തിന് അകമ്പടി സേവിച്ച് മുമ്പോട്ടു പോകുന്നതിന് ശ്രദ്ദിക്കുക.

ആരാധനയിലെ കണ്ണും കാതും ഏകാഗ്രതയും വൈദികന്റെ ഭാവങ്ങളെ ആശ്രയിച്ചും കേന്ദ്രീകരിച്ചുമാകയാൽ പറയുന്ന വാക്കുകൾ ഉപയോഗിക്കുന്ന പദപ്രയോഗങ്ങൾ തുടങ്ങിയവയെല്ലാം മാന്യവും ഉത്തമവുമായിരിക്കണം. ശകാരം, ദൂഷണം, ഭത്സനം, ശാപം, നിന്ദ, ദ്വയാർത്ഥം തുടങ്ങിയ പദപ്രയോഗങ്ങൾ ഒഴിവാക്കിയിരിക്കണം. "ദൈവത്തിന്റെ പട്ടക്കാരൻ കലഹിക്കാത്തവനും ശണ്ഠയിടാത്തവനും" എന്നുള്ള പട്ടംകൊട മദ്ധ്യേയുള്ള അമലോഗിയായിലെ വചനം എപ്പോഴും ഓർത്തിരിക്കുക.

Perfect എന്നൊരു ചിന്ത celebrant - നും ആരാധകനും ഉണ്ടായിക്കൂടാ. പൂർണ്ണനായ ദൈവമുൻപാകെ അപൂർണ്ണൻ, നല്ല കുശവന്റെ മുൻപിൽ കളിമണ്ണ്, സൃഷ്ടാവിന്റെ മുൻപിൽ സൃഷ്ടി, മരണമില്ലാത്തവന്റെ മുൻപിൽ മർത്ത്യൻ, കാലങ്ങൾക്ക് ഉപരിയായുള്ളവന്റെ മുൻപിൽ 70 വത്സരം എന്നു കുറിക്കപ്പെട്ടവൻ, സൂര്യന്റെ മുൻപിൽ കത്താത്ത മെഴുകുതിരി, പരിശുദ്ധനായവന്റെ മുൻപിൽ പാപി, വിശ്വസ്തനായവന്റെ മുൻപിൽ അവിശ്വസ്തനും അവിശ്വാസിയുമായവൻ, അഗ്നിയുടെ മുൻപിൽ വൈക്കോൽ.......

യോനാഥാൻ നിമിത്തം നന്മ ചെയ്യേണ്ടതിന് രാജാവായ ദാവീദ് ദേശമെല്ലാം അന്വേഷിച്ച ശേഷം രണ്ടുകാലും മുടന്തനായ മെഫിബോശേത്തിനെ കണ്ടുമുട്ടി. രാജാവ് പറഞ്ഞു - ഇനി മുതൽ നീ രാജാവിന്റെ മേശയിൽ ഭക്ഷിക്കും. മെഫിബോശേത്ത് പറഞ്ഞു - "രണ്ടുകാലും മുടന്തനായ ചത്ത നായ പോലുള്ള അടിയനെ വിചാരിപ്പിൻ അടിയനെന്തുള്ളു." ഓരോ വിശ്വാസിയുടേയും പ്രാർത്ഥന ഇതായിരിക്കണം.

ഇടക്കിടെ വാച്ചിൽ നോക്കി ശുശ്രൂഷ എടുക്കുന്ന രീതി വർജ്ജിക്കണം. ജനങ്ങൾ കാൺകെ സമയദൗർഘ്യം കാണിച്ച് അസ്വസ്ഥത പ്രകടിപ്പിക്കാതിരിക്കുക. മറ്റു വൈദികർ ശുശ്രൂഷ എടുക്കുമ്പോൾ സ്വയം മേനി നടിക്കാൻ അവരെ തുച്ഛീകരിച്ച് കാണിക്കുകയോ സംശാരിക്കുകയോ ചെയ്യാതിരിക്കുക.

## De-Consecration of a Church Building

സാധാരണയായി അനുഷ്ഠിട്ടില്ലാത്ത ഒരു ശുശ്രൂഷയാണ് പള്ളി പൊളിക്കുന്നതിനു മുമ്പുള്ള ഈ പ്രത്യേക ശുശ്രൂഷ. ഏറ്റം ശ്രദ്ധേയമായി നടത്താവുന്ന ഒരു കർമ്മം. പള്ളി പൊളിക്കുന്നതിനു മുമ്പ് വികാരിയും ചുമതലക്കാരും ജനങ്ങളും കൂടി ചേർന്ന് ഈ ശുശ്രൂഷ നിർവ്വഹിക്കണം.

ഒരു വൃക്ഷം വെട്ടുന്നതിനു മുമ്പ് വൃക്ഷത്തോട് അനുവാദവും അതിൽ കൂടുകെട്ടുന്ന പക്ഷികളോട് ക്ഷമയും ചോദിക്കണമെന്ന ആർഷ ഭാരത് ചിന്ത Ecology - ക്ക് മുൻതൂക്കം കൊടുക്കുന്ന ഈ കാലഘട്ടത്തിൽ ചിന്തനീയമാണ്. മന്ദിരം ജരാനരകൾ ബാധിച്ച് പൊളിച്ചു മാറ്റേണ്ട കാലം വന്നപ്പോൾ ഇതുവരേയും കൂടെയിരുന്നു പരിപാലിച്ച ദൈവകൃപയ്ക്ക് നന്ദിയും, സദാ ലഭിച്ച ദൈവീക സാന്നിദ്ധ്യത്തിന് സ്തുതിയും, ദൈവീക ചൈതന്യം അറ്റുപോകാതെ പുതിയ മന്ദിരത്തിൽ വന്നു പാർക്കേണമേ എന്ന പ്രാർത്ഥനയും ചേരുന്നതാണ് ഈ ക്രമം. ദൈവസന്നിധിയിൽ കെട്ടുന്നത് അഴിക്കുന്നതിനുള്ള അനുവാദം ചോദിക്കുന്ന സന്ദർഭമാണ് ഇത്. ഒരു പൊതു ആരാധനയ്ക്കു ശേഷം ------ അല്ലെങ്കിൽ, ഒരു പാട്ട്, കൌമ്മാ,

പാഠം വായന - നെഹമ്യാവ് 2: 17 - 20
സങ്കീർത്തനം 34
വി. മത്തായി 7: 24 - 29
പൊതു പ്രാർത്ഥന

തുടർന്ന് ത്രോണോസ്സ്, മദ്ബഹാ ഭിത്തി, ഹൈക്കലാ, പള്ളിയുടെ പടിഞ്ഞാറേ ഭിത്തി, മാമോദീസാത്തൊട്ടി, ഇവയെല്ലാം തൊട്ട് തൈലം കൂടാതെ കുരിശു വരച്ച് പ്രാർത്ഥിച്ച് താഴേക്കിറങ്ങി പടിഞ്ഞാറു വശത്തു നിന്ന് കിഴക്കോട്ട് തിരിഞ്ഞ് വിശ്വാസപ്രമാണം, മോറോൻ യേശു മ്ശിഹാ..... എന്ന പ്രാർത്ഥന, കർത്താവിന്റെ പ്രാർത്ഥന, ആശിർവ്വാദം ഇവ പറഞ്ഞ് ഒരു പാട്ടും തുടർന്ന് കൈയ്യസൂരിയും കൊടുത്ത് ശുശ്രൂഷ അവസാനിപ്പിക്കാം.

പഴയ പള്ളി നിലനിർത്തി പുതിയ പള്ളി പണിതെങ്കിൽ പുതിയ പള്ളിയിലേക്ക് പഴയ പള്ളീയിൽ നിന്ന് ഒരു ഘോഷയാത്രയായി പോകണം. കുരിശ്, വേദപുസ്തകം, കത്തിച്ച മെഴുകുതിരി, വിരിക്കൂട്ട്, കാസാ, പീലാസ, ഇവ വഹിച്ചുകൊണ്ട് പോകണം. പൊതുപ്രാർത്ഥനയിൽ ഈ പള്ളിയിൽ ആരാധിച്ചവർ, ശുശ്രൂഷിച്ചവർ, ശുശ്രൂഷകർ, വൈദികർ, മേൽപ്പട്ടക്കാർ, അടിസ്ഥാനം ഇട്ടവർ, കൂദാശ ചെയ്തവർ, മാമോദീസ്സാ ഏറ്റവർ, വിവാഹിതർ, കുമ്പസാരിച്ചവർ, വിശുദ്ധ ആരാധനകളിൽ പങ്കെടുത്തവർ, വചനം പ്രസംഗിച്ചവർ, കേട്ടവർ, പള്ളി പണിതവർ, സഹകരിച്ചവർ, സംഭാവന നൽകിയവർ, പുതിയ പള്ളിപ്പണി, പിതാക്കന്മാരെ വഴി നടത്തിയ ദൈവത്തോടുള്ള ഭക്തി, നന്ദി, സ്നേഹം, വിധേയത്വം, ആരാധന ഇവ പ്രകടിപ്പിച്ചിരിക്കണം.

ഈ ആലയത്തിൽ കുടികോണ്ട ദിവ്യ ചൈതന്യം പുതിയ ആലയത്തിലും വന്നു വസിക്കണം എന്ന അപേക്ഷയും ഉൾക്കൊണ്ടിരിക്കണം. ത്രോണോസ്സിൽ പ്രതിഷ്ഠിച്ചിരുന്ന കുരിശും, മെഴികുതിരി കാലുകളും മദ്ബഹായിലെ

പ്രാർത്ഥന കഴിഞ്ഞ് ഇറങ്ങുമ്പോൾ കാർമ്മികൻ ത്രോണോസ്സിൽ നിന്ന് എടുത്തി മാറ്റേണ്ടതാണ്. ഹൈക്കലായിലെ വായനാ പീഠത്തിൽ നിന്ന് വേദപുസ്തകവും.

## പീഢാനുഭവ വാരം - Lent

ക്രിസ്തു രക്ഷാകര പദ്ധതിയുടെ വാർഷിക ചിന്തയും അതിന്റെ സജീവ ഓർമ്മയുടെ സജീവ ആഘോഷവുമാണ് നടക്കേണ്ടത്. നോമ്പ് ആരംഭിക്കുന്നത് പേത്തൂർത്തൊ എന്ന ആഘോഷത്തോടെയാണ്. മാർച്ച് 21-ന് ശേഷമുള്ള Full Moon അടിസ്ഥാനമാക്കിയാണ് Easter കണക്കാക്കുന്നത്. നോമ്പിലെ പേത്തൂർത്തൊ ഞായറാഴ്ചയുടെ വായന കാനവിലെ കല്യാണ വിരുന്നാണ്. തന്റെ മഹത്വം വെളിപ്പെടുത്തിയ യേശു രൂപാന്തരപ്പെടുന്നവനും, രൂപാന്തരപ്പെടുത്തുന്നവനുമാണ്. ദൈവീക പദാർത്ഥങ്ങളേയും മാനുഷിക വ്യക്തികളേയും സമൂഹത്തേയും Easter Celebration-നു വേണ്ടി സഭ ഒരുങ്ങുന്ന നാളുകളണ് Lent. വിവാഹനിശ്ചയം കഴിഞ്ഞ് പെൺകുട്ടി വിവാഹത്തിന് ഒരുങ്ങുന്നതു പോലെ. ദൈവരാജ്യ അടയാളങ്ങൾ വിചിന്തനം ചെയ്ത സഭ ക്രൂശിലേക്ക് അടിവെച്ചു നടന്ന് അടുക്കുന്നു. 7 ആഴ്ച്ചവട്ടങ്ങൾ പരസ്യ ശുശ്രൂഷ മുതൽ ഉയിർപ്പുവരെ.

ഞായറാഴ്ചകൾ വി. കുർബ്ബാന അണയ്ക്കുന്നതിനാൽ Lent-ൽ നിന്ന് വിടർത്തപ്പെട്ട ദിനങ്ങളാണ്. വി. കുർബ്ബാനയ്ക്കു ശേഷം ഉപവാസം എടുക്കേണ്ടതില്ല. വർജനത്തിലും ഉപവാസത്തിലും ശക്തി നേടണം. അത് മനസ്സിനും ശരീരത്തിനും ബലം നേടിത്തരും. പ്രാർത്ഥന, ധ്യാനം, വചനത്തോടുള്ള ആഭിമുഖ്യം, മദ്ധ്യസ്ഥപ്രാർത്ഥന, ക്രിസ്തുവിന്റെ കഷ്ടാനുഭവങ്ങളോടുള്ള ഏകീകരണം, ഏറ്റം പ്രിയമായത് ഉപേക്ഷിക്കുന്നതിനുള്ള കരുത്ത്, ഇല്ലാത്തവരുമായി ഉള്ളത് പങ്കുവക്കുന്നതിലുള്ള ആനന്ദം. സ്വയം ക്രൂശിക്കുന്നതിലുള്ള താത്പര്യം, ഉയിർപ്പിന്റെ ആനന്ദം അനുഭവിച്ചറിയുന്നതിനുള്ള വ്യഗ്രത തുടങ്ങിയവയെല്ലാം നോമ്പിൽ നിന്ന് വിശ്വാസി നേടിയെടുക്കേണ്ടതാണ്.

നോമ്പിനെ +ve ആയി കാണണം. ഇതാണോ നോമ്പ് എന്ന് യെശയ്യാ പ്രവാചകൻ പറഞ്ഞു തുടങ്ങുന്ന കാര്യങ്ങൾ നോമ്പ് തെറ്റായി അനുഷ്ഠിക്കുന്നവരെക്കുറിച്ചുള്ള വേദനയും രോക്ഷവും പ്രകടമാക്കുന്നതിനാണ്.

ശരീരം, മനസ്സ്, ആത്മാവ് ഇവ മൂന്നും ചേരുന്ന വ്യക്തിത്വത്തിന്റെ ഗ്രഹണം മാറി പൂർണ്ണ ആരോഗ്യം നേടിയെടുക്കുന്നതിനുള്ള തപസ്സാണ് നോമ്പ്. അങ്ങനെയുള്ള വ്യക്തികളെക്കൊണ്ട് നിറഞ്ഞ ഇടവകകളാണ് സഭയുടെ ശക്തികേന്ദ്രം. സ്വമനസ്സോടെയുള്ള വെറുമയാക്കപ്പെടലാണ് ക്രൂശിന്റെ അർത്ഥം. (നമുക്ക് ഈ കാലയളവിൽ മനസ്സിലാക്കിത്തരുന്നത്)

നോമ്പ് രഹസ്യവും ഏകാഗ്രവുമായിരിക്കണം. മറ്റുള്ളവർ ശ്രദ്ധിക്കപ്പെടുന്നതിനോ പുകഴ്ത്തുന്നതിനോ ഇടം കൊടുക്കാതിരിക്കുക. രഹസ്യത്തിൽ കാണുന്ന പിതാവും അറയിൽ ആരോരുമില്ലാത്ത ഏകാന്തതയും നമ്മെ ഉദ്ദീപിപ്പിക്കും. ഈ മരുപ്രയാണത്തിൽ സാത്താന്യ ശക്തികളോട് പോരാടി ജയം നേടുന്നതിന് അവിടുത്തെ കഷ്ടാനുഭവങ്ങളോട് ഏകീഭവിക്കുന്നതിന് 40 ദിവസത്തെ ഉപവാസവും ധ്യാനവും പീഢാനുഭവവാര ചിന്തകളും സഹായകരമാകും. മദ്ധ്യസ്ഥപ്രാർത്ഥനക്ക് ധാരാളം സമയം ഉപയോഗിക്കുക.

കുടുംബ പ്രാർത്ഥനയിൽ കൌമ്മാ ചൊല്ലി ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ എന്നു പ്രാർത്ഥിക്കുമ്പോൾ 3 പ്രാവശ്യം കുമ്പിടുന്ന പതിവ് കുടുംബാംഗങ്ങൾ നടത്തുന്നത് അഭികാമ്യമാണ്. കുടുംബത്തിൽ ഉപവാസവും വർജ്ജനവും ആചരിക്കുന്നത് തലമുറകളായി നല്ല പതിവ് പിൻതുടരാൻ പ്രചോദനം നൽകും. നോമ്പിലെ വെള്ളിയാഴ്ചകൾ പള്ളിയിൽ നമസ്കാരം നടത്തുന്നതും ക്രൂശ് കേന്ദ്രീയ പ്രഭാഷണങ്ങൾ ക്രമീകരിക്കുന്നതും നല്ലതാണ്.

പീഢാനുഭവവാര ശുശ്രൂഷയിൽ "നിങ്ങൾക്കെല്ലാവർക്കും സമാധാനം ഉണ്ടായിരിക്കട്ടെ" എന്ന ആശംസിക്കുന്നതിനു പകരം "നമ്മുടെ കർത്താവിനു ബഹുമാനവും നാം എല്ലവരുടെ മേൽ അവിടുത്തെ അനുഗ്രഹവും ഉണ്ടായിരിക്കട്ടെ". ജനം - അവിടുത്തെ ആത്മാവോടു കൂടെയും ഉണ്ടായിരിക്കട്ടെ എന്നായിരിക്കണം. പിതാവിന്നും പുത്രനും പരിശുദ്ധ റൂഹാക്കും സ്തിതി എന്നീ മഹത്വീകരണ വാക്യം പറയാം. പിന്നാലെ വരുന്ന "ദൈവമേ നീ പരിശുദ്ധനാകുന്നു" എന്ന കൌമ്മക്കു പകരം അതതു ദിവസത്തേക്കുള്ള കൌമ്മാ ഉപയോഗിക്കണം. പ്രതിവാക്യ സമയം-കുരിശു വരച്ച് "ഞങ്ങളുടെ ദൈവമായ കർത്താവേ ഞങ്ങളോട് കരുണ ചെയ്യേണമേ - കുറിയേലായിസ്സോൻ" എന്നു ചൊല്ലി കുമ്പിടേണം. ആദ്യം വലതു കാൽ മടക്കി തുടർന്ന് ഇടതു കാലും ഇരു കൈകളും ചേർത്ത് തല നിലത്ത് പറ്റെ മുട്ടിക്കണം. കൈ വിരലുകളിൽ ഉയർന്ന് കാൽ മുട്ടുകൾ നിവർത്തി എഴുന്നേൽക്കണം.

ഊശാന ഞായർ വൈകിട്ടു മുതൽ ശനിയാഴ്ച രാവിലെ വരെയുള്ള നമസ്കാരങ്ങൾ ചിട്ടയായി നടത്തണം. ഇടവകയിലെ ആത്മായക്കാരെ ധ്യാനപ്രസംഗങ്ങൾക്ക് ഉപയോഗിക്കുക. സ്തോത്രകാഴ്ച ശേഖരണം ഒഴിവാക്കുക. ആരെങ്കിലും കാഴ്ചകൾ കൊണ്ടു വന്നാൽ മേശപ്പുറത്ത് തളികയിൽ വക്കുന്നതിന് അറിയിക്കുക. പള്ളി മണി പീഡാനുഭവ വാരത്തിൽ അടിക്കാതിരിക്കുക. കൈമുത്തും കൈയ്യസൂരിയും പോലെയുള്ള സ്നേഹപ്രകടനങ്ങൾ ഇല്ല എന്ന് ഓർക്കുക. സദ്യകളും പ്രത്യേക കൂദാശകളും ഒഴിവാക്കുക. ആർഭാടങ്ങളും ശബ്ദ മലിനീകരണവും വെടിയുക. പാട്ടുകൾ, പാഠം വായന ഇവ നേരത്തേ ക്രമീകരിക്കുക. പള്ളിയിലെ ബഞ്ചുകൾ സൗകര്യമായ സ്ഥലത്തേക്ക് ഉയിർപ്പു ഞായർ ആരാധന വരെ മാറ്റിയിടുക.

ഊശാനയുടെ കുർബ്ബാന കഴിഞ്ഞാൽ പെസഹാ ബുധൻ രാത്രി വരെ വി. കുർബ്ബാന അനുഷ്ഠിക്കാറില്ല. ദുഃഖ വെള്ളിയാഴ്ചയും. വി. യോഹന്നന്റെ സുവിശേഷം അനുസരിച്ച് ബുധനാഴ്ച സന്ധ്യയിലാണ് യേശു പെസഹാ അനുഷ്ഠിക്കുന്നത്. യെഹൂദാ പെസഹായുടെ വെള്ളിയാഴ്ച ദിവസം സ്വയം യാഗമായി അർപ്പിക്കപ്പെടുന്നു. അതിനാലാണ് പൗരസ്ത്യ സഭ വി. കുർബ്ബാനയ്ക്ക് പുളിപ്പിച്ച അപ്പം (അമീറാ) ഉപയോഗിക്കുന്നത്. പെസഹാ പുളിപ്പിക്കത്ത അപ്പത്തിന്റെ പെരുന്നാളാണല്ലോ. ദുഃഖവെള്ളിയാഴ്ച ആരാധന പലയിടത്തും വ്യത്യാസമായിട്ടാണ് നടക്കുന്നത്. ഓരോന്നും വിവിധ കാരണങ്ങളാൽ.

1. ചിലയിടത്ത് തിരശ്ശീല ശുശ്രൂഷ സമയം നീക്കാറില്ല. മുഴുവൻ സമയം മറയിട്ടിരിക്കും.
2. ചിലർ മൂന്നാം ഭാഗം ശുശ്രൂഷയ്ക്ക് മറയിട്ടിരിക്കും.
3. ചിലർ മൂന്നാം ഭാഗം ശുശ്രൂഷ മദ്ബഹായിൽ വച്ച് നടത്തും.
4. ചിലയിടത്ത് മദ്ബഹാ എപ്പോഴും തുറന്നിരിക്കും.
5. ചിലർ ആദ്യ രണ്ടു ഭാഗം മദ്ബഹായിൽ നിന്ന് എടുക്കും. മൂന്നാം ഭാഗം താഴെ ഹൈക്കലായിൽ നിന്നും.
6. ചിലർ മൂന്നം ഭാഗം ശുശ്രൂഷക്ക് കാപ്പാ ധരിക്കും.

കറുത്ത കുപ്പായം, പുറം ളോഹ, കമ്മീസ്, ശുശ്രൂഷക്കുപ്പായം ഇങ്ങനെ യുക്തം പോലെ ധരിക്കുന്നവരുമുണ്ട്.

കർത്താവിന്റെ ക്രൂശീകരണ സമയം അന്ധകാരം ഉണ്ടായത് അനുസ്മരിക്കുന്നതിനാണ് മറ ഇട്ടുകൊണ്ട് ശുശ്രൂഷ നടത്തുന്നത്.

മദ്ബഹായിൽ നിന്നുകൊണ്ട് ശുശ്രൂഷ എടുക്കുന്നത് മേൽപ്പട്ടക്കാരുടേയും പട്ടക്കാരുടേയും യാത്ര പറച്ചിൽ മദ്ബഹായിൽ വച്ച് നടക്കുന്നതിനാൽ മഹാപുരോഹിതനായ ക്രിസ്തുവിന്റെ മരണസമയം ഓർമ്മിക്കുന്നത്. കാപ്പ ധരിച്ചുകൊണ്ട് ശുശ്രൂഷ നിർവ്വഹിക്കുന്നത് ഇതേ ഉദ്ദേശത്തിൽ തന്നെ. പെസഹാ ഒഴിച്ച് ബാക്കി സന്ദർഭങ്ങളിൽ ത്രോണോസ്സിൽ ഒരു മരക്കുരിശു മാത്രം മതിയാകും.

## ഭവന സന്ദർശനം

ഒരു വൈദികന്റെ ഇടയ പരിപാലനത്തിന്റെ ശ്രേഷ്ഠമായ അനുഭവമാണ് ഭവന സന്ദർശനം. ഇടവകയുടെ ഏറ്റം ശ്രേഷ്ഠമായ കണ്ണിയും അടിസ്ഥാന ഘടകവും കുടുംബമാണ്. ആ വീട് ഒരു ഭവനമാക്കി തീർക്കുന്ന സന്ദർഭമാണ് വൈദിക സന്ദർശന വേള. ആളത്വ ബന്ധങ്ങളിലുള്ള വളർച്ചയിലാണ് കുടുംബം കെട്ടുപണി ചെയ്യപ്പെടുന്നത്. ദൈവവും മനുഷ്യനും, മനുഷ്യനും മനുഷ്യനും, മനുഷ്യനും സമൂഹവും, മനുഷ്യനും പ്രകൃതിയുമൊക്കെ തമ്മിലുള്ള കൂട്ടായ്മ, അതിന്റെ ഐക്യത്തിലുള്ള വളർച്ച, ഒന്നായി തീരുന്നതിനുള്ള ആത്മബന്ധം ഇവയൊക്കെ ഇവിടെയാണ് ബീജവാപം ചെയ്യപ്പെടുന്നത്. വൈദികനെ കുടുംബാംഗമായി സ്വീകരിക്കുന്ന പ്രക്രിയയും ഇവിടെ നടക്കണം. ആ വീടിന്റെ ചെറുതും വലുതും, ആത്മീകവും ഭൗതികവുമായ കാര്യങ്ങളിലുള്ള പങ്കാളിത്തം, പ്രശ്നങ്ങളെ കൂട്ടായി അഭിമുഖീകരിക്കണം ഇവയെല്ലാം ഈ ആത്മബന്ധത്തിന്റെ സവിശേഷമായ പരിണിത ഫലമായി തീരണം.

ത്രിത്വ സ്തുതിയിൽ തുടങ്ങി, സന്ദർഭോചിതമായ വേദഭാഗമോ സങ്കീർത്തനമോ ചൊല്ലി മനഃപ്രാർത്ഥനയിലൂടെ ഒരു അനുഗ്രഹാശിർവ്വാദത്തോടെ ഭവനസന്ദർശന പ്രാർത്ഥന സമർപ്പിക്കേണ്ടതാണ്. ആരാധനയുടെ ലഘുവായ രൂപം ഇവിടെ നിവർത്തിക്കപ്പെടണം. വൈദികന് നിന്ന് പ്രാർത്ഥിക്കുന്നതിന് ഒരു പായ് വിരിക്കുന്നതിന് വീട്ടുകാർ ശ്രദ്ധിക്കണം. പാട്ടിന്റെ ഒരു ശീല് പാടാവുന്നതാണ്. വൈദികന്റെ പ്രാർത്ഥന ഞങ്ങൾ ആഗ്രഹിക്കുന്നു എന്നും ദൈവ പ്രതിനിധിയായി അദ്ദേഹത്തെ ഞങ്ങൾ സ്വീകരിക്കുന്നു എന്നും വീട്ടുകാർ മൗനവും വാചാലവുമായി സംസാരിക്കുന്നത് ഈ ചെറിയ Action - ലൂടെ ആയിരിക്കും. വീട്ടുകാരോടൊപ്പം പ്രാർത്ഥനയിലും ഇടക്ക് വൈദികൻ പങ്കെടുക്കുന്നതും വചനം വായിച്ചു കഴിയുമ്പോൾ ചെറിയ പ്രബോധനം കൊടുക്കുന്നതും ആശാസ്യമാണ്.

പ്രാർത്ഥന ആഗ്രഹിക്കാത്ത വീട്ടുകാരുണ്ടാവും- നിർബന്ധിച്ച് പ്രാർത്ഥിക്കുന്നത് ഒഴിവാക്കുക. സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ എന്ന കർത്തൃപ്രാർത്ഥന പൂർണ്ണമായും വ്യക്തമായും സാവധാനത്തിൽ ചൊല്ലുന്ന പരിചയം ഉണ്ടാക്കുക. പലരും പ്രാർത്ഥന തെറ്റായും അപൂർണ്ണമായും ചൊല്ലുന്നത് ബോധ്യപ്പെടുത്തുന്നതിനും, അവരെ ശരിയായി പ്രാർത്ഥിപ്പാൻ പഠിപ്പിക്കുന്നതിനും ഈ ചൊല്ലിലൂടെ സാധിക്കും. "ദോഷത്തിൽ നിന്ന്" എന്നതിനു പകരം "ദുഷ്ടനിൽ നിന്ന്" എന്നു തന്നെ പറയണം.

## വേദഭാഗ വായനകൾ

"കാറോയരേയും ഗായകരേയും ശോഭിപ്പിക്ക" എന്ന ഗീതത്തിലെ പട്ടക്കാരന്റെ പ്രാർത്ഥന വേദപുസ്തക വായനക്കാർക്കും പാട്ടുകാർക്കും വേണ്ടിയുള്ളതാണ്. ആരാധനയിലെ പ്രധാന പങ്കാളികളാണ് വചനം വായിക്കുന്നവർ. അത് വ്യക്തമായും സ്ഫുടമായും വായിക്കുന്നവരെ മാത്രം വായന ഏൽപ്പിക്കേണ്ടതാണ്. കോറൂയോ പട്ടം എന്ന ശെമ്മാശന്മാരുടെ ക്രമത്തിലെ ആദ്യം പട്ടം സ്വീകരിക്കുന്നവരുടെ ചുമതലയിലാണ് വേദവായന. അത് അക്ഷരം കൊണ്ട് വായിച്ച് ഹൃദയത്തിൽ നിന്ന് പുറപ്പെടുവിപ്പിക്കണം. വേദപുസ്തകം കൈയ്യിലുള്ളവർക്കും ഇല്ലാത്തവർക്കും വേദഭാഗം ഹൃദിസ്ഥമാക്കിക്കൊടുക്കുവാൻ വായനക്കാർ പ്രാർത്ഥനാപൂർവ്വം ഒരുങ്ങണം.

ഒന്നാം പാഠമായിട്ട്, രണ്ടാം പാഠമായിട്ട് എന്നു തുടങ്ങുന്ന പദപ്രയോഗങ്ങൾ ഒഴിവാക്കുക. ഇന്ന പുസ്തകം അദ്ധ്യായത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന ദൈവത്തിന്റെ വചനം കേൾപ്പീൻ. വായനയ്ക്കു ശേഷം - ഇതാകുന്നു ദൈവത്തിന്റെ ജീവനുള്ള വചനം എന്നു പറഞ്ഞ് നിർത്തുക.

ഏവൻഗേലിയോൻ വായിക്കുന്ന സമയം എല്ലാവരും എഴുന്നേറ്റ് നിൽക്കണം. കർത്താവായ യേശു പറഞ്ഞ അതേ വാക്കുകൾ ഇപ്പോൾ നേരിട്ട് കേൾക്കുകയാണ് നിത്യ വചനം. ഇത് രാജാവിന്റെ എഴുന്നള്ളത്ത് തന്നെ "ഏവൻഗേലിയോൻ" എന്നു പറയുമ്പോൾ പുസ്തകം ഉയർത്തിപ്പിടിക്കണം. വചനമായ ക്രിസ്തു എല്ലാവരിലും ഉയർന്നവൻ, ഉയർത്തപ്പെടേണ്ടവൻ എന്ന ആശയം ഇവിടെ കാണിക്കുന്നു. ഞാൻ ഉയർത്തപ്പെട്ടാൽ എല്ലാവരും എങ്കലേക്ക് ആകർഷിക്കും എന്ന കർത്തൃ വചനം ഓർക്കുക. ശബ്ദവും ഗാംഭീര്യവും അടക്കവും ഒതുക്കവും എല്ലാം ഒന്നിച്ച് ഇണക്കി ചേർക്കേണ്ട സന്ദർഭമാണ് ഇവിടം. അലക്ഷ്യമായോ അശ്രദ്ധയോടോ പെരുമാറിക്കൂടാ. വായനക്കാരും കേൾവിക്കാരും.

ധൂപം വീശുന്നവർ വടക്കുവശത്തു നിന്ന് തെക്കോട്ട് വീശണം. വായിക്കുന്ന ആളിനു നേരേ വീശേണ്ടതില്ല. യഹോവയായ ദൈവം സീനായി മലയിൽ ഇറങ്ങി വന്നപ്പോൾ പർവ്വതം പുക കൊണ്ട് നിറഞ്ഞു. കൽപന ലഭിച്ചത് (വചനം) അവിടെയാണല്ലോ. തെക്കും വടക്കും നിൽക്കുന്നവർ എതിർ ദിശയിലേക്ക് തിരിഞ്ഞുനിന്നാൽ മതി. മേൽപ്പട്ടക്കാർ മാത്രം പറിഞ്ഞാറേക്ക് തിരിഞ്ഞുനിൽക്കാം. പലപ്പോഴും പട്ടക്കാർ ലേഖന ഭാഗം വായിക്കുന്നതിന് മടി കാട്ടറുണ്ട്. അത് തെറ്റായ ഒരു ധാരണയിൽ നിന്നുണ്ടായ ഒരു ചിന്തയാണ്. കപ്യാരോ ശുശ്രൂഷകരോ മാത്രമേ അവ വായിച്ചുകൂടാവൂ എന്നില്ല. അതു പോലെ ലേഖനം വായിക്കുന്നത് ഒരു പദവിയായി കണക്കാക്കി കപ്യാരന്മാർക്കും ഒരു മാനം ലഭിക്കൻ ഇടയാകും. അതുപോലെ ധൂപം വീശുന്നതും തെല്ല് അഭിമാനക്ഷതം പോലെ - കപ്യാര് ജോലി എന്നൊരു ചിന്ത ഉണ്ടായിക്കൂടാ. ധൂപം വീശുന്നത് എത്രയോ മഹത്വകരമായ ഒരു പദവിയും ചുമതലയും പൗരോഹിത്യ മര്യാദയുമാണെന്ന് ഓർക്കുക. ആദ്യം ധൂപക്കുറ്റി കൈയ്യിൽ എടുക്കുമ്പോൾ ഒരു പ്രാർത്ഥന ചൊല്ലി ദൈവ സന്നിധിയിൽ ധൂപം അർപ്പിക്കാനുള്ള വരം തന്നതിനു സ്തുതി ചൊല്ലി, ധൂപം നേരെ മുൻപോട്ടും ഇരു വശത്തും വീശി തെക്കു വടക്ക് വീശേണ്ടതാണ്.

## റിശീശ്ശാ

റീശ് എന്നാൽ തല എന്നും ഈത്തോ എന്നാൽ സഭ എന്നു അർത്ഥം. സഭാതലവനുള്ള അർപ്പണം, തലവരി എന്നൊക്കെ പര്യായം. കർത്താവ് പത്രോസിനോട് ചൂണ്ടലിട്ട് മീൻ പിടിച്ച് തന്റെയും ശിഷ്യന്മാരുടേയും കരം കൊടുത്ത് തീർക്കാൻ ആവശ്യപ്പെടുന്നു. സഭയുടെ തലവനായ മെത്രാപ്പോലീത്താ തിരുമേനിക്ക് ഓരോ പ്രായപൂർത്തിയായ അംഗവും വർഷം തോറും നൽകുന്ന നിശ്ചിത തുകയ്ക്കാണ്. റിശീശ്ശാ എന്നു പറയുന്നത്. സഭയോടും സഭയുടെ പ്രധാന മേലദ്ധ്യക്ഷനോടുമുള്ള സ്നേഹവും കരുതലും വിധേയത്വവും ഓരോ സഭാംഗവും പ്രകടിപ്പിക്കുന്നതിന്റെ expression ആയി ഇതിനെ കാണേണ്ടതാണ്.

## വൈദികരുടെ പൊതു പെരുമാറ്റ രീതി

മേൽപ്പട്ടക്കാർ Parsonage സന്ദർശിക്കുമ്പോൾ പട്ടക്കാർ കുപ്പായം ധരിച്ചിരിക്കണം. വസ്ത്രം എപ്പോഴും മറ്റുള്ളവരെ ബഹുമാനിക്കുന്നതിനും കൂടെയാണ്. വീട്ടിലുള്ളവരും, യഥായോഗ്യം വസ്ത്രധാരണം നടത്തിയിരിക്കണം. ഭക്ഷണം വിളമ്പുമ്പോൾ ഓരോ ഐറ്റവും പ്രധാന അതിഥിയ്ക്ക് വിളമ്പിയതിനു ശേഷമേ മറ്റുള്ളവർക്ക് വിളമ്പാവൂ. പ്രധാന അതിഥി ഭക്ഷണം കഴിച്ചു കഴിഞ്ഞ ശേഷമേ ബാക്കിയുള്ളവർ എഴുന്നേൽക്കാവൂ. പാത്രത്തിൽ സ്പൂൺ ഉരച്ച് ശബ്ദം ഉണ്ടാക്കുകയോ സൂപ്പ് കുടിക്കുമ്പോൾ ശബ്ദം ഉണ്ടാക്കുകയോ ചെയ്യതിരിക്കുന്നതിന് ശ്രദ്ധിക്കുക. കൈ മുത്തിക്കുമ്പോൾ തലയിൽ തൊപ്പി, Cooling Glass ഇവ ഒഴിവാക്കിയിരിക്കണം. ഒരു യോഗത്തിൽ താമസിച്ച് വന്നാലും ഇടയ്ക്ക് പോകേണ്ടി വന്നാലും കൈമുത്തി അനുവാദം വാങ്ങിക്കുന്ന നല്ല പതിവ് തുടരാവുന്നതാണ്.

കാർമ്മികന്റെ സ്വരത്തിനും ശബ്ദത്തിനും മീതെ ശബ്ദം ഉയർത്തി സഹ കാർമ്മികരും ശുശ്രൂഷക്കാരും ചൊല്ലാതിരിക്കുക. വൈദിക സ്ഥാനികൾ തമ്മിൽ തമ്മിൽ ബഹുമാനിക്കുന്നവരും അന്യോന്യം സ്വീകരിക്കുന്നവരുമായിരിക്കണം. ഒരു ശെമ്മാശനെപ്പോലും എഴുന്നേറ്റ് നിന്ന് സ്വീകരിക്കുന്ന സ്വഭാവം ഉൾക്കൊള്ളണം. എന്തെന്നാൽ അവർ ദൈവത്താൽ നിയമിക്കപ്പെട്ടവരും നിയോഗിക്കപ്പെട്ടവരുമാണ്. ബഹുമാനപുരസരം സംസാരിക്കണം. ആദരവോടെ ഇടപെടണം. അത് ആത്മായക്കാർക്ക് മാതൃക ആയിരിക്കും. പൊതുസഭയിൽ മറ്റ് ആളുകളെ തുച്ഛീകരിച്ച് സംസാരിക്കാതിരിപ്പാൻ ശ്രദ്ധിക്കുക. മുതിർന്ന വൈദികരെ പേരു വിളിച്ച് സംസാരിക്കാതിരിക്കുക. അത് മര്യാദയുടെ ലക്ഷണമാണ്.

വൈദികർ മൂപ്പ് മുറയ്ക്ക് സ്വീകരിക്കപ്പെടണം. ദയറാക്കാർ എപ്പോഴും മുൻഗണന അർഹിക്കുന്നു. പ്രായമായവരെ സ്ത്രീയും പുരുഷനും തമ്മിൽ ഭേദമില്ലതെ ബഹുമാനത്തോടെ സംസാരിക്കണം. അത് വിവേകത്തിന്റെ ലക്ഷണമാണ്. കുട്ടികളോട് സ്നേഹത്തോടും സന്തോഷത്തോടും പെരുമാറുക. അവരുടെ മനസ്സിൽ ഒരു വൈദികനെക്കുറിച്ചുള്ള ചിന്ത നിങ്ങളുടെ രൂപവും ഭാവവും സ്വരവും ലയിപ്പിച്ച് ഭാവിയിൽ ഒരു നല്ല വൈദികനെ സഭയ്ക്ക് പ്രദാനം ചെയ്യുവാൻ ഇടയാക്കിയേക്കാം. മറിച്ച് സംഭവിക്കാതിരിക്കാൻ കരുതലോടെ പെരുമാറുക.

കമ്മീശ് ധരിക്കുമ്പോൾ പൈജാമ വെള്ളയായിരിക്കണം. കാസക്കിനാണെങ്കിലും വെളുത്ത പൈജാമ ഉണ്ടായിരിക്കണം. വിശുദ്ധ കുർബ്ബാന സമയത്ത് വിശിഷ്യ , ഈ dress code ഉണ്ടായിരിക്കണം. അല്ലാത്തത് അഭംഗിയും ചേരാത്തതും എന്ന് ഓർക്കുക.

# കൺവൻഷൻ പ്രസംഗം

പൊതു സദസ്സുകളിൽ പ്രസംഗിക്കുമ്പോൾ stage-ൽ കഴിവതും ചെരിപ്പ് ധരിക്കാതിരിക്കുക. കേൾവിക്കാരെ ആദരവോടും സ്നേഹത്തോടും മുഖപ്രസന്നതയോടും കൂടി അഭിമുഖീകരിക്കുക. കാലിന്മേൽ കാൽ കയറ്റി വയ്ക്കുക, കാല് ആട്ടിക്കൊണ്ടിരിക്കുക ഇവ ഒഴിവാക്കുക. അവനവന്റെ സ്ഥാനത്തിന് ഉപരിയായിട്ടുള്ളവരെ കുറിച്ച് പരാമർശനങ്ങൾ ഒഴിവാക്കുക. പ്രസംഗകനെങ്കിലും കേൾവിക്കാരനെങ്കിലും വേദപുസ്തകം കൈയ്യിൽ ഉണ്ടായിരിക്കണം.

Prayer

Spiritual victories are normally non in spiritual warfare. We are powerless and fruitless because we engage in prayer so casually.

Eph. 2. 2. 6.11-12, Jn. 14.30, 1 Jn. 4.4, 5.19

We must prevail before God. Not only must we prevail over overselves and over the powers of darkness, but God will also test your earnestness and depth of desire The Greek woman mtt. 15:21-28 pressed her case before Jesus until she prevailed and received total deliverance for her child.

Pray in harmony with Jesus's prayers and not in contradiction to them. Just as Jesus prayed in Gethsemana, so you must pray. Mtt. 26.39

We are joining the intervession of Jesus with fall assurance of faith. (Heb. 10-22).

We can draw nearer to God. In and through faith in Him we may approch God with freedom and confidence.

Eph-3.12

Jesus himself urges us to persevere to prayer and not give up until the answer comes.

# മെത്രാന്മാരെ ആദ്യമായി ഇടവകയിലേക്കും പള്ളിയിലേക്കും സ്വീകരിച്ച് ആനയിക്കുമ്പോൾ

ഘോഷയാത്ര

സ്വീകരണ സ്ഥലത്ത് കൈമുത്തി ഹാരവും ബൊക്കയും കൊടുക്കുക. രണ്ട് ലൈൻ ആയി ജനങ്ങൾ കത്തിച്ച മെഴുകുതിരികളുമായി സ്വീകരിച്ച് ഒരു പാട്ടോടെ പള്ളിയിലേക്ക് ആനയിക്കുക. - "ജയം ജയം ഹല്ലേല്ലുയ്യാ.....", "സേനയിൻ യഹോവയെ.....", "യഹോവാ ദൈവമാം വിശുദ്ധ ജാതി നാം....." തുടങ്ങി സന്തോഷത്തിന്റെയും ആനന്ദത്തിന്റെയും പാട്ടു പാടാം. പള്ളിയുടെ വാതിൽക്കൽ എത്തുമ്പോൾ കൂട്ടമണി മുഴക്കാം. വികാരി കത്തിച്ച ഒരു മെഴുകുതിരി നൽകി അഭിനവ മെത്രാനെ സ്വീകരിക്കുന്നു. തുടർന്ന് മെത്രാൻ ആദ്യം പള്ളിയിലേക്ക് പ്രവേശിക്കുന്നു. തിരശ്ശീല നീക്കേണം. തുടർന്ന് വൈദികരും ഘോഷയാത്രയിൽ ആദ്യം നിന്നിരുന്നവരും പള്ളിയിൽ പ്രവേശിക്കുന്നു.

തുടർന്ന് കൌമ്മാ
ലുത്തിനിയ പരസ്യ P - 89
കർത്താവേ നിൻ ബസ്ഗാസായിൽ - P69
സ്വർഗ്ഗസ്ഥനായ പിതാവേ
ആശിർവ്വാദം
നീതി പുണ്യം ധരിച്ച - P 105
തുടർന്ന് പൊതുസമ്മേളനം

# പട്ടംകോട ശുശ്രൂഷ

ശെമ്മാശ് സ്ഥാനം

അർക്കദിയാക്കോൻ ശുശ്രൂഷയുടെ വിവിധ ഭാഗങ്ങളെക്കുറിച്ചും ഭാവങ്ങളെക്കുറിച്ചും ജനങ്ങളെ _______________, പ്രബോധിപ്പിക്കുകയും ചെയ്യുന്നത്.

ശുശ്രൂഷാരംഭം

കർത്താവിൽ പ്രിയ സഹോദര സഹോദരികളേ, കുഞ്ഞുങ്ങളേ, ദൈവനാമത്തിൽ എല്ലാവരേയും പവിത്രമായ ഈ ശുശ്രൂഷയിലേക്ക് സ്വാഗതം ചെയ്യുന്നു. ശുശ്രൂഷ ഏല്ക്കുന്നതിനല്ല പിന്നെയോ ശുശ്രൂഷിപ്പാനും അനേകർക്ക് മറുവിലയായി തന്നേ തന്നെ ഏൽപ്പിക്കുന്നതിനും ആകുന്നു താൻ ലോകത്തിലേക്ക് വന്നത് എന്നരുളി ചെയ്ത മനുഷ്യ പുത്രനായ യേശുവിന്റെ ഹൃദയാഭിവാഞ്ചയുടെ പൂർത്തീകരണത്തിനായി തങ്ങളെ തന്നെ ദൈവസന്നിധിയിൽ സമർപ്പിച്ച് പ്രതിഷ്ഠിക്കുകയും തങ്ങളുടെ വൈദികാഭ്യസനം പൂർത്തിയാക്കി, സഭയുടെ വൈദിക തെരഞ്ഞെടുപ്പ് കമ്മറ്റി തെരഞ്ഞെടുക്കുകയും ബഹുമാനപ്പെട്ട എപ്പിസ്ക്കോപ്പൽ സുന്നഹദോസും മാർത്തോമ്മാ മെത്രാപ്പോലീത്താ തിരുമേനിയും അംഗീകരിക്കുകയും ചെയ്ത സമർപ്പിതരായ ___________ (വീട്ടുപേര്) ___________ (മാതാപിതാക്കൾ) ___________ (പേര്)

ഇവരെ പരിശുദ്ധ സഭയ്ക്കു വേണ്ടി ശെമ്മാശ സ്ഥാനത്തേക്ക് പ്രവേശിപ്പിക്കണമെന്ന് അഭിവന്ദ്യ പിതാവിനോട് ഈ സഭ അഭ്യർത്ഥിക്കുന്നു. ഈ സമയം പ്രാർത്ഥനാപൂർവ്വം നമുക്ക് ഈ ആരാധനയിൽ പങ്കെടുക്കാം.

സർവ്വശക്തനും പിതാവുമായ ദൈവമുമ്പാകെ തങ്ങളെ തന്നെ പ്രതിഷ്ഠിച്ച ഈ യൌവ്വനക്കാരെ പുത്രനാം കർത്താവായ യേശുവിന് സമർപ്പിക്കുന്നതിനും ഈ വലിയ ശുശ്രൂഷയ്ക്ക് അവരെ അഭിഷേക, ചെയ്യുന്നതിനും അവരുടെ മേൽ പരിശുദ്ധാത്മാവ് ആവസിച്ച് പ്രാർത്ഥിക്കുന്നതിനും ശ്ലീഹന്മാരുടെ കാലം മുതൽ കൈവയ്പ്പ് നൽകി പുനരുത്ഥാനത്തിന് സാക്ഷികളായി നിയോഗിച്ച് അയക്കുന്നതിനും വിശ്വാസികളുടെ സമൂഹം ഇന്ന് കൂടി വന്നിരിക്കുന്നു.

ഇപ്പോൾ ഈ ദൈവദാസനെ/ദാസന്മാരെ സഭയുടെ പ്രതിനിധികളായ മേൽപ്പട്ടക്കാരും, വൈദികരും, ശെമ്മാശന്മാരും, ജനങ്ങളും ചേർന്ന് ആഘോഷമായി മദ്ബഹായിലേക്ക് ആനയിക്കുന്നു. ഊനമറ്റ യാഗമായി ദൈവസന്നിധിയിൽ എന്നും നിരന്തര യാഗമായി ഇവർ അർപ്പിക്കപ്പെടുന്നതിന് ഇവർ യോഗ്യരായി തീരുന്നതിന് നമുക്ക് പ്രാർത്ഥിക്കാം

ക്രമം

ഗായകർ, ജനങ്ങൾ, ശെമ്മാശന്മാർ, മൂപ്പുമുറയിൽ വൈദികർ, ഇളയവർ തുടങ്ങി മൂപ്പു മുറയിൽ സ്ഥാനാർത്ഥികൾ, അംശവടി ഏന്തിയ വൈദികർ, മേൽപ്പട്ടക്കാർ. Vestry പ്രാർത്ഥനയ്ക്കു ശേഷം പള്ളിമണി മുഴക്കണം. തുടർന്ന് "സേനയിൻ യഹോവയേ......." എന്ന ഗീതം പാടുന്നു. തിരശീല മാറുമ്പോൾ ജനങ്ങൾ എഴുന്നേറ്റ് നിൽക്കുന്നു. ഗായകസംഘം അവരുടെ സ്ഥാനത്തേക്ക്, ശെമ്മശന്മാർ ത്രോണോസ്സിന്റെ വലതുഭാഗത്തും കശീശന്മാർ ഇടതു ഭാഗത്തും (കിഴക്കോട് തിരിഞ്ഞ് നിൽക്കുമ്പോൾ).

സ്ഥാനാർത്ഥികൾ മദ്ബഹായിൽ പ്രവേശിച്ച് പ്രധാന കാർമ്മികന്റെ or മെത്രാപ്പോലീത്തായുടെ കൈ മുത്തി ത്രോണോസ്സിന്റെ വലതു ഭാഗത്ത് നിൽക്കണം.

പ്രസംഗം

ഏവൻഗേലിയോൻ മേശയ്ക്കരികിൽ നിന്ന് സ്ഥാനാർത്ഥികളും പ്രസംഗകനുമായി അടുത്തിരിക്കണം. ഇന്നത്തെ പ്രസംഗം സ്ഥാനാർത്ഥികളോടായിരിക്കണം. ശെമ്മാശ് സ്ഥാനം, ശുശ്രൂഷ ഇവയെ ഓർമ്മപ്പെടുത്തുന്നത്. സമാധാനത്തിന്റെ പ്രാർത്ഥനയുടെ സമയത്ത് സ്ഥാനാർത്ഥികൾ മദ്ബഹാ വാതിക്കൽ മുട്ടുകുത്തി നിൽക്കണം.

## സത്യപ്രതിജ്ഞയ്ക്കു ശേഷം

പ്രസ്താവന

ഇപ്പോൾ കാർമ്മികനായ മെത്രാപ്പോലീത്താ/എപ്പിസ്ക്കോപ്പാ സിംഹാസനത്തിൽ ഇരുന്ന് അമലോഗിയോ എന്ന ബുദ്ധി ഉപദേശം സ്ഥാനാർത്ഥി/കൾക്ക് നൽകുന്നതാണ്. ഇതിൽ സഭയുടേ അടിസ്ഥാന വിശ്വാസങ്ങളായ തിരുവചനാടിസ്ഥാനം, ത്രിത്വവിശ്വാസം, വി. പത്രോസ്, വി. തോമ്മാ തുടങ്ങിയ ശ്ലീഹന്മാരുടേയും സഭാപിതാക്കന്മാരുടെ പഠിപ്പിക്കലുകൾ, ഇവരെ സ്വീകരിക്കുകയും, വേദവിപരീതങ്ങളെ നിഷേധിക്കുകയും, ദൈവ വിശ്വാസത്തെ ഏറ്റു പറയുകയും സുകൃത നടപടികളിലൂടെ സത്യവിശ്വാസത്തിനു ചേരുന്ന നല്ല ജീവിതം കെട്ടിപ്പടുക്കുകയും ചെയ്യുന്നതിന് കൽപ്പിച്ച് പഠിപ്പിക്കുന്നു, അതിന്റെ ഉറപ്പിലേക്ക് എല്ലാവരും സ്ലീബാ അടയാളം വരച്ച് സത്യപ്രതിജ്ഞ ചെയ്യുന്നു. ദൈവമുമ്പാകെ അനുസരണവും വിധേയത്വവും വിശ്വസ്തതയും ഓരോ സ്ഥാനാർത്ഥിയും പ്രകടിപ്പിക്കുന്നതിന്റെയും കേശാദിപാദം ദൈവ സന്നിധിയിൽ സമർപ്പിക്കുന്നതിന്റെ ലക്ഷണമായി നെറുകയിൽ പട്ടം വെട്ടി (നാലു ഭാഗത്തു നിന്നും കുരിശാകൃതിയിൽ മുടി മുറിച്ച്) ഈ പ്രതിഷ്ഠ നിർവ്വഹിക്കപ്പെടുന്നു.

"ദൈവസുതർ നാം ആയിടുവാൻ..." എന്ന ഗീതത്തിനു ശേഷം ജനങ്ങൾ ഇരിക്കുന്നു. മെത്രാപ്പോലീത്താ സിംഹാസനത്തിന് തെക്കോട്ട് അഭിമുഖമായി ഇരിക്കുന്നു.

വടി, മുടി, സ്ലീബാ

സ്ഥാനാർത്ഥി മുമ്പോട്ട് വന്ന് കൈമുത്തി പ്രതിജ്ഞാ പത്രം തെക്ക് വശത്ത് നിന്നു കൊണ്ട് വായിക്കുന്നു.

പ്രസ്താവന

സഭാ ഭരണഘടന അനുശാസിക്കുന്ന പ്രകാരം ശെമ്മാശ സ്ഥാനത്തേക്ക് പ്രവേശിക്കുന്നവർ തങ്ങളുടെ വിശ്വാസത്തെക്കുറിച്ചും പ്രവർത്തനത്തെക്കുറിച്ചും ഒരു പ്രസ്താവന നടത്തുന്നതാണ്. തുടർന്ന് പട്ടംകൊട ശുശ്രൂഷ ആരംഭിക്കുന്നു. ജനങ്ങൾക്ക് ഇപ്പോൾ ഇരിക്കാം. സ്ഥാനാർത്ഥികളെ കാർമ്മികൻ തന്നെ വിളിച്ച് ദൈവ ത്രോണോസ്സിന്റെ മുമ്പിൽ മുട്ടു കുത്തിക്കുകയാണ് കരണീയം. സ്ഥാനാർത്ഥികൾ പുസ്തകം, ഡയറി തുടങ്ങിയവ കൂടാതെ വെറും കൈയ്യായി ആരാധനയിൽ പങ്കെടുത്താൽ മതിയാകും.

പാഠഭാഗങ്ങൾ - പ്രസ്താവന

ആരായിരിക്കണം ശുശ്രൂഷക്കാരൻ എന്ന വേദപുസ്തക ഉപദേശം വിവിധ തലങ്ങളിൽ അവ പ്രായോഗികമായി എപ്രകാരം നിർവ്വഹിക്കപ്പെടണം എന്ന ആലോചനകൾ വി. പൗലോസ്, വി. പത്രോസ് അപ്പോസ്ഥലന്മാരുടെ ലേഖനങ്ങളിൽ നിന്ന് വായിച്ച് കേൾക്കാം. അതിനു ശേഷം വിശുദ്ധ ഏവൻഗേലിയോൻ മേൽപ്പട്ടക്കാരൻ വായിക്കുന്ന

അവസരം എല്ലാവരും എഴുന്നേറ്റ് നിന്ന് കേൾക്കണം. കർത്താവിന്റെ കൽപന അന്നു പറഞ്ഞ അതേ ഭാവത്തിലും രൂപത്തിലും നാം ശ്രവിക്കുകയാണ്. ഈ സമയം സ്ഥാനാർത്ഥിയുടെ ശിരസ്സ് ശോശപ്പാ കൊണ്ട് മൂടിയിരിക്കും.

ദൈവവചനം ഒരു മർമ്മമാകുന്നു. ഈ കൂദാശയും ഒരു മർമ്മമാകുന്നു. ഗൂഢമായി അത് വിതക്കപ്പെടുന്നു. ദൈവവചനമാണ് കൂദാശകളെ പൂർണ്ണമാക്കുന്നത്. തുടർന്ന് പരിശുദ്ധാത്മാവിന്റെ നൽവരം സ്ഥാനാർത്ഥികൾക്ക് ചൊരിയണമേ എന്ന് അർത്ഥമുള്ള ഗാനം വാക്യം പ്രതിവാക്യമായി ചൊല്ലുന്നു.

അഭിഷിക്തരായ ശെമ്മശന്മാർക്ക് ഒരു പുതിയ നിയമം കാർമ്മികൻ നൽകുന്നതാണ്. വചനത്തിന്റെ പ്രഘോഷകനും അതു ശുശ്രൂഷ തലത്തിൽ പ്രാവർത്തികം ആക്കുന്നവനുമായിരിക്കണം ഒരു ശെമ്മാശൻ വലതുകരം നീട്ടി കൊടുത്ത് എഴുന്നേൽപ്പിക്കുന്നു. തുടർന്ന് അംശവസ്ത്രങ്ങൾ പ്രാർത്ഥിച്ച് നൽകുന്നു. പരിശുദ്ധ ത്രിത്വത്തിന്റെ സ്തുതിക്കും ബഹുമാനത്തിനും പുകഴ്ചയ്ക്കും ദൈവസഭയുടെ കെട്ടു പണിയ്ക്കുമായി ഈ പുതിയ വസ്ത്രം അത് ധരിക്കുന്നവർക്ക് ആയിത്തീരട്ടെ എന്ന പ്രാർത്ഥനയോടെ.

<u>4-ാമത് റൂശ്മായ്ക്കു ശേഷം പ്രസ്താവന</u>

ഇപ്പോൾ അഭിനവ ശെമ്മാശന് മദ്ബഹായിൽ സന്നിഹിതരായ എല്ലാ മേൽപ്പട്ടക്കാരും കൈമുത്തിക്കുകയും വൈദികർ കൈയ്യസൂരി എന്ന സ്നേഹ ചുംബനം നൽകി വൈദിക ഗണത്തിലേക്ക് സ്വീകരിക്കുന്നു. അതിനു പിന്നാലെ വിശ്വാസികളായ ജനവും അവർക്ക് കൈയ്യസൂരി നൽകി അഭിനന്ദിക്കാവുന്നതാണ്.

<u>മേൽപട്ടക്കാരൻ വൈദികരോടും ശെമ്മാശന്മാരോടും ചേർന്ന് മദ്ബഹാ നടയിൽ വന്നു നിന്ന്</u>

കർത്താവിൽ വാത്സല്യമുള്ളവരേ,

ദൈവത്തിന്റെ കാരുണ്യാതിരേകത്താൽ അവിടുത്തെ ശരീരമായ സഭയെ സ്നേഹിക്കുന്നതിനും ശുശ്രൂഷിക്കുന്നതിനും ദൈവം വിളിച്ചു വേർത്തിരിച്ച ഈ ശെമ്മാശന്മാർക്കായി ദൈവത്തെ സ്തുതിക്കാം. ഇവരെ പരിശീലിപ്പിച്ച സിമിനാരികൾക്കായി ദൈവത്തെ സ്തുതിക്കാം. അതിലുപരി ജനിച്ച നാൾ മുതൽ ഇവരെ സ്നേഹിച്ചും പരിരക്ഷിച്ചും കർത്താവിലുള്ള സ്നേഹത്തിലും വിശ്വാസത്തിലും അവരെ ശക്തീകരിച്ച് പ്രേരിപ്പിച്ച് പ്രോത്സാഹിപ്പിച്ച ഇവരുടെ പ്രിയ മാതാപിതാക്കളേയും സഹോദരങ്ങളേയും സഭ നന്ദിയോടെ ഈ സമയം ഓർക്കുന്നു. അവർക്കായി ദൈവത്തെ സ്തുതിക്കുകയും ചെയ്യുന്നു. അവർ മുമ്പോട്ട് വരുന്നതിന് അഭ്യർത്ഥിക്കുന്നു.

പ്രാർത്ഥന, കൈമുത്ത്.

## കശ്ശീശാ - ശുശ്രൂഷാരംഭം

ദൈവത്തിന്റെ തിരുസഭയിൽ ഒരു കശ്ശീശാ അഥവാ മൂപ്പൻ ആയിരിക്കുക എന്നത് ഒരു പദവിയും വിളിയും ആകുന്നു. ദൈവം തിരഞ്ഞെടുത്തവരല്ലാതെ ആരും ഇതിൽ പ്രവേശിക്കുന്നില്ല എന്ന് തിരുവചനം പഠിപ്പിക്കുന്നു. ദൈവ ജനത്തിന് പിതാവും, ഉപദേശകനുമായിരിക്കുക എത്ര ഉത്തമ പദവിയാകുന്നു. ഇതിലേക്കായി ശുശ്രൂഷക്കാരുടെ നിരയിൽ നിന്ന് വിളിച്ച് വേർത്തിരിക്കപ്പെട്ടവരായ ഈ ശെമ്മാശന്മാരെ ദൈവ ജനത്തിന് ഉത്തമ കാര്യദർശിമാരായും, നല്ല ഇടയന്മാരായും, ശ്രേഷ്ഠ പുരോഹിതന്മാരായും, ദൈവ ഭണ്ഡാര ഗൃഹത്തിന് താക്കോൽക്കാരായും, താലന്തുകളുടെ നല്ല കാര്യവിചാരകരായും സത്യവിശ്വാസത്തിന് സാക്ഷികളായും പഥ്യോപദേശത്തിന് ഉപദേശകരുമായിട്ട് ഇവർ ഇന്ന് പട്ടം കെട്ടപ്പെടുകയാണ്. അതിന് ഇവർ പ്രാപ്തരാകേണ്ടതിന് നമുക്ക് ദൈവത്തോട് പ്രാർത്ഥിക്കാം. പരിശുദ്ധാത്മാവിന്റെ നിറവിനാൽ നിറഞ്ഞ് ഉത്തമ കാര്യവിചാരകനായി , യജമാനന്റെ ഹൃദയത്തിനൊത്ത ശുശ്രൂഷ ഉണർവ്വോടും ജാഗ്രതയോടും കൂടെ നിർവ്വഹിക്കുന്നതിന് ഈ ശെമ്മാശന്മാരെ കാഴ്ച്ചയായി ദൈവ സന്നിധിയിൽ സമർപ്പിക്കാം. ഉത്തമ നടപടികളാൽ സാക്ഷ്യമുള്ള ജീവിതത്തിനും ദൈവാലയത്തെ പരിപോഷിപ്പിക്കുന്ന ദിവ്യ ആരാധനക്കും, സുഗന്ധ ബലിക്കും, ജീവന്റെ വചനത്തിന്റെ പ്രഘോഷണത്തിനും, രോഗികളുടെ സൗഖ്യ നിദാനത്തിനും, പീഢിതരുടെ രക്ഷയ്ക്കും, മരണപ്പെടുന്നവരുടെ ഉയിർപ്പിനും ശരീരാത്മ ദേഹികളുടെ സൗഖ്യത്തിനും ഐക്യത്തിനും യേശുക്രിസ്തുവിലൂടെ സമാരംഭിച്ച ദൈവരാജ്യത്തിന്റെ കെട്ടുപണിക്കും സ്ഥിരതയ്ക്കും ദൈവ തിരുസഭയുടെ സമാധാനത്തിനും ഇവരുടെ പുതിയ വിളിയും തെരഞ്ഞെടുപ്പും ദൈവ മുഖാന്തിരമാക്കുന്നതിന് നമുക്ക് പ്രാർത്ഥിക്കാം.